Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 ഏപ്രിൽ 25—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് എറണാകുളം 1131 മേടം 13 | ലക്കം 36

സുഖസൗകര്യങ്ങളുടെ വിളനിലമാണ് ആധുനികലോകമെന്ന് ഇന്നു പൊതുവെ വിശ്വസിക്കപ്പെടുന്നു. പക്ഷെ ഇന്നും കടുവായെക്കണ്ട് വിരണ്ടോടുന്ന ബാലകൻകണക്കെ വിറളിപിടിച്ചുപായുന്ന മനുഷ്യനെയാണ് നാം കാണുന്നത്. ഈ അസ്വാസ്ഥതയുടെ കാരണം സുവിദിതമാണ്. "സമാധാനം" ഈ നാലക്ഷരത്തിന്റെ അഭാവമാണ് ഇതിനെല്ലാം കാരണം. ഇന്നു ലോകം മുഴുവൻ അതിന്റെ സങ്കല്പത്തിൽ നയനമോഹനമായ ഒരു സമാധാനസൗധം സ്വപ്നം കാണുകയാണ്. ഭാരതത്തിന്റെ ചരിത്രം പരിശോധിച്ചാൽ നാം കാണുന്നത് അത്യുന്നതമായ ആ പുരാതനസംസ്കാരമാണ്. 'ഋഷികളുടെ കാലത്തുണ്ടായിരുന്ന ആ സർവ്വോന്നതസംസ്കാരം. എന്നാൽ ഇന്നു ആ സംസ്കാരത്തിന്റെ പ്രഭാവം കുറഞ്ഞതായി കാണപ്പെടുന്നു. ഭൗതികത്വത്തിന്റെ തിരത്തള്ളലിൽപെട്ടു ആദ്ധ്യാത്മികത്വം തകർന്നുകൊണ്ടിരിക്കുന്നു. പക്ഷെ ഇന്നു ഭാരതത്തിന്റെ സാമ്പത്തികസ്ഥിതിയും വളരെ ദയനീയമാണ്. ദിവസത്തിൽ ഒരിക്കൽപോലും ആഹരിക്കുവാൻ കഴിവില്ലാതെ എരിപൊരികൊള്ളുന്ന എത്ര സഹോദരങ്ങൾ നമ്മുടെ നാട്ടിലുണ്ടെന്നുള്ള വസ്തുത പകൽപോലെ പരസ്യമായിട്ടുള്ളതാണ്. പക്ഷെ ഒരു കാര്യം നാം മനസ്സിലാക്കണം. ഭക്ഷണംമാത്രമല്ല യഥാർത്ഥസംസ്കാരത്തെ പുലർത്തുന്നത്. വസ്ത്രമല്ല സംസ്കാരത്തിന്റെ ലക്ഷണം. ധനവുമല്ല. യഥാർത്ഥസംസ്കാരത്തിന്റെ ബാഹ്യപ്രകടനമാണ് സമാധാനപൂർണ്ണമായ ഒരു ജീവിതം. സ്വാർത്ഥലാഭത്തിനും ധനലബ്ധിക്കും മാത്രമായിട്ട് സ്വജീവിതത്തെ നിയോഗിക്കുന്ന പലരേയും നാം ഇന്നു കാണുന്നുണ്ട്. പക്ഷെ അതിലും രസകരമായിട്ടുള്ളത് ഈ ഇരുപതാംനൂററാണ്ടിൽ കാണുന്ന ഒരു പുതിയ "ഫാഷനാ"ണ്— സമുദായസേവനത്തിന്റെപേരിൽ സ്വയാഭിലാഷങ്ങൾക്ക് പൂർത്തിവരുത്തുന്ന വിചിത്രമായ ഒരു "ഫാഷൻ." ഇത്തരത്തിൽ ഭൗതികത്വത്തിൽ ആണ്ടുപോയിരിക്കുന്ന വിചിത്രമായ ഈ യുഗത്തിൽ യഥാർത്ഥസേവനത്തിന്റെ അഭാവമാണ് നാം ദർശിക്കുന്നത്. പാവങ്ങളെ പന്താടാനുള്ള സംരംഭങ്ങളെ നാം പ്രതിരോധിച്ചേ മതിയാവൂ.

## കത്തോലിക്കാസാമൂഹ്യസേവനം

[ഡെന്നീസ്]

"സാമൂഹ്യസേവനം" എന്ന പദംകൊണ്ട് എന്താണ് വിവക്ഷിക്കപ്പെടുന്നത്? സഹോദരങ്ങളിൽ മനുഷ്യത്വം ദർശിച്ച് അവർക്ക ചെയ്യുന്ന ഏതൊരു നിസ്സാരസഹായവും സേവനം എന്നു വിളിക്കപ്പെടുവാൻ അർഹമാണ്. "സഹോദരങ്ങൾ" എന്നു പറയുന്നത് വിശ്വസാഹോദര്യത്തിന്റെ അടിസ്ഥാനത്തിലാണ്. നാം നമ്മുടെ ആവശ്യങ്ങൾക്ക എത്ര പ്രാധാന്യം കല്പിക്കുന്നുവോ അത്രയും, ഒരുപക്ഷേ അതിൽ കൂടുതലായി മററുള്ളവരുടെ ആവശ്യങ്ങൾക്ക നാം പ്രാധാന്യം കല്പിക്കണം. ഇത്തരം പരിതസ്ഥിതിതന്നെയാണ് യഥാർത്ഥ സംസ്കാരത്തിന്റെ ബാഹ്യലക്ഷണം.

പക്ഷെ, കത്തോലിക്കാ സാമൂഹ്യസേവനം ഈ പരിധിയിൽ ഒതുങ്ങിനില്ക്കുന്നില്ല. അതിന് കൂടുതൽ സ്പഷ്ടമായ ഒരു നിർവ്വചനം ആവശ്യമാണ്. സഹോദരനിൽ ക്രിസ്തുവിനെ ദർശിച്ചുകൊണ്ട് അവനെ സഹായിക്കുകയെന്നതാണ് കത്തോലിക്കാ സാമൂഹ്യസേവനത്തിന്റെ പ്രവർത്തനതത്വം. ഇന്നു സാമൂഹ്യസേവാസംഘങ്ങൾ പലതുമുണ്ട്. എന്നാൽ അവയിൽ പലതിന്റേയും സേവനങ്ങൾ നമ്മുടെ ആദ്യത്തെ നിർവ്വചനത്തിന്റെ പരിധിയിൽ ഒതുങ്ങിനിൽക്കുന്നവയാണ്. പക്ഷെ, കത്തോലിക്കാ സംഘടനകൾ സേവനം ചെയ്യുന്നത് വെറും ജീവകാരുണ്യചിന്തയാൽമാത്രം പ്രേരിതരായിട്ടല്ല. ക്രിസ്തുവിനെ അടിസ്ഥാനമാക്കി ചെയ്യപ്പെടുന്ന പരസ്നേഹമാണ കത്തോലിക്കാ സാമൂഹ്യസേവനത്തിന്റെ മൂലക്കല്ല്. അതുകൊണ്ടുതന്നെ അതു പവിത്രമാണ്. മനുഷ്യനായി അവതരിച്ച ദൈവകുമാരന് അതിൽ ഒരു പങ്കുണ്ടെന്നുള്ള പരമാർത്ഥം അതിന്റെ മഹത്വത്തിന് മാററുകൂട്ടുന്നു. വെറും ജീവകാരുണ്യചിന്തയാണോ ഒരു ഫാദർ ഡാമിയനെ സമ്പൽസമൃദ്ധിയുടെ മടിത്തട്ടിൽനിന്ന് കുഷ്ഠരോഗികളുടെ മദ്ധ്യത്തിലേക്കാനയിച്ചത്? കത്തോലിക്കരുടെ സാമൂഹ്യസേവനത്തിന്റെ അടിസ്ഥാനം "ക്രിസ്തുവിൽ പരസ്പരം സ്നേഹിക്കുക" എന്ന മഹൽതത്വമാണ്.



മാതൃകാതൊഴിലാളി, വിശുദ്ധ യൗസേപ്പ്

(തൊഴിലാളിമദ്ധ്യസ്ഥത്തിരുനാൾ—മെയ് 1)

സേവനം പല തുറകളിൽക്കൂടി നിർവ്വഹിക്കുവാൻ സാധിക്കും. അവയിൽ ഒന്നാണ് ആർത്ഥികസേവനം. ദാരിദ്ര്യത്തിന്റെയും പട്ടിണിയുടേയും മുഷ്ടികൾക്കിടയിൽ കിടന്ന് ഞെരുങ്ങുന്ന അനേകശതം സഹോദരങ്ങളെ നമ്മുടെ വീക്ഷണകോണത്തിൽത്തന്നെ നാം കാണുന്നുണ്ട്. ദാരിദ്ര്യത്തിന്റെ ഉഗ്രതകൊണ്ട് അവർ സംസ്കാരത്തിനും ആചാരത്തിനും എതിരായി എന്തെങ്കിലും പ്രവർത്തിച്ചാൽ നാം അവരെ പഴിക്കേണ്ടതില്ല. കാരണം, ആ സമയത്ത് അവരെ നയിക്കുന്നത് അന്തഃകരണപ്രചോദനമല്ല, പ്രത്യുത, വിശപ്പാണ്. ധനമല്ല സംസ്കാരത്തിന്റെ കാരണമെങ്കിലും പട്ടിണിയാൽ വലയുന്നവർക്ക ആർത്ഥികമായ സേവനങ്ങൾ ചെയ്യുന്നതോടൊപ്പം സംസ്കാരത്തിന്റെയും സമാധാനപൂർണ്ണമായ ഒരു ജീവിതത്തിന്റെയും സാധനപാഠങ്ങൾ നൽകുന്നത് ഫലപ്രദമായിരിക്കുന്നതാണ്.

സമുദായസേവനത്തിനുള്ള ഏററവും ഫലപ്രദമായ ഒരു മാർഗ്ഗം കായികസേവനമാണ്. ധനാഢ്യമാർഗ്ഗങ്ങളെ കാര്യമായി ആശ്രയിക്കേണ്ടതില്ല എന്നതാണ ഇതിന്റെ ഒരു ഗുണം. യുവലോകത്തിന്റെ കഴിവു നിസ്സീമമാണ്. ഈ കഴിവിന്റെ ബാഹ്യപ്രകടനം പലേടത്തും നാം കാണുന്നുണ്ട്. അതിനാൽ യുവാക്കളായ നമുക്ക കൂടുതൽ സ്വീകാര്യമായ മാർഗ്ഗമാണിതെന്ന് ഞാൻ വിശ്വസിക്കുന്നു. ചൊടിയും ചൊറുചൊറുക്കുമുള്ള ചുണക്കുട്ടന്മാർ അടർക്കളത്തിലേക്കിറങ്ങുമ്പോൾ പട്ടിണിപ്പാവങ്ങൾ ഉദ്ധരിക്കപ്പെടും; രാജ്യമൊട്ടാകെ സമൃദ്ധിയിൽനിന്ന് സമൃദ്ധിയിലേക്ക കുതിച്ചുകൊണ്ടിരിക്കും.

ആരോഗ്യപരമായ സേവനം ജനസമുദായത്തിന്റെ പൊതുവായ ഉൽക്കർഷത്തിനു വളരെ സഹായിക്കും. ഇന്ന് ഭാരതത്തിൽ ആരോഗ്യത്തിന്റെ നിലവാരം വളരെ താഴ്ന്നുപോയിട്ടുണ്ട്. ഭാരതത്തിന് ഇന്ന് ആരോഗ്യദൃഢഗാത്രരായ അനേകം യുവതീയുവാക്കന്മാരെ ആവശ്യമുണ്ട്, ഒരു നല്ല "നാളെ"യെ കെട്ടിപ്പടുക്കുവാൻ. നമ്മുടെ ഗ്രാമങ്ങളിൽ മാത്രമല്ല, പട്ടണങ്ങളിൽ പോലും ശുചിത്വത്തിന്റെ അടയാളംപോലും കാണുന്നില്ല. മനസ്സും ശരീരവും ശുദ്ധമായി സൂക്ഷിക്കുന്നതിനുള്ള ഉപദേശം നൽകുന്നതും നിസ്സാരരോഗങ്ങളിൽ പ്രഥമശുശ്രൂഷചെയ്യുന്നവിധം സാമാന്യജനങ്ങളെ അഭ്യസിപ്പിക്കുന്നതും ഉപകാരപ്രദമായിരിക്കും.

ഒരു സേവകനു് ഏററവും അത്യാവശ്യമായിട്ടുള്ളത് സേവനസന്നദ്ധമായ ഒരു മനസ്സാണ്. സർവ്വോപരി, സമുദായത്തിന്റെ പൊതുവായ ഉന്നതിയായിരിക്കണം നമ്മുടെ ലക്ഷ്യം. സ്വന്തം കീർത്തിയെ ലക്ഷ്യമാക്കി ഒരിക്കലും സാമൂഹ്യസേവനത്തിനിറങ്ങരുത്. അതു അപകടകരമാ

(ശേഷം 3-ാംപേജിൽ)

# ഇടവകയും മരിയസൈന്യവും

(മേരി തോമസ് വളവി)

"ക്രിസ്തുവിനെ ഉപേക്ഷിച്ചിട്ടുള്ള എല്ലാ ജനവിഭാഗങ്ങളേയും അങ്ങയിലേക്ക് പ്രത്യാനയിപ്പിക്കുന്നതിനു്, ആ ജനവിഭാഗങ്ങളിൽനിന്നുതന്നെ, അവരുടെ മനോഭാവങ്ങളും മനോരഥങ്ങളും അറിയുന്നവരും, സ്നേഹത്താലും സഹോദര്യത്താലും അവരുടെ ഹൃദയങ്ങളെ കവർന്നെടുക്കുവാൻ പ്രാപ്തരുമായ സഹായസൈനികരെ സമസ്തുവണ്ടി ശേഖരിക്കുകയും പരിശീലിപ്പിക്കുകയും വേണം." 11-ാം പീയൂസ് മാർപ്പാപ്പയുടെ ഒരു വിശ്വലേഖനത്തിലെ ഏതാനും ചില വരികളാണ് മേലുദ്ധരിച്ചതു്. ഒരു തൊഴിലാളി പ്രവർത്തകനോട് ഒരിക്കൽ നമ്മുടെ പ: പിതാവ് 12-ാം പീയൂസ് മാർപ്പാപ്പാ പറയുകയുണ്ടായി, "എനിക്കു റേഡിയോവിൽക്കൂടെ പ്രസംഗങ്ങൾ പ്രക്ഷേപണംചെയ്യാം; ചാക്രികലേഖനങ്ങൾ എഴുതാം......എന്നാൽ എനിക്ക് കല്ക്കരിഖനികളിലോ, തൊഴിൽശാലകളിലോ, ഓഫീസുകളിലോ പോകുവാൻ സാധ്യമല്ല. ഈ സ്ഥലങ്ങളിൽ മെത്രാന്മാർക്കും വൈദികർക്കും പ്രവേശനം നിഷിദ്ധമായിരിക്കയാണ്. അതിനാൽ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ തിരുസ്സഭയെ പ്രതിനിധീകരിക്കുന്നതിനു് സമർത്ഥരും ചാതുര്യമുള്ള ധാരാളം അൽമായമിഷനറിമാരെ തിരുസ്സഭയ്ക്കു് ആവശ്യമായിരിക്കുന്നു"വെന്നു്.

നമ്മുടെ പ: പിതാക്കന്മാർ ആഗ്രഹിക്കുന്ന ഈ അൽമായമിഷനറിമാരെ വാർത്തെടുക്കുന്ന ഒരു സംഘടനയുണ്ടെങ്കിൽ അതു "മരിയസൈന്യം" അഥവാ "ലീജിയൻ ഓഫ് മേരി"യാണ്. വൈദികരെന്ന നിലയിൽ പ്രവേശനം നിഷിദ്ധമായിരിക്കുന്ന പല സ്ഥലങ്ങളിൽ ഇവർക്ക് നിഷ്പ്രയാസം പ്രവേശിക്കുവാൻ സാധിക്കും. വൈദികോചിതമായ മനോഭാവവും വീക്ഷണഗതിയുമുള്ള ഈ അൽമായഗണം വൈദികരും ജനസമുദായവുമായി കൂടുതൽ സമ്പർക്കമുണ്ടാക്കുകയും, വൈദികരുടെ ജോലി എളുപ്പമാക്കിത്തീർക്കുകയും ചെയ്യുന്നു.

ഒരിടവകയിലെ ലീജിയന്റെ ആദ്ധ്യാത്മികനിയന്താവായ വൈദികൻ ഒരിക്കൽ പറയുകയുണ്ടായി, "അനുദിനമുള്ള ദിവ്യപൂജാർപ്പണമല്ലായിരുന്നുവെങ്കിൽ, ഞാൻ നാളെമുതൽക്കു് ഇവിടെനിന്നു പോയാലും, എന്റെ ഇടവക ലീജിയനംഗങ്ങളുടെ കൈയിൽ സുരക്ഷിതമായിരിക്കു"മെന്നു്. ചൈനയിലെ മതപീഡനചരിത്രം ഇതു തെളിയിച്ചുകഴിഞ്ഞു. വൈദികർക്ക് പരസ്യമായും രഹസ്യമായും തങ്ങളുടെ അജഗണങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുവാൻ സാധിക്കാതെവന്ന അവസരങ്ങളിൽ, അവരെ സഹായിക്കുവാൻ മുന്നോട്ടുവന്ന ആ അജ്ഞാതയോദ്ധാക്കൾ മരിയസൈനികരായിരുന്നു. വൈദികരെയെല്ലാം വധിക്കുകയോ നാടുകടത്തുകയോ ചെയ്തെങ്കിലും ചൈനയിലെ കത്തോലിക്കാസഭ ലീജിയനംഗങ്ങളുടെ കൈയിൽ സുരക്ഷിതമായിരുന്നു. അതുകൊണ്ടാണ് അധികാരികൾ രണ്ടാമതായി ലീജിയൻ ഓഫ് മേരിയംഗങ്ങളെ തേടിപ്പിടിക്കുവാൻ ആരംഭിച്ചതു്. ഈ സൈനികരിൽ ആയിരങ്ങളുടെ ചുടുരക്തംകൊണ്ടു് നനഞ്ഞതാണു് ചൈനയിലെ മൺതരികൾ. പക്ഷേ നായികയായ മറിയത്തിന്റെ കൊടിക്കീഴിൽ അണിനിരന്നുകൊണ്ടാണ് അവർ ധൈര്യം ചെയ്യുന്നതു്. മറിയത്തിനു് ഒരിക്കലും ഒരു സ്ഥലത്തും പരാജയം സംഭവിച്ചിട്ടില്ല—സംഭവിക്കയുമില്ല. ഇതാണ് ചൈനയിലെ കത്തോലിക്കാസഭയുടെ വിജയരഹസ്യം. ഇതു മനസ്സിലാക്കിക്കൊണ്ടാണ് ചൈനയിലെ അപ്പസ്തോലിക്ക് ഇന്റർനൺഷ്യോ ആയ ബിഷപ്പ് റിബേരി പറയുന്നതു്, "ലീജിയൻ ഓഫ് മേരി, ആധുനികലോകത്തിനു് മറിയം കൊടുത്ത ഏറ്റം വലിയ സമ്മാനമാണെന്നു്".

വിസ്തൃതമായ ഒരിടവകയിലെ വികാരിക്ക് ഇടവകഭരണം മുഴുവൻ തനിയെ നിർവ്വഹിക്കുക സാദ്ധ്യമല്ല. ഒന്നോ രണ്ടോ അസിസ്റ്റന്റിമാരെ കിട്ടിയാൽ നന്നായിരുന്നുവെന്ന ഘട്ടത്തിലായി. ആയിടയ്ക്കു 30 അംഗങ്ങളോടുകൂടിയ ഒരു മരിയസൈന്യശാഖ അവിടെ സ്ഥാപിതമായി. കുറേക്കഴിഞ്ഞപ്പോൾ അദ്ദേഹം പറയുകയാണ്, "എനിക്കിപ്പോൾ ഒന്നല്ല 30 അസിസ്റ്റന്റിമാരുണ്ട്. അവർ അഭിഷേകംചെയ്യപ്പെട്ട പുരോഹിതന്മാരല്ല എന്നു മാത്രം."

ഒരു വൈദികന്റെ ചുറ്റും അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തികളായി, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ സദാ സന്നദ്ധതയുള്ള ഒരുക്കൂട്ടം ഭക്തജനങ്ങളുള്ളതു് തീർച്ചയായും അദ്ദേഹത്തിനു് ആശ്വാസപ്രദമായിരിക്കും. നമ്മുടെ കർത്താവുതന്നെ ലോകത്തെ രക്ഷിക്കുവാൻ ആഗതനായപ്പോൾ തന്റെ പ്രവൃത്തിയിൽ തന്നെ സഹായിക്കുവാൻ 12 പേരെ തിരഞ്ഞെടുത്തു. അവിടുന്നു അവരെ പരിശീലിപ്പിക്കുകയും പഠിപ്പിക്കുകയുംചെയ്തു. ഈ ദിവ്യരക്ഷകനെ അനുകരിച്ചു് അപ്പസ്തോലന്മാർ അവരെ സഹായിക്കുവാൻ വിശ്വാസികളെ എല്ലാവരേയും ആഹ്വാനംചെയ്തു. ഇപ്പോഴും വിളി തുടർന്നുകൊണ്ടിരിക്കുന്നു.

അൽമായപ്രേഷിതത്വത്തിനുള്ള ഈ ക്ഷണം സ്വീകരിക്കുന്നവർക്ക് അതിനുള്ള പോംവഴികൾ കാണിച്ചുകൊടുക്കാതിരുന്നാൽ ആ ക്ഷണം നിഷ്ഫലമായിത്തീരും. അവരുടെ പ്രവണതയെ സുവിശേഷത്തിലെ താലന്തുപോലെ മണ്ണിനടിയിൽ ഇടുവാൻ അനുവദിക്കരുത്. അതിനാൽ ഒരു പ്രേഷിതസംഘടനയുടെ രൂപത്തിലുള്ള ഏതെങ്കിലും "പ്രവർത്തനസംഘടന" എല്ലാ ഇടവകകളിലും രൂപീകൃതമാകണം.

"സുവിശേഷത്തിലെ കൃഷിവലനെപ്പോലെ വൈദികൻ ഉദയംമുതൽ അസ്തമനംവരെ എല്ലാ മണിക്കൂറുകളിലും തെരുവീഥികളിൽചെന്നു്, കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ വേലചെയ്യുവാൻ വേലക്കാരെ വിളിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ഒരാഹ്വാനം ലഭിച്ചില്ലെങ്കിൽ അവരിൽ പലരും ദിവസം മുഴുവൻ ജോലിയില്ലാതെ അലസരായി അവിടെ തന്നെ നില്ക്കുവാൻ ഇടവരും."


(Manual of Catholic Action)

ലീജിയൻ ഓഫ് മേരി ഇടവകയുടെ ഒരു സ്വത്താണ്. അതു് മറ്റുള്ള എല്ലാ ഭക്തസംഘടനകളേയും ഉത്തേജിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ലീജിയൻ തുടങ്ങുവാൻ വൈമനസ്യം പ്രദർശിപ്പിക്കുന്ന എല്ലാവരും തന്നെ ലീജിയനുമായി അടുത്തു പരിചയപ്പെട്ടുകഴിയുമ്പോൾ, അതിനെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നുവെന്നുള്ളതു് അനുഭവംകൊണ്ടു മനസ്സിലാക്കുവാൻ സാധിക്കുന്ന ഒരു വാസ്തവമാണ്. കാരണം ഈ സൈന്യത്തിന്റെ നായിക ഏതു പ്രതിബന്ധങ്ങളേയും തരണംചെയ്യുവാൻ പ്രാപ്തയാണ്. അവിടുത്തേക്കു അസാദ്ധ്യമായി യാതൊന്നുമില്ല. അവിടുന്നു ദൈവമാതാവാണ്.

മരിയസൈന്യത്തിന്റെ ഒരു ശാഖ തുടങ്ങുന്നതിനു ആദ്യം ഏഴോ അംഗങ്ങൾമാത്രമായാലും മതിയാകുന്നതാണ്. ക്രമേണ അംഗങ്ങളുടെ സംഖ്യ വർദ്ധിച്ചുകൊള്ളും. ആദ്ധ്യാത്മികപിതാവിന്റെ നിയന്ത്രണത്തിൻകീഴിൽ നിയമങ്ങൾ കൃത്യമായി അനുസരിച്ചുകൊണ്ടുപോരുന്ന ഒരു സൈന്യശാഖയുടെ പ്രവർത്തനം ഒരു കാലത്തും മുടങ്ങിപ്പോകുകയില്ല.

പ്രത്യേകിച്ച് ജോലിയൊന്നുമില്ലാത്തവരാണ്, അല്ലെങ്കിൽ സ്ത്രീകൾമാത്രമാണ് ലീജിയനിൽ ചേരുന്നതു് എന്നൊക്കെ ചിലർക്കു ഒരു തെറ്റിദ്ധാരണയുണ്ട്. വാസ്തവം നേരെ മറിച്ചാണ്. സ്ത്രീപുരുഷഭേദമെന്യേ എല്ലാവർക്കും ഇതിന്റെ അംഗങ്ങളാകാവുന്നതാണ്. സാധാരണയായി സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാർക്ക് സംഘടനകൾ കുറവാണ്. കുറേപ്പേരൊക്കെ വിൻസെന്റു് ഡി പോൾ സംഘത്തിൽ ചേർന്നിട്ടുണ്ടായിരിക്കും. എന്നാൽ യുവാക്കന്മാരിൽപ്പെടെ പലരും ഒരു സംഘടനയിലും ചേരാത്തവരുണ്ട്. അവരെ പരിശീലിപ്പിച്ചു പ്രവർത്തനനിരതരാക്കിത്തീർക്കുവാൻ—തിരുസ്സഭയ്ക്കുവേണ്ടി പോരാടുവാനുള്ള സുശിക്ഷിതമായ ഒരു സൈന്യമാക്കിത്തീർക്കുവാൻ—പറ്റിയ ഒരു സംഘടനയാണ് ലീജിയൻ.

അങ്ങനെ, "ഞാൻ നല്ല ഇടയനാകുന്നു; ഞാൻ എന്റെ ആടുകളെ അറിയുകയുംചെയ്യുന്നു" എന്നും "എന്നാൽ ഈ തൊഴുത്തിൽ ഉള്ളവയല്ലാത്ത വേറെ ആടുകളും എനിക്കുണ്ട്; അവയേയും ഞാൻ കൊണ്ടുവരേണ്ടതാകുന്നു" എന്നുമുള്ള ദിവ്യരക്ഷകന്റെ വാക്കുകൾ അക്ഷരംപ്രതി നിവർത്തിതമാകുവാൻവേണ്ടി മരിയസൈന്യശാഖകൾ എല്ലാ ഇടവകകളിലും സ്ഥാപിതമാവുകയും പ്രവർത്തനം നടത്തുകയും ചെയ്യുവാൻ സൈന്യനായികയായ ദൈവമാതാവു് ഇടവരുത്തട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.



ആരക്കുഴപള്ളി ഇടവക കുരുപ്പാമഠത്തിൽ മി. കെ. എം. ജോസഫും, പാലാ വലിയപള്ളി ഇടവക കൊട്ടാരത്തിൽ കുമാരി മേരിയും തമ്മിലുള്ള വിവാഹം 1956 ഏപ്രിൽമാസം 11-ാംനു ബുധനാഴ്ച ആരക്കുഴ ഫൊറോനാപള്ളിയിൽവച്ച് നടന്നിരിക്കുന്നു. റവ. ഫാദർ ജേക്കബ് കുന്നപ്പള്ളിൽ അവർകളാണ് വിവാഹം ആശീർവദിച്ചതു്.

ആദ്ധ്യാത്മികവീഥി

# പരിത്യാഗത്തിന്റെ ആവശ്യകത

(തുടർച്ച)

ദൈവത്തിന്റെ വത്സലമക്കളേ,

മനുഷ്യൻ ബുദ്ധിയുള്ള ജീവി ആയിരിക്കുന്നതിനാൽ അവൻ ബുദ്ധികൂടി പ്രയോഗിച്ചു നൈസർഗ്ഗികവാസനകളെ നിയന്ത്രിക്കണമെന്നാണ് സ്രഷ്ടാവിന്റെ ഉദ്ദേശ്യമെന്നു നാം കണ്ടുകഴിഞ്ഞു. മനുഷ്യന്റെ വെറും സ്വാഭാവികജീവിതാഭിവൃദ്ധിക്കുതന്നെ ഇതാവശ്യമാണ്.

ശാസ്ത്രത്തിന്റെ പുരോഗമനത്തോടുകൂടി മനുഷ്യശരീരത്തിനു ആവശ്യമായ എല്ലാ പോഷകാംശങ്ങളും ആവശ്യാനുസരണമായ അളവിൽ ഉള്ള ഭക്ഷണസാധനങ്ങൾ കൊടുത്തു, ശരിയായ വ്യായാമവും ശുദ്ധവായുവും വിശ്രമവും നൽകിയും ആരോഗ്യദൃഢഗാത്രവും ദീർഘായുസ്സും ഉള്ള ഒരു തലമുറയെ ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ ബുദ്ധിയുടെ പ്രയോഗത്താൽ മസൂരി, മലമ്പനി, മുതലായ ചില രോഗങ്ങളെ ചില രാജ്യങ്ങളിൽനിന്നു നിശ്ശേഷം അകറ്റിനിറുത്തുന്നതിനും മനുഷ്യനു കഴിഞ്ഞിട്ടുണ്ട്. ഇവിടെയെല്ലാം വെറും നൈസർഗ്ഗികവാസനയല്ല പ്രകൃത ബുദ്ധിപൂർവ്വമായ ചില നിയന്ത്രണങ്ങളാണ് അവനു സഹായകമായിട്ടുള്ളത്.

മനുഷ്യനു മാത്രമല്ല അവന്റെ ഉപയോഗത്തിനുള്ള സസ്യങ്ങൾക്കും ജന്തുക്കൾക്കും ബുദ്ധിപൂർവ്വമായ നിയന്ത്രണങ്ങളാൽ വളരെ അഭിവൃദ്ധിയുണ്ടാക്കാൻ അവനു കഴിഞ്ഞിട്ടുണ്ട്. പ്രകൃത്യാ അരിവിണ മുളച്ചുവരുന്ന സസ്യങ്ങൾ ഗ്രാഫ്റ്റു് ചെയ്ത് എണ്ണത്തിലും ഗുണത്തിലും കൂടുതൽ വിശേഷമായ പുഷ്പങ്ങളും ഫലങ്ങളും പുറപ്പെടുവിക്കുന്നവയാക്കുവാൻ മനുഷ്യനു സാധിച്ചിട്ടുണ്ട്. അവ പ്രകൃത്യാ വളർന്നുവന്നിരുന്ന സ്ഥലസാഹചര്യങ്ങളിൽനിന്നു മാറ്റി കൂടുതൽ സൂര്യപ്രകാശവും വളവും ലഭിക്കുന്നതിനു സൗകര്യപ്പെടുത്തിക്കൊടുത്തതിന്റെ ഫലമായി ഉയരത്തിലും വണ്ണത്തിലും മറ്റു ഗുണങ്ങളിലും അഭിവൃദ്ധിപ്പെട്ടിട്ടുള്ളതായി നാം കാണുന്നു. മുന്തിരി ധാരാളം ഫലം പുറപ്പെടുവിക്കുന്നതിനായി അതിന്റെ തണ്ടു മുറിച്ചുകളയുകയും ചുവട്ടിൽനിന്നു മണ്ണുമാറ്റി കുറച്ചു കാലത്തേക്കു വെയിലു കൊള്ളിക്കയും ചെയ്യാറുണ്ടല്ലോ. അതുപോലെ റോസച്ചെടിയും ധാരാളം പുഷ്പം ലഭിക്കുന്നതിനായി ഇടയ്ക്കു മുറിക്കാറുണ്ട്.


മൃഗങ്ങളെ സംബന്ധിച്ചും ഇതു തന്നെ പറയാം. സ്വതന്ത്രമായി വിടാതെ ഭക്ഷണത്തിന്റെ കാര്യത്തിലും സന്താനോല്പാദനത്തിന്റെ കാര്യത്തിലും ബുദ്ധിപൂർവ്വമായ ചില നിയന്ത്രണങ്ങൾ വച്ചുകൊണ്ടല്ലയോ വളരെ വിശേഷപ്പെട്ട ഇനം കുതിരകളേയും കന്നുകാലികളേയും, നായ്ക്കളേയും മറ്റും നമ്മുടെ ഉപയോഗത്തിനായി ലഭിക്കാൻ സാധിച്ചിട്ടുള്ളതു്?

മേല്പറഞ്ഞ നിയന്ത്രണങ്ങളിലെല്ലാം സ്വാഭാവിക ചാച്ചിലുകളെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ നിരോധിക്കയോ നിഗ്രഹിക്കയോ ചെയ്യേണ്ടതായി വന്നിട്ടുണ്ട്. അതിനാൽ മനുഷ്യന്റെയും മറ്റു ജീവജാലങ്ങളുടെയും വെറും ഭൗതികമായ അഭിവൃദ്ധിക്കുപോലും പരിത്യാഗപരമായ നിയന്ത്രണം അത്യന്താപേക്ഷിതമാണെന്നു വിശദമാകുന്നു.

എന്നു്

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്.

For favours received




Excuse delay
E. I. Sebastian
St. Mary's Stores, Mala

# പരാജയപ്പെടുന്ന കമ്മ്യൂണിസം

(കെ. വി. സെബാസ്റ്റ്യൻ)

നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിയെ ബലംപ്രയോഗിച്ചു മറിച്ചിട്ടുകൊണ്ടുവേണം തൊഴിലാളിവർഗ്ഗത്തിന്റെ ഭരണകൂടം സ്ഥാപിക്കാനെന്നു് മാർക്സിസം-ലെനിനിസം പഠിപ്പിക്കുന്നു. സോവ്യററുറഷ്യയിലും ചൈനയിലും കിഴക്കൻയൂറോപ്യൻ രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നതു് ഈ തത്വത്തിന്റെ പ്രയോഗത്തിൽ കൂടിയാണു്. ഓരോന്നിന്റെയും "മോചന"ത്തിനു് അവലംബിച്ച രീതികൾ തമ്മിൽ വ്യത്യാസമുണ്ടെന്നുമാത്രം.

ബലപ്രയോഗത്തിനു് അതിന്റേതായ തകരാറുകളുണ്ടു്. ആ തകരാറുകൾ അനിവാര്യങ്ങളുമാണു്. ഒരാൾ മറെറാരാളുടെമേൽ, ഒരു സമുദായം മറെറാരു സമുദായത്തിന്റെമേൽ, ഒരു രാഷ്ട്രം മറെറാരു രാഷ്ട്രത്തിന്റെമേൽ ബലംപ്രയോഗിക്കുമ്പോൾ അതിനു വിധേയമാകുന്ന വ്യക്തിക്കു്, സമുദായത്തിനു്, രാഷ്ട്രത്തിനു് ആ പ്രയോഗത്തോടുള്ള എതിർപ്പും സ്വാഭാവികമാണു്. ഒരു കാലത്തു് അടിമക്കച്ചവടം നിയമവിധേയമായിരുന്നു. കറുത്തവർഗ്ഗത്തിൽപ്പെട്ട പാവങ്ങളെ എന്നന്നേക്കുമായി അവരുടെ നാട്ടിൽനിന്നും ബന്ധുക്കളിൽനിന്നുമകററി ദൂരദേശങ്ങളിൽ കൊണ്ടുപോയി വിററിരുന്നു. ഉടമസ്ഥന്മാർ കൂടുതലായി ആരും അടിമയെ കരുതിയിരുന്നില്ല. വിലകൊടുത്തവനു് തന്റെ അടിമയെ തല്ലുകയോ കൊല്ലുകയോ ചെയ്യുന്നതിനും വിരോധമുണ്ടായിരുന്നില്ല. കഴിവില്ലായ്മ ഒന്നുകൊണ്ടുമാത്രമാണു് അടിമകൾ തങ്ങളുടെ വിധിക്കു് കീഴടങ്ങിയിരുന്നതു്. കാലക്രമേണ അടിമക്കച്ചവടത്തിനെതിരായി ജനഹൃദയങ്ങളിൽ കോളിളക്കമുണ്ടാകത്തക്കവിധത്തിൽ ആ സമ്പ്രദായത്തോടുള്ള പ്രതിഷേധവും വളർന്നു. അങ്ങനെ നിയമംകൊണ്ടുതന്നെ അടിമക്കച്ചവടം നിരോധിക്കേണ്ടതായിവന്നു. ഇതുപോലെതന്നെയാണു് സമുദായങ്ങളുടേയും രാഷ്ട്രങ്ങളുടേയും മേലുള്ള കൈകയേററങ്ങൾ. ദീർഘകാലം അധിശക്തികളുടെ നുകത്തിൻകീഴിൽ യാതനയനുഭവിച്ചിരുന്ന ജനവിഭാഗങ്ങൾ ഇന്നു സ്വതന്ത്രങ്ങളായിരിക്കുന്നു. കൊളോണിയലിസം ഇനിയും തലപൊക്കാൻ വയ്യാത്തവിധം തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കയാണു്.

ഇതു മുതലാളിത്തകാലഘട്ടമാണു്. മുതലാളിമാർ ആരംഭകാലത്തു് യാതൊരു വ്യവസ്ഥയുമില്ലാതെ തൊഴിലാളികളെ ക്ലേശിപ്പിച്ചിരുന്നു. ഇങ്ങനെയുള്ള ഹൃദയശൂന്യമായ മർദ്ദനങ്ങൾക്കെതിരായി തൊഴിലാളികൾ ഉണർന്നു. അവർ സ്വന്തം സംഘടനകളുണ്ടാക്കി ഒന്നിച്ചുനിന്നു അവകാശങ്ങൾക്കുവേണ്ടി സമരം ആരംഭിച്ചു. മുതലാളിത്തം അനിവാര്യമായ നാശത്തിലേക്കു നീങ്ങുകയുമായി.

ഇതിൽനിന്നു മുൻപറഞ്ഞ ആശയത്തിനു് ബലം കൂടുന്നതായിട്ടാണു കാണുന്നതു്. ഒരു വിഭാഗത്തിനു മറെറാരു വിഭാഗത്തെ അധികകാലത്തേക്കു കാൽക്കീഴിൽ ഇട്ടുകൊണ്ടിരിക്കുക സാദ്ധ്യമല്ല. ബലം ഉപയോഗിക്കുന്നതുകൊണ്ടു് അസമാധാനം ഇല്ലാതാവുകയല്ല വർദ്ധിക്കുകയാണു ചെയ്യുക. ബലം പ്രയോഗിച്ചു് കൈയടക്കുന്ന രാഷ്ട്രീയാധികാരത്തിന്റെ ഗതിയും വ്യത്യസ്തമാവുകയില്ല. ഇതിന്റെ ഉദാഹരണങ്ങൾ സോവ്യററുറഷ്യയിലും കിഴക്കൻയൂറോപ്യൻരാജ്യങ്ങളിലും ചുവപ്പുചൈനയിലും വ്യക്തമായി കാണപ്പെടുന്നുണ്ടുതാനും. കമ്മ്യൂണിസ്റ്റു ഗവമ്മെൻറുകൾ രൂപമെടുക്കുമ്പോൾ ലോകത്തിലൊരിടത്തുമില്ലാത്തവിധത്തിൽ സുശക്തമായ രഹസ്യപ്പോലീസ് സംഘടിപ്പിക്കുന്നതിൽ അവർ പ്രത്യേകതാല്പര്യം കാണിക്കുന്നു. "പ്രതിവിപ്ലവകാരി"കളെ ഫലപ്രദമായി നേരിടുന്നതിനുള്ള ഉപാധികളിലൊന്നാണിതു്. ഇതുമൂലം ഒരു പൗരനു് രഹസ്യപ്പോലീസിനെപ്പററിയുള്ള ഭീതിയിൽനിന്നു് ഒരു നിമിഷംപോലും വിമുക്തനായിരിക്കുക സാദ്ധ്യമല്ല. കമ്മ്യൂണിസ്റ്റു ഭരണം ആരംഭിച്ചിട്ടു് നാല്പതോളം വർഷങ്ങളായെങ്കിലും സോവ്യററു് റഷ്യയിൽ രഹസ്യപ്പോലീസിന്റെ അധികാരങ്ങളും ശക്തിയും തെല്ലുപോലും കുറഞ്ഞിട്ടില്ല. സോഷ്യലിസത്തിൽനിന്നു കമ്മ്യൂണിസത്തിലേക്കു് "അനുസ്യൂതം പുരോഗമിച്ചുകൊണ്ടിരിക്കുന്ന" ആ രാജ്യത്തെ ജനങ്ങളിൽ ഇന്നും ഒററുകാരും ചതിയന്മാരും പ്രതിവിപ്ലവകാരികളുമുണ്ടു്! സാധാരണക്കാരുടെയിടയിൽ മാത്രമല്ല പട്ടാളക്കാരുടേയും ഉയർന്ന ഉദ്യോഗസ്ഥന്മാരുടേയുമിടയിൽപോലും ശുദ്ധീകരണകർമ്മം നടത്തേണ്ടതായി വരുന്നു. യഥാർത്ഥപ്രജാധിപത്യം നിലവിലിരിക്കുന്ന രാജ്യത്തു്, നാല്പതുവർഷത്തോളം സോഷ്യലിസത്തിൽ മുന്നേറിയ ഒരു രാജ്യത്തു്, "ജനഹിത"ത്തിൽനിന്നു് എള്ളിട വ്യതിചലിക്കാത്ത ഭരണം നടക്കുന്ന രാജ്യത്തു് ഈ മാതിരി കരുതൽനടപടികളുടെ ആവശ്യമെന്താണു്? പുതിയ ഭരണത്തോടെതിർപ്പുള്ള ഒരു വിഭാഗം ഇന്നും റഷ്യയിലുണ്ടെന്നല്ലേ ഇതിന്റെ അർത്ഥം?

1917-ൽ റഷ്യയിൽ വിപ്ലവം നടന്നു. അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ "ഭൗമികപറുദീസാ" രൂപമെടുക്കുകയായിരുന്നു. കഠിനമായ പ്രയത്നംകൊണ്ടുമാത്രമേ അതു പണിതുയർത്താൻ കഴിയുവെന്നു് നേതാക്കൾ പറഞ്ഞു. ഒരു പുതിയ സമ്പദ്‌വ്യവസ്ഥയുടെ നിർമ്മിതിക്കു് കഠിനപ്രയത്നവും ത്യാഗപൂർണ്ണങ്ങളായ സേവനങ്ങളും ഒഴിച്ചുകൂടാത്തവയാണു്. വിപ്ലവനേതാക്കന്മാർക്കു ജനങ്ങളുടെ ആവേശകരമായ പിൻതുണയും സഹകരണവും ലഭിച്ചു. വേലക്കാരന്റെ കൈകളിലേക്കു നിയന്ത്രണമില്ലാതെ എല്ലാം വിട്ടുകൊടുക്കുന്നതു് രാജ്യത്തിന്റെ ഭദ്രതയെ തകരാറിലാക്കുമെന്നു ലെനിൻ പറഞ്ഞു. മാററിനിർത്തപ്പെട്ടിരുന്ന ബൂർഷ്വാവിദഗ്ദ്ധന്മാരെ എൻ. ഇ. പി. (New economic policy)യുടെ വിജയത്തിനുവേണ്ടി തിരിയെ വിളിച്ചു. ട്രേഡ്‌യൂണിയനുകളെ പാർട്ടിയുടെപരിപൂർണ്ണനിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാവശ്യമായിത്തീർന്നു. ട്രേഡ്‌യൂണിയനുകളുടെ സ്വയംശാസനാവകാശം ബലികഴിക്കാൻ മനസ്സില്ലാതിരുന്ന യൂണിയൻനേതാക്കന്മാരെ മാററിനിർത്തുന്നതിലായി പാർട്ടിനേതാക്കളുടെ ശ്രദ്ധ. 1921 ആയപ്പോഴേക്കും കുഴപ്പം മൂർദ്ധന്യാവസ്ഥയിലെത്തി. ധനവിനിമയാധികാരം പൂർണ്ണമായും തങ്ങൾക്കു വേണമെന്നു് ഒരു വിഭാഗം തൊഴിലാളികൾ വാദിക്കാൻതുടങ്ങി. പാർട്ടിമേധാവിത്വത്തിനു് ഒരു കനത്ത അടിയായിരുന്നു ഇതു്. ട്രോട്സ്കിയും ലെനിനും ഈ വാദഗതിയെ തീവ്രമായി എതിർത്തു. സ്വയംശാസനാധികാരത്തിനു വേണ്ടിയുള്ള സമരം പരാജയപ്പെടുകതന്നെചെയ്തു. സ്വതന്ത്രട്രേഡ്‌യൂണിയൻനേതാക്കന്മാരെയെല്ലാം സെൻട്രൽകമ്മിററി നീക്കംചെയ്തു. തൽസ്ഥാനങ്ങളിൽ "വിശ്വസ്തരായ" മററാളുകളെ നിയമിച്ചു. 1930 തോടുകൂടി സെൻട്രൽകമ്മിററിയുടെ വെറും പാവകളെന്ന നിലയിലേക്കു ട്രേഡ്‌യൂണിയനുകൾ അധഃപതിച്ചു. പാർട്ടിയുടെ ആജ്ഞകൾ നടപ്പാക്കാനല്ലാതെ കൂട്ടായി വിലപേശുന്നതിനോ പണിമുടക്കുകൾ നടത്തുന്നതിനോ ഉള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു. (ഇൻഡ്യയിലെ ട്രേഡ്‌യൂണിയനുകളുടെ കഥയും വ്യത്യസ്തമല്ല. പാർട്ടിതാല്പര്യങ്ങളുടെ നിർവ്വഹണത്തിനുവേണ്ടി നിലകൊള്ളുന്ന വെറും സംഘടനകളായി അവ മാറിയിട്ടുണ്ടു്. തന്മൂലം തൊഴിലാളിയുടെ അവകാശസംരക്ഷണം എന്ന മുഖ്യപ്രശ്നത്തിൽനിന്നു് യൂണിയനുകൾ പലപ്പോഴും അകന്നുപോകുന്നു)

തൊഴിൽനിയമങ്ങളുടെ കാഠിന്യം വർദ്ധിച്ചുകൊണ്ടേയിരുന്നു. തക്കതായ കാരണംകൂടാതെ മൂന്നു ദിവസം തുടർച്ചയായി വേലയ്ക്കു ഹാജരാകാതിരിക്കുന്ന വേലക്കാരനെ പിരിച്ചുവിടാമെന്നു് 1922 ൽ നിയമമുണ്ടായി. 1927 ആയപ്പോഴേക്കും ഒരു മാസത്തിലെ ഏതെങ്കിലും മൂന്നുദിവസം ജോലിക്കു ഹാജരാകാത്തവരെ പിരിച്ചുവിടാമെന്നായി. കുറേക്കൂടികഴിഞ്ഞപ്പോൾ അകാരണമായി ജോലിക്കു ഹാജരാകാത്ത തൊഴിലാളിയെ ജയിലിലടയ്ക്കാൻപോലും നിയമമുണ്ടായി. തൊഴിലാളിയുടെ ഇഷ്ടാനിഷ്ടങ്ങൾ വകവയ്ക്കാതെ അവന്റെ ജോലിസ്ഥലം മാററാൻതുടങ്ങി. പാർട്ടിയുടെ ആയുധങ്ങൾമാത്രമായിരുന്ന ട്രേഡ്‌യൂണിയനുകൾക്കു് വെറുതെ നോക്കിനില്ക്കാനല്ലാതെ കഴിവുണ്ടായിരുന്നില്ല. താമസിച്ചു ജോലിക്കുവരുന്നവരെ തരംതാഴ്ത്തിയിരുന്നു. ചിലപ്പോൾ ഓവർടൈം ജോലികൂടി ചെയ്യേണ്ടിവന്നു.

പ്രൈവററു് മാനേജ്മെൻറിലുള്ള വ്യവസായസ്ഥാപനങ്ങൾക്കു് ഗവമ്മെൻറു് നിർബന്ധിതക്വോട്ടാ നൽകിക്കൊണ്ടിരുന്നു. ഇവ പലപ്പോഴും സ്ഥാപനങ്ങളുടെ കഴിവിൽ കൂടുതലായിരുന്നു. ക്വോട്ടാ പൂർത്തിയാക്കാൻവേണ്ടി തൊഴിലാളികൾ അങ്ങേയററത്തെ ക്ലേശങ്ങൾ സഹിക്കേണ്ടതായിവന്നു. യുദ്ധകാലത്താണു് ഇതു ഉഗ്രരൂപം പ്രാപിച്ചതു്. കൂടുതൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കു് Heroes of Labour, സ്ററാലിൻസമ്മാനം തുടങ്ങിയ ബഹുമതികൾ നൽകി പ്രോത്സാഹിപ്പിച്ചു. അവർക്കു മററുള്ളവരെ അപേക്ഷിച്ചു് കൂടുതൽ ജീവിതസൗകര്യങ്ങളും കിട്ടിക്കൊണ്ടിരുന്നു. ഒരിക്കൽ സാധിച്ച കൂടുതൽ ഉല്പാദനത്തിൽനിന്നു് കുറവുവരുന്നതു് തൊഴിലാളിയെ സംബന്ധിച്ചിടത്തോളം അവമാനകരമായിരുന്നെന്നു മാത്രമല്ല തന്മൂലം വരുമാനം കുറയുകയുംചെയ്തു. കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയാത്ത ജോലിക്കാരൻ കൂട്ടുകാരുടെ അവജ്ഞയ്ക്കു പാത്രമായി. ഈ സ്ഥിതിക്കെതിരായി സമരംചെയ്യാൻ തൊഴിലാളിക്കു കഴിയുകയില്ല. കാരണം ട്രേഡ്‌യൂണിയനുകൾ സ്വതന്ത്രങ്ങളല്ലാത്തതുതന്നെ. അഥവാ എന്തെങ്കിലും ചെയ്യാൻ മുതിർന്നാൽ അതു രഹസ്യപ്പോലീസിന്റെ ശ്രദ്ധയിൽ പെടുകയും രാജ്യദ്രോഹമായി മുദ്രയടിക്കപ്പെടുകയുംചെയ്യും.

### റഷ്യയിലെ കൃഷിക്കാരൻ

മറെറല്ലാ തുറയിലേക്കാൾ കൂടുതൽ സോവിയററു ഗവമ്മെൻറിനു് പ്രയാസം നേരിട്ടതു് കാർഷികരംഗത്താണു്. കൃഷിക്കാർ മൂന്നുതരക്കാരായിരുന്നു. ധനികകൃഷിക്കാർ (കുലാക്കുകൾ). സ്വന്തമായുള്ള ഒരു തുണ്ടു ഭൂമി കൃഷിചെയ്തിരുന്നവരായിരുന്നു രണ്ടാമത്തെ കൂട്ടർ. മൂന്നാമത്തെ കൂട്ടർ സ്വന്തമായി ഭൂമിയില്ലാത്തവരായിരുന്നു. നിലത്തെ സംബന്ധിച്ചിടത്തോളം ഉള്ള ധാരണയിൽതന്നെ കമ്മ്യൂണിസ്റ്റുകാരും കൃഷിക്കാരും തമ്മിൽ ഐക്യം ഉണ്ടായിരുന്നില്ല. കമ്മ്യൂണിസ്റ്റുകാരുടെ നോട്ടത്തിൽ ഭൂമി വെറും ഉല്പാദനോപകരണമാണു്. പക്ഷെ കൃഷിക്കാരനു് അതു ദിവ്യമായ ഒന്നാണു്. അവൻ നിലത്തോടു അത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു. നിലത്തിൽനിന്നു് "എടുക്കുക" മാത്രമല്ല അതിലേക്കു "കൊടുക്കുക"കൂടി വേണമെന്നാണു് അവന്റെ മതം. ഈ വിരുദ്ധചിന്താഗതികൾ തമ്മിലുള്ള സംഘട്ടനം കുഴപ്പങ്ങൾക്കു വഴിതെളിക്കുകയും ചെയ്തു.

കൃഷിക്കാരൻ അവന്റെ നിലത്തിന്മേലുള്ള അവകാശം ദൂരെയെറിഞ്ഞുകൊണ്ടു് കൂട്ടുകൃഷിയെ അംഗീകരിക്കാൻ നിർബന്ധിതനായി. സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണു് കൂട്ടുകൃഷി നടത്തുന്നതു്. ജോലിക്കാരെ പല സംഘങ്ങളായി തിരിക്കുന്നു. മേൽനോട്ടം വഹിക്കാൻ ഒരു പ്രത്യേക ബോർഡു് ഉണ്ടായിരിക്കും. ഓരോ കുടുംബത്തിനും ഓരോ ചെറിയ വീടു്, കുടുംബാവശ്യങ്ങൾക്കുവേണ്ടി വളരെ ചെറിയ ഒരു തുണ്ടു് നിലവും നൽകപ്പെടുന്നു.

കുലാക്കുകൾ ഈ നടപടിയെ ശക്തിയായി എതിർത്തു. തങ്ങളുടെ സ്വന്തമായിരുന്ന നിലങ്ങൾ ഉപേക്ഷിച്ചു് കൂട്ടുകൃഷിസ്ഥലങ്ങളിലേക്കോ പട്ടണത്തിലെ വ്യവസായശാലകളിലേക്കോ പോകാൻ അവർ ഇഷ്ടപ്പെട്ടില്ല. ഈ എതിർപ്പു ശക്തിപ്പെട്ട ഗ്രാമങ്ങളിലേക്കു സർക്കാർ പട്ടാളത്തെ അയച്ചു. അനേകായിരങ്ങൾ സൈബീരിയയിലേക്കയക്കപ്പെട്ടു. അവരുടെ വീടുകളും വീട്ടുപകരണങ്ങളും കണ്ടുകെട്ടി. തങ്ങളുടെ വസ്തുക്കൾ ഗവമ്മെൻറിനു വിട്ടുകൊടുക്കാൻ ജനങ്ങൾ ആഗ്രഹിച്ചില്ല. അവർ വീട്ടുപകരണങ്ങൾ നശിപ്പിക്കുകയും ധാന്യങ്ങൾ ചുട്ടുകളയുകയും കന്നുകാലികളെ കൂട്ടംകൂട്ടമായി കൊന്നൊടുക്കുകയും ചെയ്തു.

അത്യാവശ്യസാധനങ്ങളുടെ വിതരണം തടഞ്ഞുകൊണ്ടു് സർക്കാർ കൃഷിക്കാരെ ബുദ്ധിമുട്ടിച്ചു. നാട്ടിലെങ്ങും ക്ഷാമം നഗ്നതാണ്ഡവം നടത്തി. ലക്ഷക്കണക്കിനു കൃഷിക്കാർ ചത്തൊടുങ്ങി. ഇന്നും കുഴപ്പത്തിനു ശരിയായ പരിഹാരം കണ്ടുപിടിക്കാൻ ഗവമ്മെൻറിനു കഴിഞ്ഞിട്ടില്ല. മലങ്കോവു് പ്രധാനമന്ത്രിസ്ഥാനത്തുനിന്നു മാറിയതിന്റെ കാരണങ്ങളിലൊന്നായി പറയപ്പെടുന്നതു് കർഷകരംഗത്തു് നേരിട്ട പരാജയമാണു്.

(തുടരും)

(1-ാം പേജ് തുടർച്ച)

ണു്. ഇന്നു് ധനമുള്ളവർക്കേ സ്വന്തം കഴിവുകളെ വികസിപ്പിക്കുവാൻ സാധിക്കുന്നുള്ളൂ. ഈ പരിതസ്ഥിതി മാറിയേ മതിയാവൂ. കഷ്ടപ്പെടുന്ന നമ്മുടെ സഹോദരന്റെ ആദ്ധ്യാത്മികവും ശാരീരികവുമായ കഴിവുകളെ വികസിപ്പിക്കുവാനുള്ള അവസരം നാം കൊടുക്കണം.

സേവനത്തിനിറങ്ങുമ്പോൾ സ്വന്തം സുഖസൗകര്യങ്ങളെ കുറെയെല്ലാം ത്യജിക്കേണ്ടതായി വന്നേക്കും. പകലന്തിയോളം പാടത്തു പണിയെടുക്കുന്ന കൃഷിക്കാരനെ സമീപിക്കുമ്പോൾ വിശിഷ്ടവസ്ത്രങ്ങൾ ധരിക്കേണ്ടതില്ല, താങ്ങാനാവാത്ത ആഭരണസഞ്ചയത്തിന്റെയും ആവശ്യമില്ല. ഒരുപക്ഷെ, അതു നമ്മുടെ സ്നേഹത്തിന്റെ ശബ്ദത്തെ ഞെരുക്കിയേക്കാം. ജോലിയുടെ മാഹാത്മ്യം നാം ശരിക്കു മനസ്സിലാക്കണം. യാതൊരു ജോലിയും നിന്ദിക്കപ്പെട്ടതല്ല. യൗസേപ്പുപിതാവും ശിശുവായ യേശുവും അവിടുത്തെ മാതാവും തിരുക്കുടുംബത്തിൽ നയിച്ചിരുന്ന ആനന്ദസന്ദായകമായ ജീവിതം നമുക്കു മാതൃകയായിരിക്കട്ടെ.

പ്യാരി (REGD)
ഔഷധസോപ്പ്
ചർമ്മരോഗങ്ങളെ മാററി ത്വക്ക് സൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S

THE CATHOLIC UNION BANK LTD.,
(Established 1929)
H. O. MALA T. C. State
(Liability of the members is limited)
BRANCHES:- Ankamaly, Alwaye, Cherpu, Chalakudy, Irinjalakuda, Kaladi, Mala, N. Parur & Trichur.
PHONE:- Trichur: 349, Irinjalakuda: 39, Chalakudy: 43, & Alwaye: 129.
ABRIDGED STATEMENT OF AFFAIRS AS ON 2—3—1956

| | Rs. |
|---|---|
| Paid up Capital | 178500-0-0 |
| Reserve Fund & Other Reserves | 108295-0-0 |
| Deposits in all kinds | 2346900-12-10 |
| Cash in hand & with other Banks as deposits | 597165-5-0 |
| Investment on Govt. Securities & Bank shares | 281850-0-0 |
| Advances against gold, goods, landed properties, and personal securities | 1643710-13-1 |
| Total Resources | 2841124-4-7 |

UNDERTAKES BANKING BUSINESS OF EVERY DESCRIPTION
H. O. Mala T. K. Kochuthoman,
13—3—1956. Managing Director.

ആഖ്യായിക



# ബറാബാസ്

അദ്ധ്യായം 15

## കാന്ദിശീകനും ഗൂഢചാരിയും

[വി. സി. ജോർജ്ജ് ബി. എ. എൽ. ററി.]

വസന്തർത്തുവിലെ ഒരു രാത്രിയിൽ സമറിയായിലേക്കുള്ള വഴിയിൽക്കൂടി രണ്ടുപേർ ക്ഷീണരായി യാത്രചെയ്യുകയായിരുന്നു. അവർ ബറാബാസും എസ്രായും തന്നെ. പകൽസമയം അജ്ഞാതങ്ങളായ ഗുഹകളിൽ നുഴഞ്ഞുകയറിയും രാത്രിയിൽ മിത്രങ്ങളായിക്കഴിഞ്ഞ ആട്ടിടയന്മാരുടെ കുടിലുകളിൽ ഒളിച്ചിരുന്നും അവർ പശ്ചിമോത്തരമുഖമായി പ്രയാണം തുടർന്നു. കിഴക്കോട്ടുള്ളവഴി, മരുഭൂമിയിലേക്കുള്ളതു്, കാവലിനുവേണ്ടി ചുററിക്കറങ്ങിയിരുന്ന റോമൻഭടന്മാരുടെ സംഘങ്ങളാലും ഭടന്മാരെക്കാളധികം ഉപദ്രവകാരികളാകാമായിരുന്ന പുരോഹിതന്മാരാലും അവർക്കു് അപ്രാപ്യമായിത്തീർന്നിരുന്നു. ഭടന്മാരെ ഒഴിഞ്ഞുമാറിയെന്നു വരാം. എന്നാൽ പുരോഹിതന്മാർ ഏതെല്ലാം കണികൾ തയ്യാറാക്കുമെന്നാർക്കറിയാം! രഹസ്യത്തിലുള്ള ചതിയാണല്ലോ പ്രത്യക്ഷസമരത്തിലുമധികം ആപല്ക്കരം. ശേക്കേം പട്ടണം സമീപിക്കുകയിൽ തങ്ങൾക്കിടത്തുഭാഗത്തായി യാക്കോബിൻ കിണററിൻെറ കല്ലണികൾ അവർക്കു കാണാമായിരുന്നു. പാർപ്പിടങ്ങൾ ചുട്ടെരിച്ചതിനെത്തുടർന്നു് കരിക്കട്ടയായി പരിണമിച്ച പല ഭാഗങ്ങൾ വഴിത്തുവശത്തും ദൃശ്യമായി. ഭടന്മാരെ ആരെങ്കിലും ആക്രമിച്ചാൽ പ്രതികാരമായി കണ്ണിൽകണ്ട ആളുകളെയൊക്കെ വധിക്കുകയും അവരുടെ ഭവനങ്ങൾ ഭസ്മീകരിക്കുകയുമായിരുന്നു റോമൻമുറ. ദണ്ഡാമയത്തിനുവേണ്ടി ഒരു വലിയ സംഖ്യ പണമായി ശേക്കേം നഗരവാസികൾ കൊടുക്കേണ്ടിവന്നു. കൂടാതെ റോമൻ പണിപ്പുരകളിൽ ജോലിചെയ്യുവാൻ ഒരുനൂറു യുവാക്കന്മാരെ ആറുമാസക്കാലം അയക്കേണ്ടിയുമിരുന്നു. ഇവരിൽ പകുതിയോളം ആളുകളെ പെട്ടെന്നു വേട്ടയാടിപ്പിടിക്കുകയാണു് ചെയ്തതു്. അവരെ ചങ്ങലകൊണ്ടു ബന്ധിച്ചു് കുററപ്പുള്ളികളെപ്പോലെ വലിച്ചിഴച്ചു കൊണ്ടുപോയി. അവരിൽ ആരെങ്കിലും പിന്നീടു് സ്വഭവനം സന്ദർശിക്കുവാനിടയുണ്ടായിരുന്നില്ല താനും.

ഇവക റോമൻ നീതിനിർവ്വഹണസമ്പ്രദായത്തെപ്പററി ബറാബാസും എസ്രായും അറിഞ്ഞിരുന്നു. യാത്രമദ്ധ്യേ ആട്ടിടയന്മാരിൽനിന്നു് ലഭിച്ച വാർത്തയിൽ ഒട്ടും അതിശയോക്തിയില്ലായിരുന്നുവെന്നു തങ്ങൾ കണ്ട കരിക്കട്ടക്കൂട്ടം അവർക്കുറപ്പുനൽകി. കൊലയുടെയും കൊള്ളിവെക്കലിൻെറയും നശീകരണത്തിൻെറയും ലക്ഷണങ്ങൾ സർവ്വത്ര പ്രത്യക്ഷീഭവിച്ചു. ശിക്ഷിക്കപ്പെട്ട ഉടമകളുടെ ഭൂതങ്ങളെന്നോണം സ്വന്തഉടമസ്ഥരെ അന്വേഷിച്ചു നിശയിൽ ശ്വാനന്മാർ അങ്ങുമിങ്ങുമോടിനടന്നു.

"നമുക്കിവിടെ വിശ്രമിക്കാം." ബറാബാസ് പറഞ്ഞു.

അവർ യാക്കോബിൻ കിണററിനു സമീപം ചെല്ലുകയും പഴയ മതിലിൻെറ മറയിൽ, മററാരും വിടെയില്ലെന്നു ബോദ്ധ്യമായശേഷം, ഇരിപ്പുറപ്പിക്കുകയും ചെയ്തു. ഉറങ്ങുവാനൊരുങ്ങുന്നവിധം ബറാബാസയാളുടെ മുഖം കൈകൾകൊണ്ടു പൊത്തി. ഉറക്കമാഗ്രഹിച്ചങ്ങനെ ചെയ്തതല്ലായിരുന്നു. അവിടെ നടന്ന ക്രൂരകൃത്യങ്ങളുടെ അടയാളങ്ങൾ ദൃഷ്ടിയിൽനിന്നു മറയ്ക്കണമെന്നേ അയാൾ ഉദ്ദേശിച്ചുള്ളൂ. അവയെല്ലാം കാരണഭൂതൻ താനായിരുന്നല്ലോ എന്ന ചിന്ത അയാളെ തീർത്തും അസ്വസ്ഥനാക്കി. നേരെ മറിച്ചു് പ്രസ്തുത ഭീകരകാഴ്ചകൾ തൻെറ ഹൃദയത്തിൽ ഉറപ്പിക്കുവാൻ എസ്രാ ശ്രമിച്ചു. വെറുപ്പുനിറഞ്ഞ അയാളുടെ മനസ്സിനു അവയാകട്ടെ ശാന്തിദമായ കുഴമ്പായി പരിണമിച്ചു.

"ബറാബാസ്, വിത്തുകൾ മുളക്കുവാൻ കാലമായി. ഇനി, സമറായർ ഏകോപിച്ചു്, ഒരേമനസ്സോടുകൂടി വിപ്ലവത്തിനു് സന്നദ്ധരാകുന്നില്ലെങ്കിൽ അവർ എല്ലാക്കാലത്തും റോമൻമാരുടെ അടിമകളായി കഴിയേണ്ടുന്ന ഭീരുക്കളായ പട്ടികൾ മാത്രമാണു്. പക്ഷെ അവർ വിപ്ലവകാരികളായി ഉണരുകതന്നെ ചെയ്യും. അതിനു കാലമായിട്ടുണ്ടു്."

നിരുത്സാഹപ്രദമായി ബറാബാസ് ആംഗ്യംകാണിച്ചു. "അവർ ഉണരുകയില്ല. ഉണരുവാൻ ഞാൻ കാരണം കാണുന്നുമില്ല."

"ബറാ-ബാ-സ്", എസ്രാ ഇടിനാദംപോലെ ഗർജ്ജിച്ചു. ബറാബാസിൻെറ സംഘത്തിൽചേർന്ന കാലംമുതൽ എസ്രാ സംശയത്തിൻെറയും നിരാശയുടെയും ഓളംവെട്ടൽ ആ നേതാവിൽ അനുഭവപ്പെട്ടതു് സൂക്ഷിച്ചുകൊണ്ടിരുന്നു. ഒരുഭാഗത്തു് ഉന്മേഷത്തിലും ക്രൗര്യത്തിലും മറുഭാഗത്തു് തീവ്രമായ വിഷണ്ണതയിലും എത്തിയിരുന്ന ഈ ഭാവഭേദങ്ങളിൽ ബാറാബാസ് നേതാവായി കഴിഞ്ഞ പ്രസ്ഥാനത്തിൻെറ വൃദ്ധിക്ഷയഘട്ടങ്ങൾ, ജയാപജയങ്ങൾ, പ്രതിബിംബിതമായി. എന്നാൽ മുമ്പൊരിക്കലും തൻെറ പ്രസ്ഥാനത്തിൻെറ വിജയസാദ്ധ്യതയിൽ ബാറാബാസ് സംശയിച്ചതായി തോന്നിയില്ല; തങ്ങൾ എന്തിനായി സമരം ചെയ്യുന്നുവെന്നതിനെപ്പററി അയാൾ വിസ്മയിച്ചുമില്ല. ഇസ്രായേലിൻെറ മോചനമല്ലയോ സർവ്വപ്രധാനമായ ലക്ഷ്യം? ഏതായാലും ഇസ്രായേല്യർ തങ്ങളിൽനിന്നു് അന്യരായി കരുതിയിരുന്ന സമറായക്കാരുടെ കാര്യത്തിൽ മാത്രമായിരുന്നു ബറാബാസ് പ്രകടിപ്പിച്ച അനാസ്ഥയെന്നു എസ്രാ സ്വയം സമാധാനിച്ചു.

"നിങ്ങൾക്കു സമറായരെപ്പററി മോശവിചാരമാണുള്ളതു്." എസ്രാ അഭിപ്രായപ്പെട്ടു.

തൻെറ കൈയിൽ മുഖം ചേർത്തുപിടിച്ചിരുന്ന തൂവാല താഴെ വീഴാൻ അനുവദിച്ചുകൊണ്ടു് ബറാബാസ് പറഞ്ഞു: "സമറായരെപ്പററിയോ? അവരല്ലല്ലോ ഏററം മോശമായിട്ടുള്ളവർ. എങ്കിലും ഇസ്രായേലിനുവേണ്ടി യുദ്ധം ചെയ്യുവാനവരെ പ്രേരിപ്പിക്കുവാനെന്താണുള്ളതു്. താനുൾപ്പെടെ ചിലരെയൊഴിച്ചാൽ എനിക്കു മനുഷ്യരെപ്പററി മൊത്തത്തിൽ മോശമായ വിചാരമാണുള്ളതു്. എൻെറ സ്വന്തം കരബലം മാത്രമുപയോഗിച്ചു് ഞാൻ കാര്യങ്ങൾ കണ്ടിരുന്ന കാലം, ഇസ്രായേലിൻെറ മോചകനാകുവാനുള്ള മോഹം എന്നിൽ പ്രവേശിക്കാതിരുന്ന കാലം, എന്നെ സംബന്ധിച്ചിടത്തോളം വളരെ ഭേദമായിരുന്നുവെന്നു ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ടു്."

വ്യാകുലതയോടുകൂടി എസ്രാ ചോദിച്ചു: "ബറാബാസ്", താങ്കൾ സമരം വേണ്ടെന്നുവെക്കുവാൻ ഭാവിക്കുകയാണോ?"

"അങ്ങനെയാണെന്നു ഞാൻ പറയുന്നില്ല. പക്ഷെ വഞ്ചതിക്കു് വീണ്ടും വീണ്ടും വിധേയനായതിൽ എനിക്കു കുണ്ഠിതമുണ്ടു്. ഞാൻ വിഷമത്തെക്കാളധികം റോമന്മാരെ വെറുക്കുന്നു. പുരോഹിതന്മാരാകട്ടെ ആ സംഗതിയിൽ ഒട്ടും താണപടിയിലല്ല നിലകൊള്ളുന്നതു്. അവരുടെ കൂട്ടുകെട്ടിൽ പെട്ടതുനിമിത്തം ഞാൻ എന്നെത്തന്നേയും വെറുത്തുതുടങ്ങിയിരിക്കുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്യുന്നുവെന്നു പ്രസ്താവിച്ചുകൊണ്ടു് സ്വാതന്ത്ര്യമെന്നു പറയുമ്പോൾ സ്വന്തം ശക്തിയെന്നു ധരിച്ചുവെച്ചിട്ടുള്ള കൂട്ടരിൽനിന്നു ധനം സ്വീകരിക്കുക ഉചിതമല്ല. എൻെറ കണക്കുകൂട്ടൽ തെററി. വേണ്ടതായ ഫലം കൈവരുന്നില്ല. ചതി തുടങ്ങിയെങ്കിലോയെന്നു ഞാൻ ആലോചിച്ചു. അനുഭവം ഞാൻ വഞ്ചതിക്കു വിഷയമായതാണു്."

"ബറാബാസ്", നിങ്ങൾ ചെയ്തതെന്തുതന്നെ ആയാലും അവ ജനങ്ങൾക്കുവേണ്ടിയായിരുന്നല്ലോ" എസ്രാ പറഞ്ഞു.

ബറാബാസ് ഇടറിയസ്വരത്തിൽ ചിരിച്ചു. തുടർന്നിങ്ങനെ സംസാരിച്ചു: "ഞാൻ അങ്ങനെ വിശ്വസിച്ചിരുന്നു. എന്നാൽ ജനങ്ങളെന്നെ ഒററിക്കൊടുക്കുകയല്ലയോ ചെയ്തതു്. പാളയത്തിൽ താമസിച്ചിരുന്നവരുടെ കാര്യത്തിലാകട്ടെ, ഭയംകൊണ്ടും ഭീഷണിമൂലവുമല്ലെ അവർ അവിടെ കഴിച്ചുകൂട്ടിയതു്? അവരിൽ എത്രയോ പേർ ഈ ഭോഷൻ യൂദാബെൻയാക്കോബിൻെറ പക്കൽ പോയി കഴിഞ്ഞു? ബലമുപയോഗിച്ചു് വായിലൊഴിച്ചു തൊണ്ടയിൽക്കൂടി ഇറങ്ങിച്ചെല്ലേണ്ടതാണോ ജനങ്ങൾക്കു സ്വാതന്ത്ര്യം? സ്വാതന്ത്ര്യമെന്തെന്നു ജനങ്ങൾക്കറിഞ്ഞുകൂടാത്തതുകൊണ്ടാണു് നാം സമരം ചെയ്യുന്നതെന്നു അവരോടു പറയുന്നതും ഭംഗിയല്ല."

"മറെറന്താണു് ജനങ്ങളോടു പറയേണ്ടതു്?" എസ്രാ കുണ്ഠിതത്തോടുകൂടി ചോദിച്ചു.

"എനിക്കു നിശ്ചയമില്ല. ഏതായാലും പ്രസ്ഥാനം അഭിവൃദ്ധിപ്പെടുവാൻ യൂദാ കൂട്ടിവെച്ചിട്ടുള്ള ചക്കരവാക്കുകൾ മതിയാകുകയില്ല. മേലിൽ ഞാൻ പറയുവാൻ പോകുന്നതെന്തെന്നു തീരുമാനിച്ചുകഴിഞ്ഞു. നിങ്ങൾ കവർച്ച ചെയ്തും, കൊന്നുമുടിച്ചും ധനം സമ്പാദിക്കുവിൻ. റോമൻമാരെ തോല്പിച്ചു കീഴടക്കണം. അവർ നിങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തിയതുകൊണ്ടല്ലാ, പിന്നയോ നിങ്ങൾക്കവരെ അടിമകളാക്കാമെന്നുള്ളതുകൊണ്ടുതന്നെ. ഇങ്ങനെ പറഞ്ഞുതുടങ്ങിയാൽ ജനങ്ങൾക്കതു മനസ്സിലാകും. അവർ അതു സ്വീകരിക്കുകയുംചെയ്യും."

എസ്രാ മൗനംദീക്ഷിച്ചു. അന്ധകാരത്തിലേക്കു ഉന്നമില്ലാതെ നോക്കി അയാൾ അവിടെയിരുന്നു. ബറാബാസിൻെറ ശബ്ദത്തിലനുഭവപ്പെട്ട വൈരസ്യവും കൂസലില്ലായ്മയും അയാളുടെ ആത്മാർത്ഥത സൂചിപ്പിച്ചു. ബറാബാസിൻെറ ആത്മാർത്ഥത മുമ്പുണ്ടായിട്ടുള്ള പല ദുരനുഭവങ്ങളെക്കാളധികം എസ്രായെ പീഡിപ്പിക്കുന്നതായിരുന്നു. താൻ ദൈവത്തെക്കാളധികം വിശ്വാസവിഷയമാക്കിയിരുന്ന ബറാബാസ് കാര്യങ്ങൾ തുറന്നുപറഞ്ഞു. ഇസ്രായേലിൻെറ രക്ഷകൻ മിശിഹാ, ബറാബാസല്ലെന്നു തെളിഞ്ഞുകഴിഞ്ഞു. ഇസ്രായേല്യരിൽ മഹാഭൂരിപക്ഷം വിചാരിച്ചിരുന്ന പ്രകാരം ബറാബാസ് കവർച്ചക്കാരനും കൊലപാതകിയുമത്രെ. താനോ, കവർച്ചക്കാരൻെറയും കൊലപാതകിയുടേയും കിങ്കരൻമാത്രം. ഈ അവസ്ഥ തുടരുകയോ? പാടില്ല, ഒരിക്കലും പാടില്ല. ഇങ്ങനെ ആലോചിച്ചു് എസ്രാ സംഭാഷണം തുടർന്നു: "ബറാബാസ്", നിങ്ങൾ കോപിച്ചും ഇച്ഛാഭംഗത്തോടുകൂടിയുമാണു് സംസാരിക്കുന്നതു്. നിങ്ങൾ ധാരാളം പീഡനവും ഇച്ഛാഭംഗവും സഹിച്ചിട്ടുണ്ടു്. കൂടാതെ മിറിയാമിൻെറ മരണംമൂലം ദുഃഖത്തിലാണ്ടു കഴിയുകയുമാണു്. എന്നിരുന്നാലും നിങ്ങളെ അനുസരിക്കുകയും അനുഗമിക്കുകയും ചെയ്യുന്ന എനിക്കും ബാക്കിയുള്ള അനേകർക്കും നിങ്ങളിലുള്ള വിശ്വാസം നിങ്ങൾ നശിപ്പിക്കരുതേ. ഞങ്ങൾക്കു മററൊന്നും സ്വന്തമെന്നു പറയുവാനില്ല."

സാധാരണ ബാറാബാസിൽ അജ്ഞാതമായ ദയാലുതയോടുകൂടി അയാൾ എസ്രായുടെ തോളിൽ തൻെറ കൈവച്ചു: "എസ്രാ, എന്നോടു ക്ഷമിക്കണം. നിങ്ങൾക്കു മനസ്താപം വരുത്തുവാൻ ഞാൻ ഉദ്ദേശിച്ചില്ല. ഞാൻ ഉഗ്രശോകത്തോടുകൂടിയാണു് സംസാരിക്കുന്നതു്. അതിനു ധാരാളം കാരണവുമുണ്ടല്ലോ. എങ്കിലും ഞാൻ സംഗതികൾ ശരിക്കു കാണുന്നു. നിങ്ങൾ നിരാശപ്പെടേണ്ട. നമുക്കു സമരം തുടരാം. പക്ഷെ ഒരു പുതിയ രീതിയിൽ വേണമെന്നേയുള്ളൂ."

(തുടരും)

ആത്മകഥാകഥനം

# തൊഴിലാളിയായ ഞാനും സഭയെ കണ്ടെത്തി


(ജോർജ്ജ് മേരീദാസ്, ഏഴംകുളം)

"ദൈവം തൻെറ കരുണ ഓർക്കുകയും തൻെറ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും ചെയ്തു."

എൻെറ കത്തോലിക്കാസഭാപുനരൈക്യം ഒരു യാദൃച്ഛികസംഭവം മാത്രമായിരുന്നു. യാക്കോബായസഭയിൽ അടിയുറച്ച വിശ്വാസം കെട്ടിപ്പടുത്തിരുന്ന എനിക്കു് ദൈവം തൻെറ അനന്തകരുണയാൽ സത്യത്തിൻെറ വഴി തുറന്നുതന്നു. കൃപാനിധിയായ ദൈവത്തിനു് ഞാൻ ഇതിനെന്തു പ്രത്യുപകാരം ചെയ്യും?

സന്ദർഭവശാൽ അന്നു ഞാൻ ഒരു കത്തോലിക്കാവൈദികനുമായി സംസാരിക്കാനിടയായി. ആപത്തിൻെറ വഴിത്താരയിൽ സുഖനിദ്രചെയ്തിരുന്ന എന്നെ തട്ടിയുണർത്തി രക്ഷയുടെ പാതയിൽ കടത്തിവിടാൻ ദൈവത്താൽ നിയുക്തനായ ഒരു ദൂതനായിരുന്നു ആ വന്ദ്യ വൈദികനെന്നു അന്നു ഞാൻ അറിഞ്ഞിരുന്നില്ല. അദ്ദേഹവുമായുള്ള സംഭാഷണം ഒടുവിൽ വിശ്വാസസംബന്ധമായ വിഷയങ്ങളിലേക്കു തിരിഞ്ഞു. ഒരേ ദൈവത്തിൽ വിശ്വസിക്കുന്ന നാം ഇങ്ങനെ പല സഭകളിൽ നിലകൊള്ളുന്നതി[illegible]നെപ്പററി അദ്ദേഹം എന്നോടു [illegible] പറഞ്ഞു. പത്രോസാകുന്ന പാറമേൽ ക്രിസ്തു സ്ഥാപിച്ച ഏക സഭ കത്തോലിക്കാസഭയാണെന്നും അതിൽനിന്നും പിരിഞ്ഞുപോന്നിട്ടുള്ള ഇതരസഭകളെല്ലാംതന്നെ മനുഷ്യൻെറ സ്വാർത്ഥതയുടേയും ദുരുദ്ദേശപരമായ സ്വാതന്ത്ര്യമനസ്ഥിതിയുടേയും ഫലമായി ഓരോരോ കാലങ്ങളിൽ ഉണ്ടായവയാണെന്നും യുക്തിയുക്തം അദ്ദേഹം എന്നെ ഉൽബോധിപ്പിച്ചു. എന്നാൽ എൻെറ മാതൃസഭ തെററാണെന്നു സമ്മതിക്കുവാൻ ഞാൻ തയ്യാറായില്ല. യാക്കോബായവിശ്വാസം ശരിയാണെന്നുതന്നെ ഞാൻ മർക്കടമുഷ്ടിപിടിച്ചു. അങ്ങനെ അന്നത്തെ സംഭാഷണം അവസാനിച്ചു. പക്ഷെ ആ വന്ദ്യവൈദികനുമായുള്ള ഇടപെടലിൽ ഉടനീളം ഒരു ഹൃദ്യത എനിക്കനുഭവപ്പെട്ടിരുന്നു. തൽഫലമായി ഞാൻ അദ്ദേഹത്തെ വീണ്ടും സന്ദർശിച്ചു. അന്നും ഞങ്ങൾ സത്യവിശ്വാസത്തെപ്പററി ചർച്ചനടത്തിയെങ്കിലും എൻെറ മനസ്സ് അചഞ്ചലമായിത്തന്നെ നിലകൊണ്ടു. കത്തോലിക്കാസഭയാണു് ശരിയെന്നുള്ള അദ്ദേഹത്തിൻെറ വാദമുഖങ്ങളെ ഞാൻ മനപ്പൂർവ്വം നിരാകരിക്കുകയുംചെയ്തു. വീട്ടിലേക്കു പോകുവാൻ യാത്രചൊല്ലി ഇറങ്ങിയ എൻെറ യാക്കോബായവിശ്വാസത്തിലെ അചഞ്ചലമായ നിലകണ്ടു് ആ വന്ദ്യവൈദികൻ, "നിന്നെ ദൈവമാതാവു സത്യം ഗ്രഹിപ്പിക്കട്ടെ കുഞ്ഞേ"

(ശേഷം 9-ാംപേജിൽ)



വാരാന്ത്യവീക്ഷണം

# ഇന്ത്യൻകമ്മ്യൂണിസ്റ്റ് കോൺഗ്രസ്

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നാലാമത്തെ കോൺഗ്രസ് ഇപ്പോൾ പാലക്കാട്ടുവച്ചു നടന്നുകൊണ്ടിരിക്കയാണ്. കമ്മ്യൂണിസ്റ്റുകാരുടെ ഈ പ്രാവശ്യത്തെ സമ്മേളനത്തിൽ ഒരു പ്രത്യേകത പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. നേതാക്കന്മാർ പറയുന്നതു് അതുപടി അനുസരിക്കയെന്നതാണ് കമ്മ്യൂണിസ്റ്റുകാരുടെ പാരമ്പര്യം. എന്നാൽ പാലക്കാട്ട കോൺഗ്രസിൽ നേതാക്കന്മാരുടെ അഭിപ്രായങ്ങളെ ചോദ്യംചെയ്യാനുള്ള ധൈര്യം പ്രതിനിധികൾ കാണിച്ചുവരുന്നുണ്ട്. റഷ്യയിൽ വന്നിട്ടുള്ള പരിവർത്തനങ്ങളുടെ ഒരു പ്രതിഫലനമായി ഇതിനെ പരിഗണിക്കാമോ എന്നും അഥവാ ഇതു ഒരു പുതിയ അടവുമാത്രമാണോ എന്നും നിശ്ചയിക്കാറായിട്ടില്ല. ഏതായാലും പാലക്കാട്ട കോൺഗ്രസ് കമ്മ്യൂണിസ്റ്റുകാർ നെഹ്റുഗവൺമെണ്ടിനോട്ട ഏറെക്കുറെ സഹകരിച്ചുപോകണമെന്ന തീരുമാനിച്ചേക്കുമെന്നു പറയപ്പെടുന്നു. കമ്മ്യൂണിസ്റ്റുകാർ അടുത്തകാലംവരെ ഇന്ത്യയിൽ സ്വീകരിച്ചുവന്ന വിപ്ലവാത്മകപ്രസ്ഥാനം ഒരു പരാജയമായിരുന്നെന്നും ഇന്ത്യയിലെ ഇടത്തരക്കാരുടേയും ബുദ്ധിജീവികളുടേയും പിന്തുണ അവർക്കു ലഭിച്ചിട്ടില്ലെന്നും ജനാധിപത്യസമ്പ്രദായങ്ങളാണ് തങ്ങൾക്കുമുള്ളതെന്നു പുറത്തുകാണിക്കുന്നതു പ്രയോജനകരമായിരിക്കുമെന്നും കമ്മ്യൂണിസ്റ്റുനേതൃത്വത്തിനു ബോദ്ധ്യംവന്നതിന്റെ ഫലമായിരിക്കണം പാലക്കാട്ട പ്രത്യക്ഷമായിരിക്കുന്ന പുതിയ രീതികളും നടപടികളും. മാത്രമല്ല, അന്താരാഷ്ട്രീയ വീക്ഷണഗതി മാത്രമുള്ള കമ്മ്യൂണിസ്റ്റുനേതാക്കന്മാർ ഇപ്പോൾ ദേശീയബോധത്തിന്റെ പ്രാധാന്യത്തെപ്പററി പ്രസംഗിച്ചുതുടങ്ങിയിട്ടുമുണ്ട്. അടുത്ത കൊല്ലം ആദ്യം നടക്കുവാനിരിക്കുന്ന പൊതുതെരഞ്ഞെടുപ്പാണു ഇന്ത്യൻ കമ്മ്യൂണിസ്റ്റുനേതാക്കന്മാരുടെ ഇപ്പോഴത്തെ ലക്ഷ്യം. അതിനു പ്രയോജനപ്പെടുത്താവുന്ന ഒരു പുതിയ "തിസിസും" പുതിയ പ്രവർത്തനരീതികളും സ്വീകരിക്കയെന്നതാണു കമ്മ്യൂണിസ്റ്റുകാരുടെ ഇപ്പോഴത്തെ നയം. മാർക്സിയൻ തത്വസംഹിതയിൽ വിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റുകാരുടെ ജനാധിപത്യസമ്പ്രദായങ്ങൾ ഒരടവുനയം മാത്രമാണെന്നാണു വിചാരിക്കേണ്ടതു്.

### അണുശക്തിയുടെ സമാധാനപരമായ ഉപയോഗം

അണുശക്തിയുടെ സമാധാനപരമായ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഒരു അന്താരാഷ്ട്രീയസമിതി സ്ഥാപിക്കുന്നതിനു് ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ്, റഷ്യ ആദിയായ പന്ത്രണ്ടു രാജ്യങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ വാഷിംഗ്ടണിൽവച്ചു നടന്നുവരികയാണ്. ഈ സംഭാഷണങ്ങൾക്കു ഇപ്പോൾ ആശാവഹമായ പുരോഗതിയുണ്ടായിട്ടുണ്ട്. നിർദ്ദിഷ്ടമായ സമിതിയുടെ അടിസ്ഥാനമായി ഉണ്ടാകേണ്ട പ്രമാണത്തെ സംബന്ധിച്ച് ഇപ്പോൾ അഭിപ്രായൈക്യമുണ്ടായിട്ടുണ്ട്. വാഷിംഗ്ടൺ കോൺഫറൻസ് ഇപ്പോൾ അംഗീകരിച്ചിട്ടുള്ള കരട്ടുപ്രമാണം അടുത്ത സെപ്റ്റംബറിൽ ന്യൂയോർക്കിൽ വിളിച്ചുകൂട്ടുവാൻ പോകുന്ന അന്താരാഷ്ട്രീയ സമ്മേളനത്തിന്റെ ആലോചനയ്ക്കു വരുന്നതായിരിക്കും. അണുശക്തിയുടെ സമാധാനപരമായ ഉപയോഗത്തിനു ഒരു അന്താരാഷ്ട്രീയ സമിതിയുണ്ടായിരിക്കണമെന്നു് ആദ്യം നിർദ്ദേശിച്ചതു് പ്രസിഡൻറു് ഐസനോവറാണ്. എന്നാൽ റഷ്യയുടെ എതിർപ്പുമൂലം അതു നടപ്പിൽ വന്നില്ല. അണുശക്തി ഉല്പാദിപ്പിക്കുന്നതിനുവേണ്ട സാധനങ്ങൾ കൈവശമുള്ള രാജ്യങ്ങൾ അവയില്ലാത്ത രാജ്യങ്ങൾക്കു നൽകുന്നതിനു് ഒരു കേന്ദ്രസംഘടനയോടു സഹകരിക്കുമെന്നുള്ള നിർദ്ദേശം റഷ്യ നിരാകരിച്ചപ്പോൾ അമേരിക്കയും ബ്രിട്ടനും ഫ്രാൻസും ചേർന്നു പരിമിതമായ തോതിൽ പ്രവർത്തനം നടത്തുന്നതിനു് ഒരു സംഘടനയുണ്ടാക്കുവാൻ തീരുമാനിച്ചു. അണുശക്തിയുടെ ഉപയോഗത്തിനുവേണ്ടി സംഘടിപ്പിക്കുന്ന സമിതി ഐക്യരാഷ്ട്രസംഘടനയുടെ സെക്യൂരിററികൌൺസിലിനു് വിധേയമായിരിക്കണമെന്നായിരുന്നു റഷ്യയുടെ നിലപാടു്. ആ നിർബന്ധം ഉപേക്ഷിച്ചുകൊണ്ടാണു് നിർദ്ദിഷ്ടമായ അന്താരാഷ്ട്രീയസമിതിയുടെ പ്രമാണം ഇപ്പോൾ വാഷിംഗ്ടണിൽ കൂടിയ സമ്മേളനത്തിനു് എതിർപ്പുകൂടാതെ സ്വീകരിക്കുവാൻ സാധിച്ചതു്. ഇപ്പോഴത്തെ നിർദ്ദേശങ്ങൾ നടപ്പിൽ വന്നാൽ ശക്ത്യുല്പാദനം, വൈദ്യസഹായം മുതലായ സമാധാനപരമായ ഉപയോഗങ്ങൾക്കുവേണ്ടി അണുശക്തി ഉപയോഗിക്കുന്നതിനു ലോകത്തിലെ അവികസിതരാജ്യങ്ങൾക്കു അണുശക്തിയിൽ പുരോഗമിച്ചിട്ടുള്ള രാജ്യങ്ങളിൽനിന്നും അസംസ്കൃതസാധനങ്ങളും സാങ്കേതികസഹായവും ലഭിക്കുന്നതാണ്. അവികസിതരാജ്യങ്ങളിലെ ജീവിതനിലവാരം ഉയർത്തുവാൻ ഇതു വളരെ സഹായിക്കുന്നതാണ്.



പറവര കുര്യൻ ഭാര്യ അന്നം
മരണം 17—4—1956
"ദയാപരനായ ഈശോ, ഈ ആൾക്കു നിത്യാശ്വാസം കൊടുത്തരുളണമേ!"

Inserted by her sorrowing Children:-
1. ഫാദർ പീററർ, 2 അഗസ്റ്റിൻ, 3 ജോസഫ്, 4 വർക്കി

R. I. P.

### റഷ്യയും മദ്ധ്യപൂർവ്വപ്രദേശവും

മദ്ധ്യപൂർവ്വപ്രദേശത്തെ സ്പർശിക്കുന്ന ഒരു സുപ്രധാനപ്രസ്താവന റഷ്യ കഴിഞ്ഞ ചൊവ്വാഴ്ച പുറപ്പെടുവിച്ചിട്ടുണ്ട്. ഇസ്രായേലും അറബിരാഷ്ട്രങ്ങളും തമ്മിലുള്ള സംഘർഷാവസ്ഥ വർദ്ധിച്ചു വളരെ അപകടകരമായ ഒരു നിലയിലെത്തിയിട്ടുണ്ട്. യുദ്ധമുണ്ടായാൽ റഷ്യ അറബിരാഷ്ട്രങ്ങളുടെ ഭാഗത്തും അമേരിക്കയും ബ്രിട്ടനും ഇസ്രായേലിന്റെ ഭാഗത്തും ഇടപെടുന്നതായിരിക്കുമെന്ന നിലവരെ സ്ഥിതിഗതികൾ വഷളായിട്ടുണ്ട്. ഈ സാഹചര്യങ്ങളിലാണ് റഷ്യ അവരുടെ നിലപാടു വ്യക്തമാക്കിക്കൊണ്ട് ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നതു്. മദ്ധ്യപൂർവ്വപ്രദേശത്തു് സമാധാനം പരിപാലിക്കുന്നതിനുവേണ്ടി ഐക്യരാഷ്ട്രസംഘടന എടുക്കുന്ന നടപടികൾക്കു് പരിപൂർണ്ണമായ പിന്തുണ നൽകുവാൻ റഷ്യ ഒരുക്കമാണെന്നാണ് പ്രസ്തുത പ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നതു്. മൂന്നു കാര്യങ്ങളാണ് റഷ്യ ഈ പ്രസ്താവനയിൽ എടുത്തുപറയുന്നതു. ഒന്ന്, മദ്ധ്യപൂർവ്വദേശത്തു സമാധാനം പാലിക്കുന്നതിനു് ഐക്യരാഷ്ട്രസംഘടന സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും റഷ്യ പിന്തുണ നൽകുന്നതാണ്. രണ്ട്, വിദേശരാജ്യങ്ങളുടെ ഇടപെടൽ കൂടാതെ മദ്ധ്യപൂർവ്വപ്രദേശത്തെ സംഘർഷാവസ്ഥ അവസാനിപ്പിക്കേണ്ടതാണ്. ഇപ്പോഴത്തെ അതിർത്തികൾക്കു മാററം വരുത്തുന്നതിനു വിദേശശക്തികൾ ശ്രമിക്കുന്നതു ശരിയല്ല എന്നാൽ ലക്ഷക്കണക്കിലുള്ള അഭയാർത്ഥികളുടെ പുനരധിവാസത്തിനു കാര്യമായി എന്തെങ്കിലും ചെയ്യേണ്ടതാണ്. മൂന്ന്, മദ്ധ്യപൂർവ്വപ്രദേശത്തെ രാജ്യങ്ങളുടെ ന്യായമായ അവകാശങ്ങളെ അംഗീകരിക്കുന്ന ഒരു തീരുമാനം അവരുടെ പരസ്പരസംഭാഷണങ്ങളുടെ ഫലമായിട്ടുവേണം ഉണ്ടാകുവാൻ. റഷ്യയുടെ മദ്ധ്യപൂർവ്വപ്രദേശത്തെപ്പററിയുള്ള പുതിയ നയപ്രഖ്യാപനം ബ്രിട്ടീഷ് പ്രധാനമന്ത്രി സർ ആൻറണി ഈഡനും ഇപ്പോൾ ബ്രിട്ടൻ സന്ദർശിച്ചുവരുന്ന റഷ്യൻനേതാക്കന്മാരുമായി നടക്കുന്ന സംഭാഷണങ്ങൾക്കു് ഒരു അടിസ്ഥാനമായിത്തീരുന്നതാണ്. ഇസ്രായേലിനെ ഇല്ലാതാക്കാനാഗ്രഹിക്കുന്ന അറബിരാഷ്ട്രങ്ങൾക്കു ഇസ്രായേലിനെ അപമാനിക്കാതെയുള്ള റഷ്യൻപ്രഖ്യാപനം ഇഷ്ടപ്പെടുമെന്നു തോന്നുന്നില്ല. പക്ഷേ ഈ കാര്യത്തിൽ റഷ്യയും പാശ്ചാത്യരാഷ്ട്രങ്ങളും തമ്മിൽ അഭിപ്രായൈക്യമുണ്ടായാൽ അറബിരാഷ്ട്രങ്ങളും ഇസ്രായേലും വഴങ്ങിക്കൊടുക്കേണ്ടിവരും. ബ്രിട്ടനും റഷ്യൻനേതാക്കന്മാരുമായി ഇപ്പോൾ നടക്കുന്ന സംഭാഷണങ്ങളുടെ ഫലമായി റഷ്യയും പാശ്ചാത്യരാഷ്ട്രങ്ങളുമായി മദ്ധ്യപൂർവ്വപ്രദേശത്തെ സംബന്ധിച്ച ഒരു പരസ്പരധാരണയുണ്ടാകുന്നതു പലവിധത്തിൽ സ്വാഗതാർഹമാണ്. ഇപ്പോഴത്തെ ചുററുപാടുകളിൽ അതിനു് വളരെ സാദ്ധ്യതയുമുണ്ട്.

### ബാഗ്ദാദുസഖ്യം

ബാഗ്ദാദുസഖ്യത്തിൽപെട്ട രാജ്യങ്ങളുടെ ഒരു സമ്മേളനം കഴിഞ്ഞ ആഴ്ചയിൽ ടെഹ്റാനിൽവച്ചു നടന്നു. ഇറാൻ, ഇറാക്ക്, ടർക്കി, പാക്കിസ്ഥാൻ, ബ്രിട്ടൻ എന്നീ രാഷ്ട്രങ്ങളാണു ബാഗ്ദാദുസഖ്യത്തിലെ അംഗങ്ങൾ. എന്നാൽ ടെഹ്റാൻ സമ്മേളനത്തിലേക്കു അമേരിക്കാ നിരീക്ഷകന്മാരെ അയച്ചിരുന്നു. നിരീക്ഷകന്മാർക്കു സമ്മേളനനടപടികളിൽ പങ്കെടുക്കുന്നതിനും അഭിപ്രായപ്രകടനം നടത്തുന്നതിനും അവകാശമുണ്ട്. ഈ പ്രാവശ്യത്തെ സമ്മേളനത്തിൽവച്ചു അമേരിക്കാ ബാഗ്ദാദുസഖ്യത്തിന്റെ സാമ്പത്തികകമ്മിററിയിലും വിദ്ധ്വംസകപ്രവർത്തക വിരുദ്ധകമ്മിററിയിലും അംഗത്വം സ്വീകരിച്ചിട്ടുണ്ട്. ബാഗ്ദാദുസഖ്യത്തെ കൂടുതൽ ബലിഷ്ഠമാക്കുന്നതിനു അമേരിക്കാ പരമാവധി ശ്രമിക്കുമെന്നുള്ളതിന്റെ ഒരു സൂചനയാണിതു് അമേരിക്കാ ബാഗ്ദാദുസഖ്യത്തിൽ പൂർണ്ണമായ അംഗത്വം സ്വീകരിക്കുമെന്നു അംഗരാജ്യങ്ങൾക്കു ഇപ്പോൾ പ്രത്യാശയുണ്ടു. ഇത്തവണത്തെ കൗൺസിൽസമ്മേളനം ബാഗ്ദാദുസഖ്യത്തിനു ഒരു സ്ഥിരം സിക്രട്ടറിയേററു് വേണമെന്നു തീരുമാനിച്ചിട്ടുണ്ടു്. കാഷ്മീർപ്രശ്നം സഖ്യസമ്മേളനം ആലോചനയ്ക്കെടുക്കണമെന്ന പാക്കിസ്ഥാന്റെ നിർബന്ധത്തിനു മററു അംഗരാഷ്ട്രങ്ങൾ ഏറെക്കുറെ വഴങ്ങിക്കൊടുക്കേണ്ടതായി വന്നു. സമ്മേളനാനന്തരം പുറപ്പെടുവിക്കപ്പെട്ട പ്രസ്താവനയിൽ പാലസ്റ്റയിൻ പ്രശ്നത്തിനും കാഷ്മീർപ്രശ്നത്തിനും പരിഹാരമുണ്ടാകേണ്ടതിന്റെ ആവശ്യത്തെപ്പററി എടുത്തുപറഞ്ഞിട്ടുണ്ടു. ഇതു ഒരു നേട്ടമായി പാക്കിസ്ഥാൻ എണ്ണിയിട്ടില്ല. കൂടുതൽ പ്രകടമായ രീതിയിൽ തങ്ങൾക്കു ബാഗ്ദാദുസഖ്യരാഷ്ട്രങ്ങൾ പിന്തുണ നൽകേണ്ടതാണെന്നാണ് പാക്കിസ്ഥാന്റെ നിലപാട്. ടർക്കിയും അമേരിക്കയും പാക്കിസ്ഥാന്റെ നിലപാടിനെ അംഗീകരിച്ചെങ്കിലും ബ്രിട്ടൻ ഒരലസമനോഭാവമാണു കാണിച്ചതു്. ഇൻഡ്യയെ പിണക്കി പാക്കിസ്ഥാനെ സഹായിക്കേണ്ടയാവശ്യം ഇപ്പോഴത്തെ സാഹചര്യങ്ങളിൽ ബ്രിട്ടൻ കാണുന്നില്ല. അടുത്ത കാലത്തു റിപ്പബ്ലിക്കായിത്തീർന്ന പാക്കിസ്ഥാനോടു ബ്രിട്ടനു കൂടുതൽ മമത തോന്നുവാനും മാർഗ്ഗമില്ല. കാഷ്മീർ കാര്യത്തിൽ ബാഗ്ദാദുസഖ്യം ഇടപെടുന്നതിനെപ്പററി ഇൻഡ്യ പ്രതിഷേധം പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പാക്കിസ്ഥാൻ സൈനികസഖ്യങ്ങളിൽ ചേർന്നതു തന്നെ കാഷ്മീർപ്രശ്നത്തിൽ വിദേശരാഷ്ട്രങ്ങളുടെ സഹായം ലക്ഷ്യംവച്ചുകൊണ്ടാണ്. അമേരിക്കയിൽനിന്നും ആയുധങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും പ്രത്യാശിച്ച തരത്തിൽ വിദേശരാജ്യങ്ങളുടെ പിന്തുണ കാഷ്മീർപ്രശ്നത്തിൽ ലഭിക്കാത്തതിൽ പാക്കിസ്ഥാനു വലിയ നിരാശയുണ്ട്. നിരാശയുള്ളവർ ശ്രമിക്കുന്നതു സംഘർഷാവസ്ഥയുളവാക്കാനാണ്. ഇൻഡോ-പാക്കിസ്ഥാൻ അതിർത്തികളിലെ സംഘട്ടനങ്ങൾക്കു ഇതായിരിക്കണം പ്രധാന കാരണം.

## കാർമ്മൽ അപ്പസ്തോലിക്ക് സ്കൂൾ

എറണാകുളം

കർമ്മലീത്താ നിഷ്പാദുക ഒന്നാംസഭയിൽ ചേർന്നു് പ്രാർത്ഥനാപരവും അനുസരണം ആവശ്യപ്പെടുന്ന പ്രേഷിതവേലകൾ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ചെയ്തുകൊണ്ടുമുള്ള ജീവിതം നയിക്കുവാനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ & കോളേജ് വിദ്യാർത്ഥികൾ നേരത്തെ അപേക്ഷിക്കുക

The Rev Fr Director Carmel Ap: School
St. Teresa's Monastery, Banerji Road, Ernakulam-1

## ഇടവകവാർത്തകൾ

**വടക്കപുറം:** ഓർത്തഡോക്സ് സമുദായാംഗമായിരുന്ന വടക്കമണ്ണിൽ ശ്രീ വി ഐ വറുഗീസ് അവർകൾ, തന്റെ കുടുംബാംഗങ്ങളുമായ ആറുപേരോടുകൂടി ഫാദർ ശമുവേൽ ശങ്കരത്തിലിന്റെ മുമ്പാകെ സത്യപ്രതിജ്ഞചെയ്തു കത്തോലിക്കാ തിരുസഭയിലേക്കു് പുനരൈക്യപ്പെട്ടിരിക്കുന്നു.

**വ. പറവൂർ:** എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്കാ മൊററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് പറവൂർ കോട്ടയ്ക്കാവുപള്ളിയിൽ ഔദ്യോഗികസന്ദർശനാർത്ഥം ഏപ്രിൽ 14-ാംതീയതി ശനിയാഴ്ച വൈകുന്നേരം എത്തിച്ചേർന്നു. തദവസരത്തിൽ ഇടവകജനങ്ങൾ തിരുമേനിക്കു ഹൃദ്യമായ ഒരു സ്വീകരണം നൽകുകയുണ്ടായി. കോട്ടയ്ക്കാവുപള്ളിയുടെ കീഴിലുള്ള പള്ളികളെല്ലാം സന്ദർശിക്കുകയും മുമ്പിലത്തെ ഒപ്രുശുമാ നൽകുകയും ചെയ്തശേഷം കൈതാരത്തു് പുതുതായി പണിതിട്ടുള്ള പള്ളിയുടെ വെഞ്ചരിപ്പും തിരുമേനി നടത്തി.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 | APRIL 25, ERNAKULAM | No. 36


## തൊഴിലാളി മഹാസിദ്ധൻ

1955 മേയ്മാസം 1-ാംനു തൊഴിലാളിലോകത്തിനു അവിസ്മരണീയമായ ഒരു മഹദ്ദിനമാണ്. തൊഴിൽപരമായ അവശതകൾക്കു പരിഹാരം നേടുന്നതിനു ലോകവ്യാപകമായി ആചരിക്കപ്പെടുന്ന ഒന്നാണ് മേയ്ദിനം. തൊഴിലാളിവൃന്ദങ്ങളേയും ട്രേഡ്‌യൂണിയൻസംഘടനകളേയും കമ്മ്യൂണിസ്റ്റുകൾ കയ്യടക്കിയപ്പോൾ മേയ്ദിനം ഒരു വിപ്ലവദിനമായി മാറി. ഇന്നും പല സ്ഥലങ്ങളിലും മേയ്ദിനാഘോഷങ്ങൾ കമ്മ്യൂണിസത്തിൻെറ നശീകരണാശയങ്ങളേയും വിപ്ലവബീജങ്ങളേയും പ്രചരിപ്പിക്കുന്നതിനാണ് ഉപയോഗിക്കപ്പെട്ടുപോരുന്നത്. വിനാശകരമായ ഈ വ്യതിചലനത്തെ പ്രതിരോധിക്കുന്നതിനുള്ള ഏററം പ്രബലവും പ്രായോഗികവുമായ ഒരു പദ്ധതി ആവിഷ്കരിക്കപ്പെട്ടുവെന്നുള്ളതാണ് 1955 മേയ് 1-ാംനുയുടെ മാഹാത്മ്യം. തൊഴിലാളികളുടെ മാതൃകയും മദ്ധ്യസ്ഥനുമായ മഹാസിദ്ധൻെറ —തൊഴിലാളിയായ യൗസേപ്പിൻെറ— തൊഴിലാളിത്വാഭിധാനത്തിൽ എന്നും മേയ്മാസാരംഭദിനത്തെ ഒരു തിരുനാളായി ആചരിക്കുന്നതിനും അന്നു പരിശുദ്ധ മാർപ്പാപ്പാ കല്പിച്ചുപ്രഖ്യാപിച്ചു. ഇററാലിയൻ ക്രിസ്ത്യൻ തൊഴിലാളി സംഘടന റോമിൽവച്ചു അതിൻെറ പത്താംവാർഷികം ആഘോഷിക്കുന്ന അവസരമായിരുന്നു അത്. അനേകായിരം തൊഴിലാളിപ്രതിനിധികൾ പത്രോസിൻെറ ബസ്സിലിക്കായുടെ വിസ്തൃതമായ അങ്കണത്തിൽ തടിച്ചുകൂടിയിരുന്നു, പരിശുദ്ധ മാർപ്പാപ്പായുടെ അനുഗ്രഹാശിസ്സുകൾ സ്വീകരിക്കുന്നതിനുവേണ്ടി. തികഞ്ഞ തൊഴിലാളിമിത്രവും അവരുടെ വത്സലപിതാവുമായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ അവരെ അഭിമുഖീകരിച്ച് സുദീർഘമായ ഒരു പണ്ഡിതപ്രഭാഷണം നിർവ്വഹിക്കുകയും അതിൻെറ അവസാനത്തിൽ തിരുനാൾസ്ഥാപനം പ്രഖ്യാപിക്കുകയുമാണുണ്ടായത്.

### പ്രഖ്യാപനം

"പ്രിയപ്പെട്ട തൊഴിലാളികളേ, അവശതകൾ സഹിക്കുന്നവരെ പ്രത്യേകിച്ചും നയിക്കുകയും, സംരക്ഷിക്കുകയും, സ്നേഹിക്കുകയും ചെയ്യുകയെന്നുള്ള ദിവ്യമായ പ്രേഷിതത്വത്തിൽനിന്നു തിരുസഭയ്ക്കോ മാർപ്പാപ്പാമാർക്കോ ഒഴിഞ്ഞുമാറുവാൻ സാദ്ധ്യമല്ല. അവർ തൊഴിലാളികളായിരുന്നാലും അല്ലെങ്കിലും എത്ര കൂടുതലായി സംരക്ഷണവും സഹായവും അവർക്കാവശ്യമായിരിക്കുന്നുവോ അത്രയധികമായി അവർ നമുക്കു പ്രിയംകരരായിത്തീരുകയാണ്. തൊഴിലാളിലോകം അതിൻെറ ഒരു പ്രത്യേകാഘോഷദിനമായി അവകാശപ്പെടുകയും ആചരിക്കുകയും ചെയ്തുപോരുന്ന ഇന്നു—മേയ്മാസം ഒന്നാംതിയതി—ക്രിസ്തുവിൻെറ പ്രതിനിധിയായ നാം ഒരിക്കൽക്കൂടി പ്രസ്തുത ഉത്തരവാദിത്വത്തേയും കർത്തവ്യത്തേയും വ്യക്തമായി പ്രഖ്യാപിക്കുന്നതിനു അഭിലഷിക്കുന്നു. തൊഴിലിൻെറ മാന്യതയെ എല്ലാവരും മനസ്സിലാക്കണമെന്നും, ഈ മാന്യതയെ ആധാരമാക്കി അവകാശങ്ങളും കർത്തവ്യങ്ങളും നീതിപൂർവ്വം വിതരണം ചെയ്യപ്പെടുകയെന്നുള്ള അടിസ്ഥാനത്തിൽ ഒരു സാമൂഹികവ്യവസ്ഥയും നിയമനിർമ്മാണവും നിർവ്വഹിക്കപ്പെടണമെന്നുമാണ് നാം നിർദ്ദേശിക്കുന്നത്.

"ഈവിധത്തിൽ മേയ്ദിനം, ഒരു ക്രിസ്തീയസ്നാനം സ്വീകരിച്ചാലെന്നവണ്ണം ക്രിസ്ത്യൻതൊഴിലാളികളാൽ ആചരിക്കപ്പെടട്ടെ. അതു മത്സരമനോഭാവത്തെ കുത്തിവയ്ക്കുന്നതിനും വെറുപ്പും അക്രമവും പ്രകടിപ്പിക്കുന്നതിനുമുള്ള ഒരവസരമാകാതിരിക്കട്ടെ. പ്രത്യുത സാമൂഹികസമാധാനസംപ്രാപ്തി കൈവരുത്തുവാൻ ആധുനികസമുദായത്തോടുള്ള നിരന്തരമായ ഒരാഹ്വാനമായിരിക്കട്ടെ അതു. അതുകൊണ്ടു അതൊരു ക്രിസ്തീയതിരുനാളായിരിക്കട്ടെ. തൊഴിലിൽ വ്യാപൃതരായിരിക്കുന്നവരെല്ലാം മാതൃകയായ മഹാകുടുംബത്തിൻെറ ക്രിസ്തീയാദർശങ്ങൾ വിജയപൂർവ്വകമായും വ്യക്തമായും പൂർത്തീകരിക്കുന്നതിനു സഹായകമായവിധത്തിൽ ആഡംബരപൂർവ്വം അതാചരിക്കപ്പെടട്ടെ. ഈ ആശയം നിങ്ങളുടെ മനസ്സിൽ ദൃഢമൂലമാകുന്നതിനു തൊഴിലാളിയായ വിശുദ്ധ യൗസേപ്പിൻെറ അഭിധാനത്തിൽ ഒരു തിരുനാൾ സ്ഥാപിക്കുന്നതിനു നാം നിശ്ചയിക്കുകയും അതിപ്പോൾ സ്ഥാപിതമായതായി പ്രഖ്യാപിക്കുകയും ചെയ്തുകൊള്ളുന്നു. മേയ്മാസത്തിലെ ആദ്യദിവസം തന്നെ അതാചരിക്കപ്പെടുകയും ചെയ്യും. പ്രിയപ്പെട്ട തൊഴിലാളികളേ, ഈ സംഭാവന നിങ്ങൾ ഇഷ്ടപ്പെടുന്നുവോ? തീർച്ചയായിട്ടും നിങ്ങളിഷ്ടപ്പെടുന്നുവെന്നു നമുക്കുറപ്പുണ്ട്. എന്തുകൊണ്ടെന്നാൽ നസ്രത്തിലെ വിനീതനായ തൊഴിലാളി കായികാദ്ധ്വാനത്തിൻെറ മാന്യതയുടെ മകുടോദാഹരണമായി ദൈവസന്നിധിയിലും തിരുസഭയിലും പ്രശോഭിക്കുന്നുവെന്നു മാത്രമല്ല അദ്ദേഹം എന്നും, നിങ്ങളുടേയും നിങ്ങളുടെ കുടുംബങ്ങളുടേയും ശ്രദ്ധാലുവായ സംരക്ഷകനുമാണല്ലോ." എന്നിപ്രകാരമാണ് പരിശുദ്ധ പിതാവ് അവരോടു സംസാരിച്ചത്. ഏവംവിധം തൊഴിലിൻെറ മാന്യതയെ ഉയർത്തിപ്പിടിക്കുന്നതിനും, തൊഴിലാളികളോടു തിരുസഭയ്ക്കും മാർപ്പാപ്പാക്കുമുള്ള അനുകമ്പയും സ്നേഹവും വിശദമാക്കുന്നതിനും, പ്രതിലോമശക്തികളുടെ വഞ്ചനാപരമായ പ്രചാരണതന്ത്രങ്ങൾക്കു അവർ വശംവദരാകാതിരിക്കത്തക്കവണ്ണം ക്രിസ്തീയാദർശങ്ങളിൽ ഉറച്ചുനില്ക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും, ഇവയെല്ലാം ചിരന്തനമായ അനുസ്മരണവും അഭിനിവേശവും അനുഗ്രഹങ്ങളും കൈവരുമാറ് മേയ്ദിനത്തെ പവിത്രീകരിക്കുന്നതിനു തൊഴിലാളിയൗസേപ്പിൻെറ തിരുനാളേർപ്പെടുത്തുന്നതിനും അവിടുന്നു ഈ അവസരത്തെ ഉപയോഗപ്പെടുത്തി. അതിൻെറ പ്രഥമവാർഷികം സമാഗതമാകുന്ന ഈ മേയ് 1-ാം തീയതി ചെർപ്പോഴ് തൊഴിലാളിലോകം മുഴുവനും അതിപ്രധാനമായ ഈ സംഭവത്തെ അനുസ്മരിക്കുകയും യഥാവിധി ആഘോഷപൂർവ്വം ആചരിക്കുകയും ചെയ്യാതിരിക്കയില്ല. തൊഴിലുടമകളും പൊതുജനങ്ങളും ഓരോ സ്ഥലങ്ങളിലും തൊഴിലാളികൾ നടത്തുന്ന ആഘോഷങ്ങളോടു സർവ്വാത്മനാ സഹകരിക്കുകയും അതിൻെറ വിജയത്തിനുവേണ്ട എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുകയും ചെയ്യണമെന്നു ശക്തിയായി ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളുന്നു. തൊഴിൽപ്രശ്നം സർവ്വപ്രധാനമായ ഇന്നത്തെ സാമൂഹികപ്രശ്നമാണെന്നും എല്ലാവർക്കും അതിൽ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ബന്ധമുണ്ടെന്നും പ്രത്യേകം എടുത്തു പറയേണ്ടതായിട്ടില്ലല്ലോ.

### ചിന്താവിഷയങ്ങൾ

മേല്പറഞ്ഞ പ്രഭാഷണത്തിൻെറ ആരംഭത്തിൽ പ്രസ്തുത സംഘടനയുടെ കർത്തവ്യങ്ങളെ പരിശുദ്ധപിതാവു അനുസ്മരിച്ചു. ഭാഗം തൊഴിൽപരമായ പ്രശ്നത്തിൽ എല്ലാവർക്കും മാർഗ്ഗനിർദ്ദേശം നൽകുന്നതാണ്. "ആരംഭം മുതൽ നിങ്ങളുടെ സംഘടനയെ വിശുദ്ധ യൗസേപ്പുപിതാവിൻെറ സംരക്ഷണത്തിനു നാം കയ്യേല്പിച്ചു. നിങ്ങളുടെ ജീവിതത്തിൽ സുവിശേഷത്തിൻെറ ചൈതന്യത്തെ പകരുന്നതിനു വിശുദ്ധ യൗസേപ്പിനെക്കാൾ ശ്രേഷ്ഠനായ ഒരു സംരക്ഷകനെ കണ്ടുകിട്ടുക സാദ്ധ്യമല്ലല്ലോ. അന്നു നാം പ്രസ്താവിച്ചതുപോലെ, ഈ ചൈതന്യം ലോകരക്ഷകനായ ദൈവമനുഷ്യൻെറ ഹൃദയത്തിൽനിന്നാണ് നിങ്ങളിലേക്കും എല്ലാ മനുഷ്യരിലേക്കും പ്രവഹിക്കുന്നത്. എന്നാൽ ക്രിസ്തുവിനോടൊത്തു കുടുംബജീവിത പ്രവർത്തനങ്ങളിൽ ഏററം അടുത്ത ബന്ധത്തിൽ ജീവിച്ചിരുന്ന അവിടുത്തെ വളർത്തുപിതാവിൽ പ്രതിഫലിച്ചിടത്തോളം മററാരിലും, ഈ ചൈതന്യം അത്ര പൂർണ്ണമായും ആഴമായും പ്രതിഫലിച്ചിട്ടില്ല എന്നതു വ്യക്തമായ ഒരു വസ്തുതയാണ്. അതുകൊണ്ടു ക്രിസ്തുവിനോടു ഒത്തുനിൽക്കുന്നതിനു നിങ്ങൾ അഭിലഷിക്കുന്നുവെങ്കിൽ, നാം ഇന്നു വീണ്ടും നിങ്ങളോടു ആവർത്തിച്ചു പറയുന്നു: "നിങ്ങൾ യൗസേപ്പിൻെറ പക്കൽ പോകുവിൻ" എന്നു.

"ആകയാൽ നിങ്ങളുടെ സംഘടന അതിൻെറ അംഗങ്ങളിലും അവരുടെ കുടുംബങ്ങളിലും തൊഴിൽലോകം മുഴുവനിലും ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തെപ്പററിയുള്ള അവബോധം സംസൃഷ്ടമാക്കട്ടെ. തൊഴിലാളികളുടെ ഇടയിൽ ക്രിസ്തീയജീവിതം നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുകയാണ് നിങ്ങളുടെ പ്രഥമകർത്തവ്യമെന്നു നിങ്ങൾ വിസ്മരിക്കരുത്. ഇതിനു നിങ്ങളുടെ മതകർമ്മങ്ങൾ നിങ്ങൾതന്നെ നിർവ്വഹിക്കുകയും മററുള്ളവരും അവ നിർവ്വഹിക്കുന്നതിനു പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രം മതിയാവുകയില്ല. മതതത്വങ്ങളെപ്പററിയുള്ള നിങ്ങളുടെ ജ്ഞാനം വർദ്ധമാനമാക്കുകയും, ദൈവത്താൽതന്നെ സംസ്ഥാപിതവും ഇന്നത്തെ തൊഴിലാളിയുടെ അവകാശകർത്തവ്യങ്ങളെപ്പററി തിരുസഭ വ്യവച്ഛേദിച്ചു പഠിപ്പിക്കുന്നതുമായ ലോകത്തിൻെറ ധാർമ്മികക്രമത്തെ അടിസ്ഥാനമാക്കിയുള്ള തത്വങ്ങളും നിങ്ങൾ ശരിയായി മനസ്സിലാക്കിയിരിക്കണം." മേയ്ദിനാചരണ പരിപാടികളിൽ അവശ്യം ലക്ഷ്യമാക്കേണ്ട കാര്യങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നതു. പാവപ്പെട്ട തൊഴിലാളികളെക്കൊണ്ടു പന്താടുന്ന നേതൃമ്മന്യന്മാരുടെ ദുഷ്ക്രിയകളെ പരാജയപ്പെടുത്തി തൊഴിലിൻെറയും തൊഴിലാളിയുടേയും മഹത്തായ മാന്യതയ്ക്കനുസരണമായ ഒരു പദ്ധതിയാണ് ഇന്നാവിഷ്കരിച്ചുനടപ്പാക്കേണ്ടതു. തൊഴിലാളികൾ കമ്മ്യൂണിസ്റ്റുകളുടെയായ വിനാശകഘടകങ്ങളുടെ വഞ്ചനയിൽ കുടുങ്ങി സ്വയം നശിക്കാതിരിക്കുന്നതിനും ലോകം മുഴുവനും അത്യാവേശപൂർവ്വം അഭിലഷിക്കുന്ന സമാധാനവും സുസ്ഥിതിയും കൈവരുത്തക്കവണ്ണവും സനാതനങ്ങളായ സത്യങ്ങളെ ആലംബമാക്കി സംഘടിതമായി പ്രവർത്തിക്കുന്നതിനു ഈ പ്രകാശനം വഴിതെളിക്കട്ടെ എന്നഭിലഷിക്കുകയും തൊഴിലാളിമഹാസിദ്ധനായ വിശുദ്ധ യൗസേപ്പ് അതിനുള്ള അനുഗ്രഹവും പ്രസാദവും പ്രദാനംചെയ്യട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

## പ്രസാധകക്കുറിപ്പുകൾ

### "കോമിൻഫോം" പിരിച്ചുവിട്ടുവത്രെ!

സോവ്യററുഷ്യക്കു വെളിയിലുള്ള രാജ്യങ്ങളിൽ ക്രെംലിനുവേണ്ടി വിധ്വംസകപ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റുകൾ കണ്ടുപിടിച്ചു നടപ്പിലാക്കിയ ഒരു പ്രസ്ഥാനമായിരുന്നു കോമിൻടേൺ അഥവാ കമ്മ്യൂണിസ്റ്റ് ഇൻറർനാഷനൽ. 1943ൽ അന്നത്തെ സാഹചര്യങ്ങളിൽ പാശ്ചാത്യപ്രജായത്തരാഷ്ട്രങ്ങളുടെ പ്രീതി സമ്പാദിക്കേണ്ട ആവശ്യംപ്രമാണിച്ച് കോമിൻടേൺ പിരിച്ചുവിട്ടതായി മാർഷൽ സ്റ്റാലിൻ പ്രഖ്യാപിച്ചു. അതു ഒരു പുറംപൂച്ചുമാത്രമായിരുന്നുവെന്നും കമ്മ്യൂണിസ്റ്റ് നിഗൂഢപ്രവർത്തനങ്ങൾ നിർബാധം തുടർന്നുപോന്നിരുന്നുവെന്നും അനുഭവത്തിൽനിന്നും തെളിഞ്ഞിട്ടുള്ളതാണ്. 1947 ഒക്ടോബർ 5-ാംനു പോളണ്ടിൽവച്ചു നടത്തപ്പെട്ട 9 യൂറോപ്യൻരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ്പ്രതിനിധികളുടെ ഒരു രഹസ്യസമ്മേളനത്തിലാണ് കോമിൻഫോമെന്ന പുതിയസംഘടന രൂപമെടുത്തതു. സോവ്യററുഷ്യ, ചെക്കോസ്ലോവാക്കിയ, ഹംഗറി, പോളണ്ട്, യൂഗോസ്ലാവ്യ, ബൾഗേറിയാ, റുമേനിയ, ഫ്രാൻസ്, ഇററലി എന്നീ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളായിരുന്നു അതിൽ പങ്കെടുത്തതു. കോമിൻഫോമിൻെറ പരിപാടികളും കോമിൻടേണിൻേറതുതന്നെയാണ് പരമാർത്ഥത്തിൽ. ലോകത്തെവിടെയുമുള്ള കമ്മ്യൂണിസ്റ്റുകൾ സോവ്യററുഷ്യയുടെ അടിമകളും അതിൻെറ അഞ്ചാംപത്തികളുമായി പ്രവർത്തിച്ചുകൊള്ളണമെന്ന കമ്മ്യൂണിസത്തിൻെറ വേദപ്രമാണം നിറവേററുന്നതിനുള്ള പദ്ധതിമാത്രമാണതു. ഓരോ രാജ്യത്തിൻേറയും സുരക്ഷിതത്വത്തെ തുരങ്കംവച്ച് അതിനെ റഷ്യക്കടിപ്പെടുത്തുന്ന ഈ നീതിവിരുദ്ധമായ ഒററിക്കൊടുക്കൽപ്രസ്ഥാനം നിറുത്തണമെന്നും ഈ സംഘടനയെ പിരിച്ചുവിടണമെന്നും സ്വാതന്ത്ര്യലോകം ആരംഭംമുതലേ മുറവിളികൂട്ടുന്നതാണ്. ജനീവായിൽ ചതുശ്ശക്തിത്തലവന്മാർ സമ്മേളിച്ച ഉന്നതതലകോൺഫറൻസിൽ റഷ്യയുടെ ഭാഗത്തുനിന്നു അങ്ങനെയൊരു പ്രഖ്യാപനം ലോകം പ്രതീക്ഷിച്ചു. കഴിഞ്ഞ വർഷം റഷ്യൻനേതാക്കന്മാർ ഇന്ത്യ സന്ദർശിച്ച അവസരത്തിൽ പണ്ഡിററ് നെഹ്റു അതിനവരെ നിർബന്ധിച്ചതായി റിപ്പോർട്ടു ചെയ്യപ്പെടുകയും ആ സൗമനസ്യം, അവർ അംഗീകരിച്ചുവെന്നു പറയപ്പെടുന്ന പഞ്ചശീലങ്ങളുടെ പശ്ചാത്തലത്തിൽ പ്രകടിതമാകുമെന്നു പ്രതീക്ഷിക്കപ്പെടുകയുമുണ്ടായി. പക്ഷേ ഫലം ഒന്നും ഉണ്ടായില്ല. ഇപ്പോൾ കോമിൻഫോം പിരിച്ചുവിട്ടിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെടുകയും ഈ വാർത്തയെ സോവ്യററു ഡെപ്യൂട്ടിപ്രധാനമന്ത്രി മി. അനസ്താസ് മിക്കോയൻ ഔദ്യോഗികമായി സ്ഥിരീകരിക്കുകയും ചെയ്തിരിക്കുന്നു. ആഗോളതൊഴിലാളിസർവ്വാധിപത്യം ലക്ഷ്യമായി സ്വീകരിക്കുകയും അതിൻെറ സാഫല്യത്തിനുവേണ്ടി എന്തു വഞ്ചനയും അധർമ്മവും അക്രമവും പ്രവർത്തിക്കാമെന്നു പഠിപ്പിക്കുകയും ചെയ്യുന്ന കമ്മ്യൂണിസം ആ നയം പാടെ ഉപേക്ഷിച്ചുവെന്നു ഒരു സുപ്രഭാതത്തിൽ പ്രഖ്യാപിച്ചാൽ അതു അപ്പാടെ സ്വീകരിക്കുന്നതിനു സുബുദ്ധിയുള്ള അധികംപേരുണ്ടാകുമെന്നു തോന്നുന്നില്ല. ഇന്നത്തെ റഷ്യയിലെ സംഭവപരിണാമങ്ങളെ കൂടുതൽ ഫലപ്രദമാക്കാൻ ഒരുപക്ഷേ ഈ തന്ത്രം ആവശ്യമായിരിക്കാം. സംഘടിതമായ പ്രതിഷേധത്തിൻേറയും ഔദ്യോഗികമായ എതിർപ്പുകളുടേയുംമദ്ധ്യേ ഇംഗ്ലണ്ടു സന്ദർശനത്തിൽ ഏർപ്പെട്ടിരിക്കുന്ന കമ്മ്യൂണിസ്റ്റ്നേതാക്കന്മാർക്കു അവരുടെ ലക്ഷ്യം നേടുവാൻ ഒരുപക്ഷേ ഈ പരസ്യം സഹായകമായേക്കുമെന്നവർ പ്രതീക്ഷിക്കുന്നുണ്ടാവാം. ഏതായാലും മുഖവിലയ്ക്കു ഈ നാണയം ചിലവാകുമെന്നു തോന്നുന്നില്ല.

x x x

### ഇന്ത്യയിലെ ചെറുകിട വ്യവസായങ്ങൾ

ഓരോ രാജ്യത്തിൻേറയും പൊതുവായ അഭിവൃദ്ധിയും ജനക്ഷേമവും അവിടെ നടപ്പാക്കപ്പെടുന്ന ചെറുകിട വ്യവസായപദ്ധതികളേയും തന്മൂലം സാധാരണജനങ്ങൾക്കുണ്ടാകുന്ന പുരോഗതിയേയുമാണ് പ്രധാനമായി ആശ്രയിച്ചിരിക്കുക. ഇതുനാളും ഒരു കർഷകരാജ്യമായിമാത്രം അറിയപ്പെട്ടിട്ടുള്ള ഇന്ത്യയ്ക്കു വ്യവസായീകരണം ഇന്നത്തെ സ്ഥിതിയിൽ അനിവാര്യമായിത്തീർന്നിരിക്കുകയാണെങ്കിലും പരിചയക്കുറവുകൊണ്ടു അതിൽ ഏർപ്പെടുകയെന്നതു മിക്കആളുകൾക്കും ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. അതുകൊണ്ടാണ് ഇന്ത്യയുടെ ആധുനികസംവിധാനത്തിൽ കേന്ദ്രഗവമ്മെണ്ടു വൻകിടവ്യവസായങ്ങളേയും ചെറുകിടവ്യവസായങ്ങളേയും രാജ്യത്താകെ നടപ്പാക്കുന്നതിനു ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരിക്കുന്നതു. പൊതുജനങ്ങൾ ഈ പ്രസ്ഥാനത്തിൽ കൂടുതൽ ആത്മാർത്ഥതയോടും ശുഭാപ്തിവിശ്വാസത്തോടുംകൂടി ഗവമ്മെണ്ടിൻെറ പദ്ധതികളെ പ്രായോഗികമാക്കേണ്ടതു ആവശ്യമായിരിക്കുന്നു. 1955 ജനുവരിയിൽ പ്രവർത്തനമാരംഭിച്ച ചെറുകിടവ്യവസായബോർഡ് അതിൻെറ ഇതുപര്യന്തമുള്ള പ്രവർത്തനത്തിൻെറ ഒരു റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു പൊതുജനങ്ങൾക്കു ഉൽബോധജനകമാണ്. കഴിഞ്ഞ വർഷത്തിൽ ബോംബെ, കല്ക്കട്ട, ഡെൽഹി, മദ്രാസ് എന്നിവിടങ്ങളിലാണ് വികസനകേന്ദ്രങ്ങളോടുകൂടിയ പ്രാദേശികസാങ്കേതികസഹായ ഇൻസ്റ്റിററ്യൂട്ടുകൾ ആരംഭിച്ചതു. സാങ്കേതികവിദഗ്ദ്ധന്മാർ ചെറുകിടവ്യവസായികൾക്കു സൗജന്യമായി ഉപദേശവും സഹായങ്ങളും നൽകുന്നു. അതിനുപയോഗിക്കാവുന്ന ചെറുതരം യന്ത്രങ്ങൾ കണ്ടുപിടിച്ച്

# വിവിധവൃത്താന്തങ്ങൾ

## മറെറാരു പെന്തക്കുസ്താ

ഇക്കഴിഞ്ഞ ഈസ്റ്റർദിവസം പരിശുദ്ധപിതാവ് പത്രോസിൻെറ ബസ്ലീക്കായുടെ ബാൽക്കണിയിൽനിന്നുകൊണ്ട് താഴെ തടിച്ചുകൂടിയിരുന്ന ജനങ്ങളെ അനേകഭാഷകളിൽ അഭിവാദ്യം ചെയ്യുകയുണ്ടായി. തൻെറ വാത്സല്യമക്കളുടെ ഹൃദയത്തോട് ഏററവും അടുക്കുന്നതിനുള്ള ആവേശത്തിൽ തനിക്കറിയാവുന്ന എല്ലാ ഭാഷകളുംതന്നെ അവരെ അഭിവാദ്യംചെയ്യുന്നതിനു തിരുമേനി ഉപയോഗിച്ചു. തിരുമനസ്സിലെ ഈസ്റ്റർപ്രഭാഷണം വത്തിക്കാൻ റേഡിയോ 28 ഭാഷകളിൽ പ്രക്ഷേപണം ചെയ്യുകയുണ്ടായി. ഇവയിൽ ചിലതു ഇരുമ്പുയവനികയ്ക്കു പിന്നിലുള്ള ഭാഷകളായിരുന്നു. തിരുമേനി "ലോകത്തെയും നഗരത്തെയും" ആശീർവ്വദിച്ചപ്പോൾ അങ്കണത്തിലും അതിനപ്പുറത്തു തെരുവീഥികളിലും തടിച്ചുകൂടിയിരുന്ന ജനക്കൂട്ടം ഭക്ത്യാദരപൂർവ്വം മുട്ടുകുത്തി.

ഇൻസ്റ്റിററ്യൂട്ടുകൾ അവയെ നിർമ്മിച്ചു വിതരണംനടത്തുന്നു. ഇവയുടെ പ്രവർത്തനരീതികൾ മനസ്സിലാക്കിക്കൊടുക്കുവാൻ സഞ്ചരിക്കുന്ന വർക്ക്ഷോപ്പുകൾ വ്യവസായികളുടെ ഇടയിൽ പ്രവർത്തനംനടത്തുന്നു. 56 57 വർഷത്തിൽ തിരുക്കൊച്ചി, രാജ്കോട്ട്, ലുധിയാന, പാററ്നാ എന്നിവിടങ്ങളിൽ ഓരോ ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കുന്നതാണ്. രണ്ടാംപഞ്ചവത്സരപദ്ധതി അവസാനിക്കുമ്പോഴേക്കും ഇവയുടെ എണ്ണം ഇരുപതായി വർദ്ധിക്കും. കഴിയുന്നിടത്തെല്ലാം ചെറുകിടവ്യവസായങ്ങൾക്കു യൂണിററ് ഒന്നിനു ഒന്നരയേക്കർവച്ചുവിട്ടുകൊടുക്കുന്നതിനു സംസ്ഥാനഗവമ്മെണ്ടുകളെ നിർദ്ദേശിച്ചിട്ടുണ്ട്. അതിനു സാധിക്കാത്ത സ്ഥലത്തു സബ്സിഡി നൽകുന്നതായിരിക്കും. ഈവിധത്തിൽ പല പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകുന്നതിനു കേന്ദ്രഗവമ്മെണ്ടു വ്യവസായികരണപദ്ധതികൾ സജ്ജമാക്കി പ്രവർത്തിച്ചുവരികയാണ്. എന്നാൽ ഇന്ത്യയുടെ പ്രഖ്യാപിതമായ സോഷ്യലിസ്റ്റ്മാതൃകയിൽ രാഷ്ട്രസംഘടനത്തിൻെറ ചില നിഴലുകൾ ദൃശ്യമാകുന്നതിൽനിന്നുള്ള ആശങ്കകൊണ്ടോ, ഇന്നത്തെ തൊഴിലാളിപ്രവർത്തനങ്ങൾവഴി സ്ഥാപനങ്ങൾക്കു വന്നുചേരാവുന്ന അപ്രതീക്ഷിതമായ വിപത്തുകൾ ഭയന്നിട്ടോ വ്യവസായത്തിൽ പ്രാരംഭമുതൽ മുടക്കുന്നതിനു പലരിലും വിമുഖതയാണു കാണുന്നതെന്നു പറയാതെ തരമില്ല. വ്യവസായങ്ങളുടെ പുരോഗതിക്കു ഏററം ആവശ്യമായിട്ടുള്ളതു് അതിൽ ഏർപ്പെടുന്ന മുതലാളിയും തൊഴിലാളിയും തമ്മിലുള്ള സഹകരണവും യോജിപ്പുമാണ്. അതുകൊണ്ടു് വിപ്ലവശക്തികൾ രാജ്യത്തിൽ പ്രബലപ്പെടാതിരിക്കുന്നതിനും നീതിപൂർവ്വകമായ പ്രവർത്തനങ്ങൾ നിർബാധം ഇടന്നുപോകുന്നതിനുള്ള ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഗവമ്മെണ്ട് പ്രത്യേകം ശ്രദ്ധചെലുത്താഞ്ഞാൽ വ്യവസായാഭിവൃദ്ധിക്കു ഒഴിച്ചുകൂടാത്തതാകുന്നു.

### അടുത്തആഴ്ചയിൽ

ഏപ്രിൽ

26 വ്യാ: വി. ക്ലേത്തോസും മാർസെലിനോസും

27 വെ: വി. സേരത്തോരും വി. കുവേരാസും

28 ശ: വി. കുരിശിൻെറ പൗലോസ്

29 ഞാ: ഉയിർപ്പ് 4-ാം ഞായർ

30 തി: സിയന്നായിലെ വി. കത്രീനാ

മേയ്

1 ചൊ: വി. ഫീലിപ്പോസും യാക്കോബും

2 ബു: വി. അത്തനാസിസ്

## "എല്ലാവർക്കും എല്ലാ"മായിരുന്നു

കഴിഞ്ഞ 45 വർഷക്കാലം തുടർച്ചയായി ഇംഗ്ലണ്ടിലെ കമ്പർലൻഡിൽ ക്ലീയേററർ ഇടവകയുടെ വികാരിയായിരുന്ന ഡോം എഫ്. കത്ത്ബർട്ട ക്ലോററൺ എന്ന സന്യാസിവൈദികൻ 86-ാമത്തെ വയസ്സിൽ ഈയിടെ നിര്യാതനായി. രണ്ടു മഹായുദ്ധകാലത്തും അവയ്ക്കു ഇടയിലുണ്ടായ സാമ്പത്തികാധഃപതനകാലത്തും ഏററവുമധികം ദുരിതമനുഭവിച്ച ഒരു പ്രദേശമാണു് കമ്പർലൻഡ്. പക്ഷെ ഫാദർ ക്ലോററനാകട്ടെ, തൻെറ ഇടവകാംഗങ്ങളുടെ ഇടയിൽ കൊത്തുപണി, തയ്യൽ, വസ്ത്രനിർമ്മാണം മുതലായ കുടിൽവ്യവസായങ്ങളേർപ്പെടുത്തി അവർക്കു തൊഴിലും ഉപജീവനമാർഗ്ഗവും ഉണ്ടാക്കിക്കൊടുത്തു. തന്മൂലം ദാരിദ്ര്യമോ ക്ലേശമോ അവരെ എത്തിനോക്കിയില്ല. കൃതജ്ഞതാനിർഭരരായ ആ ജനങ്ങൾ, ഒരു ലൂർദ്ദുഗ്രോട്ടോ നിർമ്മിച്ചു് ദൈവത്തോടും തങ്ങളുടെ വികാരിയോടുമുള്ള നന്ദിപ്രകാശിപ്പിച്ചു. ആ ഗ്രോട്ടോ ഇന്നു ഇംഗ്ലണ്ടിലെ ഒരു തീർത്ഥാടനകേന്ദ്രമാണ്. അദ്ദേഹത്തിൻെറ ഗുരുപ്പട്ടസുവർണ്ണജൂബിലി ആഘോഷിച്ച അവസരത്തിൽ, അന്നു പാർലമെൻറു മെംബറായിരുന്ന മി. തോമ്മസ് ഗാവൻ ഡഫി ഇങ്ങനെ പ്രസംഗിക്കുകയുണ്ടായി: "നിങ്ങളുടെ വികാരി എന്നതിനുപുറമേ ഫാദർ ക്ലോററൺ നിങ്ങളുടെ ഡോക്ടറും, നിങ്ങളുടെ വക്കീലും, നിങ്ങളുടെ ജഡ്ജിയും, നിങ്ങളുടെ എംപ്ലോയിമെൻറു ഏജൻസിയും, നിങ്ങളുടെ വിവാഹഏജൻസും, പിന്നെ മററു പലതുമായിരുന്നു."

## ഉപവാസത്തിലും മൗനത്തിലും

റഷ്യൻ നേതാക്കന്മാരായ ബുൾഗാനിനും ക്രൂഷ്ചേവും പത്തുദിവസത്തെ സന്ദർശനാർത്ഥം ഇംഗ്ലണ്ടിലെത്തിയ ഏപ്രിൽ 18-ാംനു- സ്കോട്ടലണ്ടിലുള്ള ഉക്രേനിയന്മാരായ അഭയാർത്ഥികളും, അവരോടു അനുഭാവമുള്ള മററനവധിപേരും ദിവസം മുഴുവൻ ഉപവാസത്തിലും, സന്താപനിർഭരമായ മൗനത്തിലും ചെലവഴിച്ചിരിക്കുന്നു. "ഈ നേതാക്കന്മാരും അവരുടെ നിരീശ്വരഭരണവും ദൈവത്തോടും ക്രിസ്തുമതത്തോടും കാണിച്ചിരിക്കുന്ന അതുല്യവും അദൃഷ്ടപൂർവ്വവുമായ അവഹേളനങ്ങൾക്കു. ദിവ്യവിധിയാളുടെ മുൻപിൽ അല്പമെങ്കിലും പരിഹാരം ചെയ്യുന്നതിനാണ്" അവർ ഈ ഒരു നടപടി സ്വീകരിച്ചതു്. മാത്രമല്ല, ഏപ്രിൽ 22-ാംനു- അവരൊരു പ്രാർത്ഥനാദിനമായി ആചരിക്കുകയും ചെയ്തിരിക്കുന്നു. "മൗനസഭ മർദ്ദിക്കപ്പെട്ടിരിക്കുന്ന സഭയ്ക്കുവേണ്ടിയും ചിരന്തനമായ സമാധാനത്തിനുവേണ്ടിയും അവർ ദിവ്യപൂജ കാണുകയും, പ്രത്യേകം മരിയൻ പ്രാർത്ഥനകൾ നടത്തുകയും ചെയ്തിരിക്കുന്നു.

## ഇംഗ്ലണ്ടിലെ കത്തോലിക്കരും


സോവ്യററു നേതാക്കന്മാരുടെ ഇംഗ്ലണ്ടു സന്ദർശനം പ്രമാണിച്ചു ഇംഗ്ലണ്ടിലേയും വെയിൽസിലെയും കത്തോലിക്കാഹയരാർക്കി പുറപ്പെടുവിച്ചിരുന്ന ഒരു സംയുക്തഇടയലേഖനത്തിൽ കഴിഞ്ഞ ഞായറാഴ്ച ഒരു പ്രാർത്ഥനാദിനമായി ആചരിക്കുന്നതിനും അന്നു ദിവസം എല്ലാവരും വിശുദ്ധകുർബാന സ്വീകരിക്കുന്നതിനും ഉദ്ബോധിപ്പിച്ചിരുന്നു. "വിശുദ്ധകുർബാനയുടെ സന്നിധിയിൽ നിങ്ങൾ മുട്ടിന്മേൽനിന്നു, ക്രിസ്തുവിൻെറ ശത്രുക്കൾക്കുവേണ്ടി, അവിടുന്നു കുരിശിൽകിടന്നു ചെയ്തതുപോലെ, നിങ്ങൾ മാപ്പിരക്കുവിൻ. മതപീഡനത്തിൽപെട്ടു വലയുന്നവരെ സമാശ്വസിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നമ്മുടെ ദിവ്യനാഥയോടും അവിടുത്തെ വാത്സല്യമാതാവിനോടും യാചിക്കുവിൻ. എല്ലാ ക്രിസ്ത്യാനികളെയും വേദനപ്പെടുത്തുകയും വിഷമിപ്പിക്കുകയും ചെയ്യുന്ന ആത്മീയമായ ആ സംഭവം (അവരുടെ ആഗമനം), അങ്ങനെ ദൈവത്തിൻെറ പ്രത്യേകാനുഗ്രഹത്താൽ, കുരിശിൻെറ ഛായയിൽ കഴിഞ്ഞുകൂടുന്നവർക്കു പ്രത്യാശയുടെയും പ്രോത്സാഹനത്തിൻെറയും ഒരു സന്ദേശമായിത്തീരട്ടെ"യെന്നാണ് സംയുക്തഇടയലേഖനത്തിൽ പ്രസ്താവിച്ചിരുന്നതു്.

## വർണ്ണവിവേചനം നോക്കിയില്ല

ക്ഷേണാഫ്രിക്കയിൽ ഡർബാനിലെ ലിജീയൻ ഓഫ് മേരിയിൽപെട്ട 500 അംഗങ്ങൾ ഭദ്രാസനദേവാലയത്തിൽ സമ്മേളിച്ചു പരിശുദ്ധകന്യകാമറിയത്തോടുള്ള പ്രതിജ്ഞ നവീകരിച്ചിരിക്കുന്നു. ഗവമ്മെൻറു വർണ്ണവിവേചനനിയമം ശക്തമായി നടപ്പിൽ വരുത്തിയിരിക്കുകയാണെങ്കിലും, കറുത്തവർഗ്ഗക്കാരും വെളുത്തവർഗ്ഗക്കാരും യൂറോപ്യന്മാരും അല്ലാത്തവരും ഒന്നുപോലെ ഇതിൽ സംബന്ധിച്ചിരുന്നു. കൂട്ടത്തിൽ ഏററം പ്രായംകൂടിയ ആൾ 83 വയസ്സുള്ള മി. വിൻസെൻറു ലോറൻസ് ആയിരുന്നു. ഡർബാനിലെ ഇൻഡ്യൻസമൂഹത്തിൻെറ നേതാവായ മി. ലോറൻസ് എട്ടുവർഷക്കാലം മഹാത്മാഗാന്ധിയുടെ പ്രൈവററു സിക്രട്ടറിയായി ജോലിനോക്കിയിട്ടുള്ള ആളാണ്. ഓരോ വർഗ്ഗക്കാരും അവരുടെ സ്വന്തം ഭാഷയിലാണ് ഈ പ്രകടനവേളയിൽ ജപമാല ചൊല്ലിയതു്.

## കുട്ടികൾ തീരുമാനിക്കട്ടെ എന്നു

14 വയസ്സിൽ കൂടുതൽ പ്രായമുള്ള കുട്ടികൾക്കു മതപഠനം വേണമോ എന്നകാര്യം തീരുമാനിക്കുവാൻ അവരുടെ മാതാപിതാക്കന്മാർക്കു അധികാരമില്ലെന്നും, അതു് ആ കുട്ടികൾതന്നെ തീരുമാനിക്കേണ്ടതാണെന്നും കമ്മ്യൂണിസ്റ്റധീനമായ കിഴക്കൻ ജർമ്മനിയിലെ പ്രതിനിധിസഭാ പ്രസിഡൻറു തീരുമാനിച്ചിരിക്കുന്നു. സ്കൂളുകളിൽ മതപഠനം നൽകുന്നില്ലാത്തതുകൊണ്ടു മതപഠനം വേണമെന്നുള്ള കുട്ടികൾ രേഖാമൂലം ഇടവകവികാരിയോടു് ആവശ്യപ്പെടണമത്രേ. മതപഠനത്തിൻെറ കാര്യത്തിലേ ഈ വിവേചനമുള്ളു. നിരീശ്വരത്വം പഠിക്കണമോ വേണ്ടയോയെന്നു തീരുമാനിക്കുവാൻ കുട്ടികൾക്കും അധികാരമില്ല. അതു സ്റേററിനാണത്രേ. സ്കൂളിൽ നിരീശ്വരത്വപഠനം സൗജന്യമായി നൽകുകയും ചെയ്യുന്നു. അതാണത്രേ കമ്മ്യൂണിസ്റ്റുകാരുടെ മതസ്വാതന്ത്ര്യം.



വിശുദ്ധിയത്തിൽ
വക്കീ ജോസഫ് മാപ്പിള
ദ്വിതീയ ചരമവാർഷികം
24—4—1956
ദയാപരനായ ഈശോ, ഈ ആത്മാവിന് നിത്യാശ്വാസം കൊടുത്തരുളേണമെ

## ദൈവത്തെ ഓർത്തുതുടങ്ങി

സോവ്യററ്നേതാവും കമ്മ്യൂണിസ്റ്റു പാർട്ടി സിക്രട്ടറിയുമായ മി. ക്രൂഷ്ചേവ് ലണ്ടനിലെ സോവ്യററു് എംബസിയിൽനടന്ന വിരുന്നുസല്ക്കാരവേളയിൽ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: "തിരഞ്ഞെടുക്കുന്ന അയല്ക്കാരൊന്നിച്ചു് നമ്മൾ ജീവിക്കരുതു്. എന്നാൽ ദൈവം അയക്കുന്നവരുമൊന്നിച്ചു ജീവിക്കണം." മി. ക്രൂഷ്ചേവ് ഒരു പഴഞ്ചൊല്ല് ഉദ്ധരിക്കുകയായിരുന്നു. എന്നിരുന്നാലും തൻെറ വാദത്തിനു് ആധാരമായിട്ടാണ് ഈ വാക്യം അദ്ദേഹം ഉദ്ധരിച്ചതു്. ഈ ആശയത്തിൻെറ അടിസ്ഥാനത്തിൽ അന്താരാഷ്ട്രീയ പ്രശ്നങ്ങളെ സമീപിക്കുകയാണെങ്കിൽ, യാതൊരു കാര്യത്തിലും അഭിപ്രായവ്യത്യാസം ഉണ്ടാകയില്ലെന്നു അദ്ദേഹം സമർത്ഥിക്കുകയുംചെയ്തു. അതായതു ലോകസമാധാനസംസ്ഥാപനത്തിനു ദൈവനിശ്ചിതമായ വ്യവസ്ഥിതിയെ നാം പാലിക്കണമെന്നു്, പരോക്ഷമായിട്ടെങ്കിലും അദ്ദേഹം സമ്മതിച്ചിരിക്കുന്നു.

## സ്റ്റാലിൻ സാറിൻെറ ഏജൻറ്

കമ്മ്യൂണിസ്റ്റുകാരുടെ സർവ്വജ്ഞനായ നേതാവായിരുന്ന മാർഷൽ സ്റ്റാലിൻ ഒരു മർദ്ദകനും ജനദ്രോഹിയുമായിരുന്നെന്നു കമ്മ്യൂണിസ്റ്റുകാർതന്നെ ഇപ്പോൾ ആക്ഷേപിച്ചുവരികയാണല്ലോ. ഒക്ടോബർവിപ്ലവത്തിനു മുൻപു സ്റ്റാലിൻ സാർചക്രവർത്തിയുടെ ഒരു സി. ഐ. ഡി. യായിരുന്നുവെന്നു ചെമ്പടയിലെ ഒരു ജനറലും സോവ്യററു് രഹസ്യപ്പോലീസുദ്യോഗസ്ഥനുമായിരുന്ന അലക്സാണ്ടർ ഓർലോഫ് വെളിപ്പെടുത്തിയിരിക്കുന്നു. താൻ സാറിൻെറ സി. ഐ. ഡി. ആയിരുന്ന വസ്തുത പല ഉന്നതസ്ഥാനികൾക്കും അറിയാമായിരുന്നതുകൊണ്ടാണ് അധികാരത്തിൽ വന്ന ഉടനെ സ്റ്റാലിൻ, ശുദ്ധീകരണത്തിൻെറ പേരിൽ അവരെയെല്ലാം നിഷ്ക്കരുണം വധിച്ചതെന്നും മി. ഓർലോഫ് വെളിപ്പെടുത്തിയിരിക്കുന്നു. ഈവക കാര്യങ്ങൾ മുൻപു് ആരെങ്കിലും ചൂണ്ടിക്കാണിച്ചിരുന്നെങ്കിൽ അവർ പിന്തിരിപ്പന്മാരും ബൂർഷ്വാകളുമായി മുദ്രയടിക്കപ്പെടുമായിരുന്നു. സ്വാർത്ഥത്തിനുവേണ്ടിയാണെങ്കിലും ഇപ്പോൾ കമ്മ്യൂണിസ്റ്റുകാർതന്നെ അവ വെളിപ്പെടുത്താതെ നിവൃത്തിയില്ലെന്നുവന്നിരിക്കുന്നു.

—o—

## വിദേശവാർത്തകൾ

—ആസ്ത്രേലിയായിലെ മെൽബോണിൽ സ്കൗട്ടുകളുടെ പ്രയത്നഫലമായി, സ്കൗട്ടുകൾക്കുവേണ്ടി പണികഴിപ്പിച്ചിട്ടുള്ള പ്രഥമദേവാലയം ഈയിടെ വെഞ്ചരിക്കുകയുണ്ടായി. "സ്കൗട്ടുകളുടെ നാഥ"യായ പരിശുദ്ധ കന്യകമറിയത്തിനാണ് ഈ ദേവാലയം പ്രതിഷ്ഠിച്ചിരിക്കുന്നതു്.

—കഴിഞ്ഞ 30 വർഷങ്ങളായി എല്ലാ ദുഃഖവെള്ളിയാഴ്ചയും പബ്ബുകളിൽനിന്നു ശേഖരിച്ചു


തെക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ചു്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.



ന്ന ബവേറിയായിലെ തെറീസന്യൂമാനെ സന്ദർശിക്കുന്നതിന് ഇക്കൊല്ലം 6000 തീർത്ഥകർ കൊന്നേസ്രേത്തിലെത്തിയിരുന്നു എന്നാൽ ഇക്കൊല്ലം യാതൊരു സന്ദർശകരേയും തെറീസ സ്വീകരിക്കുകയുണ്ടായില്ല കഴിഞ്ഞ കൊല്ലത്തെപ്പോലെതന്നെ ഇക്കൊല്ലവും രക്തം ചിന്തലും പീഡാസഹനവും ഉണ്ടായിരുന്നു

—ഇററലിയിലെ ഒരു വീട്ടുവേലക്കാരിയായിരുന്ന ജർത്രൂദ് കൊമൻസോളിയെ അനുഗ്രഹീതയെന്നു പേരുചൊല്ലിക്കുന്നതിനുള്ള നടപടികൾ റീത്തുകളുടെ തിരുസംഘം ആരംഭിച്ചിരിക്കുന്നു. 1847 ൽ ജാതയായ ജർത്രൂദ് 1903-ൽ നിര്യാതയായി. "ഇൻസ്റ്റിററ്യൂട്ട് ഓഫ് ദി സിസ്റ്റേഴ്സ് ഓഫ് ദി ബ്ലസ്ഡ് സാക്രമെൻറ്" എന്ന സന്യാസിനീസമൂഹത്തിന്റെ സ്ഥാപകയാണു ജർത്രൂദ്.

—മോസ്കോയിലെ ഫ്രഞ്ച് കത്തോലിക്കാദേവാലയത്തിൽ ഇക്കൊല്ലം ദുഃഖശനിയാഴ്ച രാത്രി നടന്ന ദിവ്യപൂജ മോസ്കോ റേഡിയോ 5 മിനിററുനേരത്തേക്കു പ്രക്ഷേപണം ചെയ്യുകയുണ്ടായി. ഉക്രയിൻ, ബൈലോറഷ്യ, ബാൾട്ടിക് റിപ്പബ്ലിക്ക് മുതലായ സ്ഥലങ്ങളിൽ കത്തോലിക്കർ ഈസ്റ്റർ ആഘോഷിച്ചതായി പ്രക്ഷേപകൻ പറയുകയുണ്ടായി. സാക്ഷാൽ റഷ്യയിലെ കാര്യം മാത്രം മിണ്ടിയില്ല.

—അമേരിക്കയിൽ സെൻറ് ലൂയിസിൽ 250 ലക്ഷം ക. ചെലവഴിച്ച് കെട്ടിടങ്ങളായി നിർമ്മിച്ചിരിക്കുന്ന കർദ്ദിനാൾ ഗ്ലെനോൺ മെമ്മോറിയൽ ആശുപത്രി 2 മെത്രാപ്പോലീത്താമാരുടെയും 10 മെത്രാന്മാരുടെയും സാന്നിദ്ധ്യത്തിൽ, അയർലൻഡിൽ അർമാഗിലെ മെത്രാപ്പോലീത്തായായ കർദ്ദിനാൾ ഡി ആൽട്ടൺ ആശീർവദിച്ചിരിക്കുന്നു. ഐറിഷ് സ്വദേശിയനായ കർദ്ദിനാൾ ഗ്ലെനോൺ, 1946-ൽ കർദ്ദിനാൾസ്ഥാനം സ്വീകരിച്ച് അമേരിക്കയിലേക്കു മടങ്ങുന്നവഴിക്കു മൃതനാകുകയാണുണ്ടായതു്. 20 ദിവസമേ അദ്ദേഹം കർദ്ദിനാളായിരുന്നുള്ളു.

—ഒരു പ്രസിദ്ധ ഗണിതശാസ്ത്രജ്ഞനും ജ്യോതിശ്ശാസ്ത്രകാരനുമായിരുന്ന എഡിൻബറോയിലെ സർ എഡ്മൺഡ് വിറേക്കർ 82-ാമത്തെ വയസ്സിൽ മാർച്ച് 24-ാംനു നിര്യാതനായിരിക്കുന്നു. 1912 മുതൽ 1946 വരെ എഡിൻബറോ സർവ്വകലാശാലയിൽ ഗണിതശാസ്ത്രപ്രൊഫസറായിരുന്നു അദ്ദേഹം. 1930 ലാണ് അദ്ദേഹം കത്തോലിക്കനായതു്. പോണ്ടിഫിക്കൽ സയൻസ് അക്കാഡമിയിലെ ഒരു അംഗമായിരുന്ന അദ്ദേഹത്തിനു പ്രോ എക്ലേസിയാ എത് പോണ്ടിഫിച്ചേ എന്ന പേപ്പൽബഹുമതിയും ലഭിച്ചിരുന്നു.

—ഒരു സുപ്രസിദ്ധ ഫ്രഞ്ചുഗ്രന്ഥകാരനായ എം. ഡാനിയൽ റോപ്സിനെ ഫ്രഞ്ച് അക്കാഡമിയിലെ ഒരു അംഗമായി സ്വീകരിച്ചിരിക്കുന്നു. "40 അമർത്ത്യന്മാർ" എന്നറിയപ്പെടുന്ന അക്കാഡമിഅംഗങ്ങളിൽ ഏററം പ്രായക്കുറവുള്ള ആളാണ് 55 വയസ്സുള്ള മി. ഡാനിയൽ. 50 ലധികം ഉത്തമകത്തോലിക്കാഗ്രന്ഥങ്ങളുടെ കർത്താവായ ഇദ്ദേഹത്തിന്റെ ഏററവും നല്ല കൃതി "ഈശോ അവിടുത്തെ കാലത്ത്" എന്ന ഗ്രന്ഥമാണ്.

—ഫാത്തിമായിൽ സ്ഥാപിതമായിരിക്കുന്ന, പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനുംവേണ്ടിയുള്ള സർവ്വരാജ്യകേന്ദ്രത്തിന്റെ ഉൽഘാടനം അടുത്ത ഒക്ടോബർമാസത്തിൽ കർദ്ദിനാൾ തിസ്സെരാണ്ട് തിരുമേനി നിർവ്വഹിക്കുന്നതാണ്. എല്ലാ യൂറോപ്യൻരാജ്യങ്ങളും ഈ കേന്ദ്രത്തിലെ ഓരോ മുറി പണിയുന്നതിനുള്ള ചെലവു വഹിക്കുന്നുണ്ട്.

—പോളണ്ടിലെ കാസ്മീർരാജാവു "പോളണ്ടിന്റെ രാജ്ഞി"യായി പരിശുദ്ധ കന്യകമറിയത്തെ പ്രതിഷ്ഠിച്ചതിന്റെ 300-ാം വത്സരപൂർത്തിപ്രമാണിച്ച് ഈ മേയ് 3-ാം തീയതിമുതൽ 1957 മേയ് 3 വരെ ഒരു മരിയൻവത്സരം കൊണ്ടാടുന്നതിനു പോളണ്ടിലെ ഹയരാർക്കി തീരുമാനിച്ചിരിക്കുന്നു. മറിയത്തിന്റെ നാമത്തിൽ പോളണ്ട് വീണ്ടും ജയിക്കുമെന്നു പോളിഷ് കത്തോലിക്കർ വിശ്വസിക്കുന്നു.

—അറബി-ഇസ്രായൽ സംഘർഷാവസ്ഥയ്ക്കു ഒരു ഉപശാന്തി കണ്ടുപിടിക്കുന്നതിനായി എത്തിയിരിക്കുന്ന ഐക്യരാഷ്ട്രസെക്രട്ടറിജനറാൾ മി. ഡാഗ് ഹാമർഷോൾഡ് മാദ്ധ്യമാർഗ്ഗം റോമയിലിറങ്ങി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുകയും 20 മിനിററു സംഭാഷണം നടത്തുകയുമുണ്ടായി.

—o—

## ഇന്ത്യാവാർത്തകൾ

—കഴിഞ്ഞ 11 മാസങ്ങളായി വിദേശപര്യടനത്തിലായിരുന്ന മദ്രാസ്-മൈലാപ്പൂർ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ എസ്. എൽ. മത്യാസ് തിരുമനസ്സുകൊണ്ട് തിരിച്ചെത്തിയിരിക്കുന്നു. ഈ പര്യടനത്തിനിടയിൽ പൗരസ്ത്യതിരുസംഘത്തിന്റെ ആവശ്യപ്രകാരം ഈജിപ്റ്റിലെ കോപ്റ്റിക്കുസഭയേയും, എറിട്രിയായിലെ സഭയേയും വിസിറ്റർ അപ്പസ്തോലിക്കാ എന്ന നിലയിൽ തിരുമേനി സന്ദർശിക്കുകയുണ്ടായി.

—ഗോവയിൽ റാച്ചോൾമേജർസെമിനാരിയുടെ റെക്ടറായ വെരി റവ. ജോസ് ഫിലിപ്പ് ഡി കാർവോ കൊളാക്കോയെ തിരുസിംഹാസനത്തിൽനിന്നും പോർത്തുഗീസ് പശ്ചിമാഫ്രിക്കയിലെ കാബോ വെർഡി രൂപതയുടെ മെത്രാനായി നിയമിച്ചിരിക്കുന്നു. മോൺ: ജോസ് കൊളാക്കോ 1910-ൽ സാൽസെററിൽ ജാതനായി.

—ഇൻഡ്യൻ ടെക്നോളജിക്കൽ ഇൻസ്റ്റിററ്യൂട്ടിന്റെ ഒന്നാമത്തെ കൺവൊക്കേഷൻ ഉൽഘാടനം ചെയ്തുകൊണ്ട് പ്രധാനമന്ത്രി നെഹ്റു ചെയ്ത പ്രസംഗത്തിൽ ഇൻഡ്യക്കു ഇന്നു ധാരാളം എൻജിനീയർമാരേയും സാങ്കേതികവിദഗ്ദ്ധന്മാരേയുമാണ് ആവശ്യമുള്ളതെന്നും, അവർക്കാണു രാജ്യത്തിൽ മററാരേയുംകാൾ സേവനമനുഷ്ഠിക്കാനുള്ളതെന്നും പ്രസ്താവിച്ചിരിക്കുന്നു.

## മെത്രാൻപട്ടാഭിഷേകജൂബിലി



ഭാരതീയകത്തോലിക്കർക്കാകമാനം ആഹ്ളാദകരമായ ഒരു വാർത്തയാണു്. ഇൻഡ്യയിലെ ഒന്നാമത്തെ പേപ്പൽ ഇൻറർനൺഷ്യോയും ഇരുപതു വർഷത്തോളം ഡെലഗേററ് അപ്പസ്തോലിക്കയുമായിരുന്ന മോസ്റ്റ് റവ. ലിയോ പി. കീയർക്കെൽസ് തിരുമനസ്സിലെ മെത്രാൻപട്ടാഭിഷേക ജൂബിലി ഏപ്രിൽ 26-ാംതീയതിയാണെന്നുള്ളതു്. [അടുത്ത ഡിസംബർമാസത്തിലാണു അദ്ദേഹത്തിന്റെ ഗുരുപ്പട്ട കനകജൂബിലി] ഡോക്ടർ കീയർക്കെൽസ് തിരുമേനി മെത്രാപ്പോലീത്തായായിരുന്ന കഴിഞ്ഞ കാൽനൂററാണ്ടിൽ 21 കൊല്ലവും ഇൻഡ്യയിൽതന്നെ താമസിച്ചു ഇൻഡ്യയ്ക്കുവേണ്ടി ജോലിചെയ്യുകയാണ് അദ്ദേഹം ചെയ്തതു്. ദീർഘകാലത്തെ അദ്ധ്വാനത്തിനുശേഷം ഇപ്പോൾ റോമയിലെ പാഷനിസ്റ്റ്സന്യാസമന്ദിരത്തിൽ അദ്ദേഹം വിശ്രമിച്ചുകൊണ്ടിരിക്കുകയാണു്. നാം അത്യധികം കടപ്പെട്ടിരിക്കുന്ന അവിടുത്തെ ഈ ജൂബിലിവേളയിൽ, അവിടുത്തെ ആയുരാരോഗ്യസൗഖ്യങ്ങൾക്കായും നിയോഗങ്ങൾക്കായും പ്രാർത്ഥിക്കുവാൻ ചുമതലപ്പെട്ടവരാകുന്നു.

—ഉപകാരമുള്ള കന്നുകാലികളെ കൊല്ലുകയോ, മുറിവേല്പിക്കുകയോ, വിഷമേല്പിക്കുകയോ ചെയ്യുന്നവർക്കു അഞ്ചുകൊല്ലംവരെ തടവുശിക്ഷയോ പിഴയോ രണ്ടുംകൂടെയോ നൽകത്തക്കവണ്ണം ഇന്ത്യൻ ശിക്ഷാനിയമം ഭേദപ്പെടുത്തുവാൻ പണ്ഡിററ് ഠാക്കൂർദാസ് ഭാർഗ്ഗവ ഇൻഡ്യൻ പാർലമെൻറിൽ അവതരിപ്പിച്ച ബിൽ, ഒന്നരമണിക്കൂർനേരത്തെ വാദപ്രതിവാദത്തിനുശേഷം മെംബർതന്നെ പിൻവലിച്ചു ബില്ലിനെ എതിർത്ത ആഭ്യന്തരവകുപ്പുമന്ത്രി മി ഡബ്ള്യു എൽ ദത്താർ പ്രസ്താവിച്ചതു് സാമൂഹ്യപരിഷ്കാരങ്ങൾ വരുത്തുന്നതിനു ശിക്ഷാനിയമത്തെ പരോക്ഷമായി അവലംബിക്കുന്നതു ശരിയല്ലെന്നായിരുന്നു.

—കമ്മ്യൂണിസ്റ്റുകാർ ജനാധിപത്യത്തിനു ഒട്ടുവളരെ ദ്രോഹങ്ങൾ ചെയ്തിട്ടുണ്ടെന്നും, എങ്ങനെ അധികാരത്തിൽ കയറിക്കൂടാം എന്നൊരൊററ ചിന്തമാത്രമേ അവർക്കുള്ളുവെന്നും, അവർ മുദ്രാവാക്യങ്ങളിൽ മാത്രമേ വിശ്വസിക്കുന്നുള്ളുവെന്നും, സാമ്രാജ്യത്വത്തിനെതിരാണെന്നു പറയുന്ന അവർ 1942-ൽ ബ്രിട്ടനെ സഹായിക്കുകയായിരുന്നെന്നും കോൺഗ്രസ് പ്രസിഡണ്ട് മി യു എൻ ധേബാർ, കമ്മ്യൂണിസ്റ്റ്പാർട്ടിസമ്മേളനം നടന്നുകൊണ്ടിരിക്കുന്ന പാലക്കാട്ടുവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

—ഡൽഹിയിലെത്തിയിരിക്കുന്ന തിരുകൊച്ചി അഡ്വൈസർ മി പി. എസ്. റാവു ആഭ്യന്തരമന്ത്രി മി. പന്തിനെ സന്ദർശിച്ചു തിരുകൊച്ചിയിലെ രാഷ്ട്രീയ സാമ്പത്തികപ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഒരു റിപ്പോർട്ടും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ചില നിർദ്ദേശങ്ങളും സമർപ്പിച്ചിരിക്കുന്നു. അദ്ദേഹം തിരുകൊച്ചിയിൽനിന്നുള്ള എം. പി. മാരേയും ചില കേന്ദ്രമന്ത്രിമാരേയും സന്ദർശിച്ച് സംഭാഷണം നടത്തുന്നതാണ്.

# വിശുദ്ധ പത്രോസിന്റെ ഭൗതികാവശിഷ്ടങ്ങൾ

വിശുദ്ധ പത്രോസിന്റെ ഭൗതികാവശിഷ്ടങ്ങൾ, അദ്ദേഹത്തിന്റെ നാമംവഹിക്കുന്ന ബസ്ലിക്കായുടെ അടിയിൽതന്നെയാണോ? ചരിത്രകാരന്മാർക്കെന്നപോലെ സാധാരണക്കാർക്കും അറിയാൻ വളരെ ഉൽക്കണ്ഠയുള്ള ഒരു പ്രശ്നമാണിതു്. അടുത്തുതന്നെ ഇതിനു സ്വീകാര്യമായ ഒരു മറുപടി നൽകുവാൻ ഭൂഗർഭശാസ്ത്രജ്ഞന്മാർക്കു സാധിക്കുമെന്നു തോന്നുന്നു.

കഴിഞ്ഞ 16 കൊല്ലങ്ങളായി വിശുദ്ധ പത്രോസിന്റെ ബസ്ലിക്കായുടെ അടിഭാഗത്തു ഭൂഗർഭശാസ്ത്രജ്ഞന്മാർ നിഷ്കൃഷ്ടമായ അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ദേവാലയത്തിന്റെ ഭിത്തികൾക്കും തറയ്ക്കും കേടുവരാതിരിക്കത്തക്കവണ്ണം വേണ്ട പണികൾ ചെയ്തുകൊണ്ട് അടിയിലുള്ള മണ്ണും കല്ലും ശ്രദ്ധാപൂർവ്വം അവർ മാററിനോക്കി. ഒന്നിനുമേലൊന്നായി പല കുഴിമാടങ്ങളും കണ്ടെത്തുന്നതിനു അവർക്കു സാധിച്ചു ഒന്നാംശതകംമുതലുള്ള പല ചരിത്രരേഖകളും, വിശുദ്ധ പത്രോസിന്റെ കുഴിമാടം അവിടെത്തന്നെയാണെന്നതിനു തെളിവുകളും അവർ കണ്ടെത്തി.

അങ്ങനെ ഒടുവിൽ വിശുദ്ധ പത്രോസിന്റെ കുഴിമാടംതന്നെ അവർ കണ്ടുപിടിച്ചു. 1950 ലെ ക്രിസ്തുമസ്സന്ദേശത്തിൽ നമ്മുടെ പരിശുദ്ധ പിതാവു്, "യാതൊരു സംശയത്തിനും വകയില്ലാത്തവിധം" ആ കുഴിമാടം കണ്ടെത്തിയ വസ്തുത ലോകത്തോടു പ്രഖ്യാപിക്കുകയുണ്ടായി. അടുത്തകാലത്തു ചരിത്രകാരകോൺഗ്രസ്സിൽ സംബന്ധിച്ചിരുന്നവരോടുചെയ്ത ഒരു പ്രസംഗത്തിൽ തിരുമേനി ഇങ്ങനെ പ്രസ്താവിച്ചു: "അതു വിശ്വസിക്കുന്നതിനു നമുക്കു മതിയായ കാരണമുണ്ടായിരിക്കുന്നു......ഉപരിയായ ഗവേഷണവും പഠനവും കൂടുതൽ നവ്യവും അമൂല്യവുമായ ജ്ഞാനം കരസ്ഥമാക്കുവാൻ നമ്മെ സഹായിക്കുന്നതാണ്."

പത്രോസിന്റെ കുഴിമാടത്തിൽനിന്നും കുറേ മണ്ണും ഏതാനും അസ്ഥികളുമാണു കിട്ടിയതു്. നിഷ്കൃഷ്ടമായ ശാസ്ത്രീയപരിശോധനകളിൽനിന്നു ആ അസ്ഥികൾ ഒരേ മനുഷ്യന്റേതാണെന്നു തെളിഞ്ഞു. ദീർഘകായനും ഉദ്ദേശം 70 വയസ്സു പ്രായമുള്ളവനുമായ ഒരുവന്റെ. എന്നാൽ ഈ അസ്ഥികളുടെ കൂട്ടത്തിൽ തലയോട്ടി ഉണ്ടായിരുന്നില്ല. പാരമ്പര്യവിശ്വാസവും അങ്ങനെയാണ്. സെൻറ് ജോൺ ലാറററൻദേവാലയത്തിലെ പ്രധാന അൾത്താരയിൽ സൂക്ഷിക്കപ്പെടുന്ന രണ്ടു തലയോട്ടികൾ വിശുദ്ധ പത്രോസിന്റേയും വിശുദ്ധ പൗലോസിന്റേയുമാണെന്നാണു പരമ്പരാഗതമായ വിശ്വാസം.

എ. ഡി. 258 ലാരംഭിച്ച ഡെഷ്യസിന്റെ മതപീഡനകാലത്തു വിശുദ്ധ പത്രോസിന്റെ ശിരസ്സും ഏതാനും ഭൗതികാവശിഷ്ടങ്ങളും കുഴിമാടത്തിൽനിന്നെടുത്തു ഭൂഗർഭാലയങ്ങളിൽ അവയുടെ രക്ഷയേയും പാവനതയേയും കരുതി ഒളിച്ചുവെക്കുകയുണ്ടായി. വിശുദ്ധ പൗലോസിന്റേയും ഏതാനും ആദിമരക്തസാക്ഷികളുടേയും ഭൗതികാവശിഷ്ടങ്ങളും ഇങ്ങനെ ഒളിച്ചുവച്ചു. വിശുദ്ധ സെബസ്ത്യാനോസിന്റെ നാമത്തിലുള്ള ഭൂഗർഭാലയത്തിലാണ് ഇവ സൂക്ഷിച്ചുവെച്ചതു്. വിശുദ്ധ പത്രോസിന്റെ ഭൗതികാവശിഷ്ടങ്ങളിൽ ഒരു ഭാഗം കുഴിമാടത്തിൽതന്നെ നിക്ഷേപിച്ചിരുന്നു. അതാണു ഖനനാവസരത്തിൽ ഭൂഗർഭശാസ്ത്രജ്ഞന്മാർക്കു ലഭിച്ചതു്.

സഭയ്ക്കു സ്വാതന്ത്ര്യം സിദ്ധിച്ചതിനുശേഷം റോമാപ്പട്ടണം പലപ്പോഴും കിരാതവർഗ്ഗക്കാരുടെ ആക്രമണത്തിനു ഇരയായിട്ടുണ്ടല്ലോ. വിലപ്പിടിപ്പുള്ള സാധനങ്ങൾ തേടിനടക്കുന്ന കൊള്ളക്കാരുടെ പിടിയിൽനിന്നു ഈ തിരുശേഷിപ്പുകളെ രക്ഷിക്കുന്നതിനുവേണ്ടി ക്രിസ്ത്യാനികൾ അവയെ ലാറററൻ ദേവാലയത്തിലേക്കു മാററിസ്ഥാപിച്ചു. 14-ാം നൂററാണ്ടിന്റെ അവസാനത്തിൽ വിശുദ്ധ പത്രോസിന്റേയും വിശുദ്ധ പൗലോസിന്റേയും തലയോട്ടികൾ ഒരു പേടകത്തിലാക്കി ലാറററൻബസ്ലിക്കായുടെ പ്രധാന അൾത്താരയിൽ സ്ഥാപിച്ചു.

ഈ രണ്ടു തലയോട്ടികളിൽ ഒന്നു കുഴിമാടത്തിൽനിന്നു കണ്ടെടുക്കപ്പെട്ട അസ്ഥികളുമായി യോജിക്കുന്നപക്ഷം വിശുദ്ധ പത്രോസിന്റെ കുഴിമാടത്തെപ്പററിയുള്ള പാരമ്പര്യവിശ്വാസം ശരിയാണെന്നും, പാരമ്പര്യവിശ്വാസപ്രകാരമുള്ള യഥാർത്ഥമായ കുഴിമാടമാണ് ബസ്ലിക്കായുടെ അടിയിൽനിന്നും കണ്ടുപിടിക്കപ്പെട്ടതെന്നും തെളിയുന്നതാണല്ലോ. ആകയാൽ ഇതുസംബന്ധിച്ച ശാസ്ത്രീയപരീക്ഷണങ്ങളിലാണു ഭൂഗർഭശാസ്ത്രകാരന്മാർ ഏർപ്പെട്ടതു്. അവരുടെ പരീക്ഷണം ഇപ്പോൾ വിജയത്തിലെത്തിയിരിക്കുന്നു. കുഴിമാടത്തിൽനിന്നും കണ്ടെടുക്കപ്പെട്ട അസ്ഥികളുടെ ഉടമസ്ഥന്റേതന്നെയാണു തലയോട്ടികളിലൊന്ന് എന്നു ശാസ്ത്രീയമായി തെളിഞ്ഞിരിക്കുന്നു. റോമയിലെ ഭൂഗർഭശാസ്ത്രംസംബന്ധിച്ച പോണ്ടിഫിക്കൽ ഇൻസ്റ്റിററ്യൂട്ടിന്റെ റെക്ടറായ മോൺ: ലൂസിയൻ ഡി ബ്രുയിൻ സന്തോഷകരമായ ഈ വാർത്ത ഇപ്പോൾ ലോകത്തിനു പ്രദാനംചെയ്തിരിക്കുന്നു.

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ " 8—12—

താഴെക്കാട്ടു കുരിശുമുത്തപ്പന്റെ
തിരുനാൾ
മേയ് 2, 3, 4 തിയ്യതികളിൽ
എട്ടാമിടം 10-ാംനു- വ്യാഴാഴ്ച
എന്നു ടി പള്ളി വികാരി



(4-ാംപേജ് തുടർച്ച)

എന്ന ഒരാശംസയോടെ എന്നെ പറഞ്ഞയച്ചു. ആ വന്ദ്യവൈദികന്റെ സ്നേഹത്തിൽനിന്നുദിച്ച ആശംസ ഇന്നും എന്റെ ഹൃദയത്തിൽ മാറൊലിക്കൊള്ളുന്നതായി എനിക്കു തോന്നുന്നു.

ഭാഗ്യാതിരേകമെന്നു പറയട്ടെ, വീട്ടിലേക്കു പോകുന്നതിനുമുമ്പ് അവിടെയുള്ള പള്ളിയിൽ ഒന്നു കയറണമെന്നു എന്നിൽ ഒരാഗ്രഹം ഉദിച്ചു. ഞാൻ പള്ളിയിലേക്കു നടന്നു. ഒരു കത്തോലിക്കാ ദൈവാലയത്തിൽ ഞാനാദ്യമായാണു പ്രവേശിച്ചതു്. അവിടെ മിന്നിപ്രകാശിച്ചിരുന്ന നീലിച്ച ഒരു ദീപം എനിക്കു സ്വാഗതമരുളി. ആ ഏകാന്തതയിൽ ഞാൻ കുറച്ചുനേരം മുട്ടുകുത്തിനിന്നു. മറെറങ്ങുനിന്നും ലഭിച്ചിട്ടില്ലാത്ത ഒരാന്തരികാശ്വാസം എനിക്കവിടെ അനുഭവപ്പെട്ടു. വിശുദ്ധ കുർബാനയിൽ സ്വയം മറച്ചുകൊണ്ടു് സക്രാരിയിൽ സന്നിധിചെയ്യുന്ന ക്രിസ്തുനാഥനെപ്പററിയായിരുന്നു അപ്പോഴത്തെ എന്റെ ചിന്ത. സാന്ത്വനപ്രദായകമായ ആ സക്രാരിസന്ദർശനം അതിൽപ്പിന്നേയും ഞാൻ പലപ്രാവശ്യം നടത്തി. അപ്പോഴൊക്കെയും എന്റെ ഹൃദയം കൂടുതലായി ദൈവത്തിന്റെ പക്കലേക്കു അടുക്കുന്നതായി എനിക്കു തോന്നിയിരുന്നു. സത്യാന്വേഷണത്തിനു് പര്യാപ്തമായ പല പുസ്തകങ്ങളും ഞാൻ ഈ അവസരത്തിൽ വായിച്ചുകൊണ്ടിരുന്നു. ഇത്തരുണത്തിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ സ്വയംകൃതജീവചരിത്രവും വായിക്കുന്നതിനു് എനിക്കിടയായി. വിശുദ്ധയുടെ ജീവിതകഥ എന്റെ ഹൃദയത്തെ ഹഠാദാകർഷിച്ചു. അവളുടെ ഉറച്ച ദൈവവിശ്വാസം, നിഷ്കളങ്കത, നിറഞ്ഞുതുളുമ്പുന്ന ദൈവസ്നേഹം, ഒരിക്കലും ഒടുങ്ങാത്ത ആത്മദാഹം, സർവ്വോപരി അവളുടെ ആത്മവിശുദ്ധി ഇവയെല്ലാം എന്നെ അത്ഭുതപരതന്ത്രനാക്കി. സകലതും തികഞ്ഞതെന്നു് കരുതിപ്പോന്നിരുന്ന എന്റെ മാതൃസഭയിലേക്കു ഞാൻ ഒന്നു തിരിഞ്ഞുനോക്കി. ഇപ്രകാരമുള്ള ഒരു ലില്ലിപ്പുഷ്പത്തെ എന്റെ മാതൃസമാരാമത്തിൽ എനിക്കു ദർശിക്കുവാൻ സാധിച്ചില്ല. വിശുദ്ധയുടെ ആത്മകഥാകഥനം എന്റെ ഹൃദയത്തെ ആഴമായി സ്പർശിച്ചു. ലക്ഷ്യം തെററിവന്ന എന്റെ ജീവിതയാനപാത്രം എത്രയുംവേഗം ശരിയായ ലക്ഷ്യത്തിലേക്കു തിരിച്ചുവിടേണ്ടതു് എന്റെ കടമയും കർത്തവ്യവുമാണെന്നു ഞാൻ മനസ്സിലാക്കി. കത്തോലിക്കാസഭയെപ്പററി ഇതരമതസ്ഥർ പറയുന്ന ആരോപണങ്ങളെല്ലാം വെറും അബദ്ധങ്ങൾമാത്രമാണെന്നു് ഞാൻ ക്രമേണ ഗ്രഹിച്ചു. ഈ അവസരത്തിൽ ദിവ്യരക്ഷകന്റെ തിരുവചനം എന്റെ ബോധത്തിലുദിച്ചു: "ഒരുവൻ നിധിയിരിക്കുന്ന ഒരു വയൽ കണ്ടശേഷം അതിനെ മാച്ചുവച്ചിട്ടു് തനിക്കുള്ളതെല്ലാം വിററു് ആ വയലിനെ കരസ്ഥമാക്കി." ദൈവം തന്റെ കൃപമൂലം നൽകിയ ഈ അമൂല്യസന്ദർഭം പാഴാക്കരുതെന്നുള്ള വിചാരത്താൽ ഞാൻ എത്രയുംവേഗം പുനരൈക്യപ്പെടാൻതന്നെ തീരുമാനിച്ചു. എന്റെ ഹൃദയത്തെ മഥിച്ചുകൊണ്ടിരുന്ന എല്ലാം പ്രതിബന്ധങ്ങളേയും ധീരധീരം ചെറുക്കുന്നതിനുള്ള ആത്മധൈര്യം ആ സക്രാരിസന്ദർശനംകൊണ്ടു് എനിക്കു ലബ്ധമായി. ദൈവമാതാവിന്റെ സഹായത്താലും പരിശുദ്ധാത്മാവിന്റെ വിസ്മയാവഹമായ പരിപാലനയാലും 1953 ആഗസ്റ്റ് 15-ാംനു ആ വന്ദ്യവൈദികന്റെ (റവ. ഫാദർ ജേക്കബ് ഞാവള്ളിൽ അവർകളുടെ) മുമ്പാകെ സത്യപ്രതിജ്ഞചെയ്തു ഞാൻ കത്തോലിക്കാസഭയിൽ പ്രവേശിക്കുകയും ചെയ്തു. അങ്ങനെ ആ ബഹുമാനപ്പെട്ട വൈദികന്റെ ആശംസ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിൽതന്നെ എന്നിൽ നിറവേറി.

ദൈവത്തിന്റെ കാരുണ്യാതിരേകത്താൽ കത്തോലിക്കാസഭയിൽനിന്നും എനിക്കു ലഭിച്ച ഫലസിദ്ധി അത്ഭുതാവഹമായിരുന്നു. കർത്താവിന്റെ വരപ്രസാദത്തിനു അസാദ്ധ്യമായി യാതൊന്നുമില്ലല്ലോ. എന്റെ ജീവിതലക്ഷ്യം എന്തെന്നു എനിക്കു മനസ്സിലായി. "തന്നെ അറിഞ്ഞു സ്നേഹിച്ചു് തന്റെ വിശുദ്ധപ്രമാണങ്ങളെ കാത്തുകൊണ്ടു് ശുശ്രൂഷ ചെയ്തു നിത്യമായി രക്ഷപെടാൻ ദൈവം എന്നെ സൃഷ്ടിച്ചു്" എന്ന ബോദ്ധ്യം എനിക്കുണ്ടായി. ഞാനെന്റെ പഴയ ജീവിതത്തിലേക്കൊന്നു കണ്ണോടിച്ചു. വഴിതെററിവന്ന ആ ജീവിതയാത്രയിൽ എന്റെ ആത്മാവിനനുഭവപ്പെട്ട ഭയങ്കരക്ഷതങ്ങൾ എന്നെ ഭയപ്പെടുത്തി. എന്റെ ആത്മാവിനു സംഭവിച്ചിരുന്ന ഓരോ മുറിവും, സർവ്വേശ്വരന്റെ പരിശുദ്ധസ്നേഹത്തിനെതിരായി ചെയ്ത അപരാധങ്ങളുമായി എന്നെ തുറിച്ചുനോക്കി. കുമ്പസാരമെന്ന ദിവ്യകൂദാശയെ ഞാൻ ശരണംഗമിച്ചു; അങ്ങനെ എന്റെ ആത്മാവിനെ ഞാൻ കഴുകിവെടിപ്പാക്കി. സ്വാതന്ത്ര്യം പ്രാപിച്ച ഒരടിമയുടെ ആശ്വാസവും ആനന്ദവും എപ്രകാരമായിരിക്കുമോ അപ്രകാരമുള്ള ഒരു ദിവ്യാനുഭൂതിയിൽ ഞാൻ നിമഗ്നനാകുകയും ചെയ്തു. കെട്ടുവാനും അഴിക്കുവാനുമുള്ള സ്വർഗ്ഗീയാധികാരം ദൈവം കത്തോലിക്കാസഭയ്ക്കാണു് കൊടുത്തിരിക്കുന്നതെന്നു് ഞാൻ ഏററുപറഞ്ഞു. സർവ്വതും വിററു നിധിയിരുന്ന വയൽ വാങ്ങിക്കുവാൻ പ്രേരണയും അനുഗ്രഹവും ശക്തിയും തന്ന ദൈവത്തിനു്—"തന്റെ കരുണയെ ഓർക്കുകയും തന്റെ ദാസനെ സഹായിക്കുകയും ചെയ്ത" ദൈവത്തിനു്—ഞാൻ സ്തോത്രം പാടി.

സത്യത്തിനു നേരെ മനപ്പൂർവ്വം കണ്ണടച്ചുകൊണ്ടു്, നീർക്കുമിളകളാകുന്ന ലൗകികസുഖങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടു് നിത്യസമാധാനത്തിലേക്കു് കാലുകുത്താൻ മടിച്ചുനില്ക്കുന്ന എന്റെ യാക്കോബായസഹോദരങ്ങൾക്കു് എന്റെ ഈ അനുഭവം അല്പമെങ്കിലും ഉപകരിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി, എന്റെ തൂലിക അനുഗൃഹീതവുമായി.

ജീവചരിത്രം

# വി. പെരെഗ്രീൻ

## അർബ്ബുദരോഗികളുടെ മദ്ധ്യസ്ഥൻ

അർബ്ബുദരോഗം (Cancer) വർദ്ധിച്ചിരിക്കുന്ന ഒരു കാലമാണല്ലോ ഇതു്. തങ്ങൾക്കൊരു സ്വർഗ്ഗീയമദ്ധ്യസ്ഥനുണ്ടെന്നു്, തങ്ങളെപ്പോലെതന്നെ അർബ്ബുദവ്യാധിയാൽ പീഡിതനായി വീരചരമം പ്രാപിച്ച ഒരു വിശുദ്ധനുണ്ടെന്നു്, അറിയുന്നതു് അർബ്ബുദരോഗികൾക്കു് ആശ്വാസകാരണമായിരിക്കും. വിശുദ്ധ പെരെഗ്രീൻ ഒ. എസ്. എം. ആണു് ആ വിശുദ്ധൻ.

വിശുദ്ധ പെരെഗ്രീൻ, ഇററലിയിൽ ഫോർളി എന്ന പട്ടണത്തിലെ കുലീനവും സമ്പന്നവുമായ ഒരു കുടുംബത്തിൽ പിതാവിന്റെ ഏകപുത്രനായി, 1265-ൽ ഭൂജാതനായി. വളരെ ചെറുപ്പത്തിൽതന്നെ ജന്മനഗരത്തിലെ രാഷ്ട്രീയപ്രവർത്തനങ്ങളിൽ അദ്ദേഹം വ്യാപൃതനായി. ഫോർളീനഗരം അന്നു് മാർപ്പാപ്പായ്ക്കെതിരായ കക്ഷികളുടെകൂടെയാണു നിലകൊണ്ടിരുന്നതു്. യുവാവായ പെരെഗ്രീൻ ഒരു പേപ്പൽവിരുദ്ധഗ്രൂപ്പിന്റെ നായകസ്ഥാനം സ്വയം ഏറെറടുത്തിരുന്നു.

വിപ്ലവാസക്തരായ ജനങ്ങളെ സമാധാനപഥത്തിലേക്കു പിന്തിരിക്കുന്നതിനായി നാലാം മാർട്ടിൻ മാർപ്പാപ്പാ വി. ഫിലിപ്പ് ബെനിസി എന്ന പുണ്യാത്മാവിനെ ഫോർളിയിലേക്കയച്ചു. ജനകീയനേതാക്കന്മാർ അദ്ദേഹ



(തിരുനാൾ—മെയ് 2)

ത്തെ കൈയേററം ചെയ്യുകയാണുണ്ടായതു്. അപകാരമതിയും വികാരവിക്ഷുബ്ധനുമായ പെരെഗ്രീൻ അനുചരന്മാരോടുകൂടി വിശുദ്ധ ഫിലിപ്പ് ബെനിസിയെ നഗരവാതുക്കൽവച്ചുതന്നെ എതിരിട്ടു. ആ സമാധാനദൂതനെ അസഭ്യപദപ്രയോഗങ്ങൾകൊണ്ടും ആയുധങ്ങൾകൊണ്ടുമാണു സ്വാഗതംചെയ്തതു്.

പെരെഗ്രീൻ തന്റെ നേതൃത്വവൈഭവം അനുയായികളെ കാണിക്കാൻതന്നെ മുതിർന്നു. അയാൾ മുന്നോട്ടുകുതിച്ചു് ആ വിശുദ്ധന്റെ ചെകിട്ടത്തു് ആഞ്ഞു് ഒരടികൊടുത്തു. അടികൊണ്ടു് അദ്ദേഹം നിലംപതിച്ചു. പക്ഷെ ആ കിടപ്പിലും തന്റെ മറേറ ചെകിടുകൂടി കാണിച്ചുകൊടുക്കുന്നതിനും, അവിവേകിയായ ആ ചെറുപ്പക്കാരനുവേണ്ടി പ്രാർത്ഥിക്കുന്നതിനും അദ്ദേഹം മറന്നില്ല. വിശുദ്ധ ബെനിസിയുടെ വീരോചിതമായ ഈ വിനയവും സൗമനസ്യവും പെരെഗ്രീന്റെ ഹൃദയത്തിൽ ആഴമായി പതിഞ്ഞു. താൻ എന്തൊരു മടയനും ധിക്കാരിയുമാണെന്നു യുവാവിനു ക്ഷണേന ബോദ്ധ്യമായി.

വിശുദ്ധ ബെനിസി ഇതിനകം തിരിച്ചുപോയിരുന്നു. പെരെഗ്രീൻ അദ്ദേഹത്തിന്റെ പിന്നാലെ മൂന്നുമൈൽ ഓടി. അദ്ദേഹത്തിന്റെ പാദത്തിങ്കൽ കണ്ണുനീരോടുകൂടി സാഷ്ടാംഗപ്രണാമം ചെയ്തു, മാപ്പിരന്നു. വിശുദ്ധ ബെനിസി ആ യുവാവിനെ സമാശ്വസിപ്പിക്കുകയും, പുണ്യവഴിയിൽ ചരിക്കുന്നതിനും, ദൈവമാതാവിനോടു കൂടുതൽ ഭക്തിയുള്ളവനായിരിക്കുന്നതിനും ഉപദേശിക്കുകയുംചെയ്തു. അനന്തമായ ദൈവപരിപാലന ഈവിധത്തിലാണു പാപിയായ പെരെഗ്രിനെ, തന്റെ വിശ്വസ്താനുയായിയാക്കിത്തീർത്തതു്.

സ്വന്ത നഗരത്തിലേക്കു പിന്തിരിഞ്ഞ ആ ചെറുപ്പക്കാരനെ പിന്നെ നാം കാണുന്നതു മാതാവിന്റെ കപ്പേളയിൽ ദീർഘനേരം പ്രാർത്ഥനാനിമഗ്നനായി കഴിയുന്നതായിട്ടാണു്. ഒരുദിവസം പരിശുദ്ധ കന്യകാമറിയം പെരെഗ്രിനു പ്രത്യക്ഷയായി, സീയെന്നായിലേക്കു പോകുവാൻ ഉപദേശിച്ചു. "സീയെന്നായിലേക്കു പോകുക. എന്റെ ദാസന്മാരെന്നു സ്വയം അഭിമാനിക്കുന്ന ഭക്തരായ ഒരു ഗണം ആളുകളെ നീ കാണും. അവരുടെ കൂട്ടത്തിൽ ചേരുക" "ഇതാണു് സ്വർഗ്ഗീയമാതാവു് തന്റെ ഈ അഭിനവഭക്തപുത്രനു നൽകിയ വാത്സല്യനിർഭരമായ ഉപദേശം.

പെരെഗ്രീൻ ആജ്ഞാപോലെ സീയെന്നായിലെത്തി, മരിയദാസർ എന്ന സന്യാസികളുടെ ആശ്രമത്തിൽചെന്നു. അവിടെ ആരാണു് പെരെഗ്രിനെ സ്വീകരിച്ചതെന്നോ? ആ പഴയ ഫിലിപ്പു ബെനിസിതന്നെ. ഫിലിപ്പ് പെരെഗ്രിനെ ആശ്രമത്തിലെ ഒരു അംഗമായി സ്വീകരിച്ചു. അതഃപരം ആ യുവാവിന്റെ പരിപൂർണ്ണതയിലേക്കുള്ള പ്രയാണം സത്വരമായിരുന്നു. ഔദ്ധത്യത്തിന്റെ ഉച്ചിയിൽ നിന്നിരുന്ന ആ ചെറുപ്പക്കാരൻ ഇപ്പോൾ വിനയത്തിന്റെ അടിത്തട്ടിലേക്കിറങ്ങി. ആജ്ഞ അനുസരിക്കുന്നതിനുവേണ്ടി മാത്രം ഒരു വൈദികനായിത്തിരുവാൻ അദ്ദേഹം സമ്മതിച്ചു.

സുദീർഘമായ 62 വർഷക്കാലം അദ്ദേഹം കഠിനമായ തപസ്സിന്റെയും പ്രാർത്ഥനയുടേയും ഒരു ജീവിതമാണു നയിച്ചതു്. മുപ്പതു വർഷക്കാലത്തിനുള്ളിൽ ഒരിക്കലെങ്കിലും അദ്ദേഹം ഇരുന്നിട്ടില്ലെന്നു പറയപ്പെടുന്നു. വെറും തറയിലാണു അദ്ദേഹം കിടന്നുറങ്ങിയിരുന്നതു്. തലയിണ പലപ്പോഴും ഒരു കല്ലായിരുന്നു. അല്ലാത്തപ്പോൾ ഭിത്തിയിൽ ചാരിയിരുന്നു ഉറങ്ങിയിരുന്നു. സാധിക്കുന്നത്ര ഏകാന്തതയും മൗനവുമാണു് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നതു്. ആദ്ധ്യാത്മികജീവിതപുരോഗതിക്കു് ഏററവും പററിയ ഉപാധികളായിട്ടാണു് ഇവയെ അദ്ദേഹം കരുതിയിരുന്നതു്.

അദ്ദേഹം ഭക്തനായ ഒരു വൈദികനായിരുന്നു. അദ്ദേഹത്തിന്റെ പ്രവചനങ്ങളിൽ അതു പ്രകടവുമായിരുന്നു. ദൈവരാജ്യം പ്രസംഗിക്കുന്നതിലും, പാപികളെ ദൈവത്തിങ്കലേക്കു സമാനയിക്കുന്നതിലും അദ്ദേഹം അക്ഷീണോത്സാഹിയായിരുന്നു. ഏതാനും കൊല്ലം സീയെന്നായിൽ താമസിച്ചുകഴിഞ്ഞപ്പോൾ, ഫോർളിയിൽ ഒരു പുതിയ ആശ്രമം ഉണ്ടാക്കുന്നതിനായി, അധികാരികൾ അദ്ദേഹത്തെ അങ്ങോട്ടയച്ചു. അങ്ങനെ പാപിയും അപഥസഞ്ചാരിയുമായി ആ പട്ടണത്തിൽനിന്നു പുറപ്പെട്ടുപോയ പെരെഗ്രീൻ ഒരു വിശുദ്ധനായി അവിടേക്കു തിരിച്ചുവന്നു.

അദ്ദേഹത്തിന്റെ വിശുദ്ധിയുടെ മാററു ലോകത്തിനു തെളിയിച്ചുകൊടുക്കുവാൻ ദൈവം തിരുമനസ്സായി. അദ്ദേഹത്തിന്റെ കാലിൽ ബീഭത്സമായ ഒരു അർബ്ബുദരോഗം പിടിപെട്ടു. ഈ വ്രണത്തിൽനിന്നു പുറപ്പെട്ട ദുർഗ്ഗന്ധം അതിദുസ്സഹമായിരുന്നു; തന്മൂലം ആരും അദ്ദേഹത്തെ സമീപിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നില്ല. യാതൊരു പിറുപിറുപ്പും ക്ഷമക്കേടും കൂടാതെ ഈ ദുസ്സഹമായ വേദനയും ക്ലേശവും അദ്ദേഹം സഹിച്ചു.

കാൽ മുറിച്ചുകളയുകയല്ലാതെ മററു രക്ഷാമാർഗ്ഗമില്ലെന്നു ചികിത്സിച്ചുകൊണ്ടിരുന്ന വൈദ്യൻ വിധിച്ചു. ഇതു പെരെഗ്രീനെ അത്യന്തം സങ്കടപ്പെടുത്തി. സഹനത്തിന്റെ വില നല്ലതുപോലെ മനസ്സിലാക്കിയിരുന്ന ഒരു പതിതസ്നേഹിയായിരുന്നു അദ്ദേഹം. മിശിഹായുടെ പീഡാനുഭവങ്ങളെയും, മറിയത്തിന്റെ വ്യാകുലതകളെയുംപററി നിരന്തരം ധ്യാനിച്ചിരുന്ന അദ്ദേഹത്തിനു് ആത്മാവുകളുടെ രക്ഷയ്ക്കായി ദൈവപുത്രനും അവിടുത്തെ മാതാവും നൽകിയ വില എത്ര ഭീമമാണെന്നു് അറിയാമായിരുന്നു. കാൽ ഛേദിച്ചുകളയുന്നതു്, ആത്മാവുകൾക്കുവേണ്ടി സഹിക്കുന്നതിനുള്ള ഒരു സുവർണ്ണാവസരം നഷ്ടപ്പെടുത്തുകയാണു്.

ശസ്ത്രക്രിയ നടത്തുവാൻ തീരുമാനിച്ചിരുന്ന ദിവസത്തിന്റെ തലേരാത്രി പെരെഗ്രീൻ തീക്ഷ്ണമായി ദൈവത്തോടു പ്രാർത്ഥിച്ചു. രാത്രിയിൽ കപ്പേളയിലേക്കു ഇഴഞ്ഞുചെന്നു്. ക്രൂശിതരൂപത്തിന്റെ മുൻപിൽ മുട്ടുകുത്തി കേണപേക്ഷിച്ചു, തന്റെ കാൽ മുറിക്കുവാൻ അനുവദിക്കരുതെന്നു്. പ്രാർത്ഥനാനിരതനായ അദ്ദേഹം അവിടെത്തന്നെ കിടന്നുറങ്ങിപ്പോയി. ക്രൂശിതനായ ക്രിസ്തു അവിടുത്തെ കരങ്ങൾ നീട്ടി വ്രണിതമായ തന്റെ കാലിനെ സ്പർശിക്കുന്നതായി സ്വപ്നത്തിൽ അദ്ദേഹം കണ്ടു. ഉറക്കത്തിൽനിന്നു് എഴുന്നേററപ്പോൾ താൻ നിശ്ശേഷം സുഖപ്പെട്ടിരിക്കുന്നതായി അദ്ദേഹം കണ്ടു. രോഗത്തിന്റെ യാതൊരു ലാഞ്ഛനപോലും അദ്ദേഹത്തിൽ അവശേഷിച്ചിട്ടില്ലെന്നു അദ്ദേഹത്തെ പിറേറദിവസം പരിശോധിച്ച ഭിഷഗ്വരന്മാർ വിധിയെഴുതി.

ഈ അത്ഭുതം പെരെഗ്രീന്റെ പ്രശസ്തിയെ വളരെയധികം വർദ്ധിപ്പിച്ചു. അർബ്ബുദരോഗികൾക്കും അത്തരത്തിലുള്ള മററു രോഗങ്ങൾ പിടിപെട്ടിട്ടുള്ളവർക്കും ഇതു വലുതായ ഒരു ആശ്വാസവും പ്രത്യാശയും പ്രദാനംചെയ്തു. അദ്ദേഹംതന്നെ വളരെയധികം അത്ഭുതപ്രവൃത്തികൾ ചെയ്തിരിക്കുന്നു. ദരിദ്രർക്കുവേണ്ടി അപ്പം വർദ്ധിപ്പിച്ചിട്ടുണ്ടു്. രോഗികളുടെമേൽ ഈശോയുടെ തിരുനാമം ഉച്ചരിച്ചു് അവരെ സുഖപ്പെടുത്തിയിട്ടുണ്ടു്. പ്രാർത്ഥനയും ഉപവാസവും മൂലം അനേകം പാപികളെ പശ്ചാത്താപത്തിലേക്കു പിന്തിരിപ്പിച്ചിട്ടുണ്ടു്. രാജ്യത്തെ വിഭ്രമിപ്പിച്ചുകൊണ്ടിരുന്ന 40 കൊള്ളക്കാരെ ഒരവസരത്തിൽ അദ്ദേഹം ദൈവതൃപ്പാദത്തിങ്കലേക്കു സമാനയിക്കുകയുണ്ടായി.

ഫാദർ പെരെഗ്രീൻ 80 വയസ്സുവരെ ജീവിച്ചു 1345 മെയ് 2-ാംനു നിര്യാതനായി. അദ്ദേഹത്തിന്റെ മരണാവസരത്തിലും അതിനുശേഷവും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യംമൂലം സംഭവി

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടംകൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിറ്റഡ്
എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി,
ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്

ഹാസ്യഭാവന

# "തിരുനാളുകാണൽ"

(ടി. എം. കുര്യാക്കോസ് ബി. എ.)

അന്നൊരു ശനിയാഴ്ചയായിരുന്നു. സമയം ഏകദേശം നാലുമണിയോടടുത്തിരുന്നു. ഞാൻ ഒരു സന്ദർശനത്തിനായി എൻെറ പിതൃസഹോദരൻെറ ഭവനത്തിൽ എത്തിയിരിക്കുകയാണ്. പിതൃസഹോദരനെന്നു പറഞ്ഞപ്പോൾ ഏകോദരസഹോദരങ്ങളെന്നു ധരിച്ചുവശാകരുതേ. പരമാർത്ഥം പറഞ്ഞാൽ നോഹിൻെറ വഴിയിലുള്ള ബന്ധത്തിലും അടുത്തതായിട്ടൊന്നുമില്ല. പിന്നെ എന്താണെന്നുവച്ചാൽ കരോട്ടുകാരു് ആ പ്രദേശത്തെ പ്രതാപവാന്മാരും, ധനവാന്മാരുമാണ്. അപ്പോൾ ബന്ധം താനെ മുളച്ചു പൊങ്ങുമല്ലോ. എൻെറ പിതാവിൻെറ സ്വന്ത സഹോദരനുണ്ട്. അവിടെ ഞാനോ മററാരെങ്കിലുമോ ആവശ്യമില്ലാതെ പോകുകതന്നെ പതിവില്ല. കാരണം പറഞ്ഞാൽ അവർ താമസിക്കുന്നതു് ഒരു ചെററക്കുടിലിലാണ്. കരോട്ടുചെന്നപ്പോൾ എന്നെ ഹാർദ്ദവമായി സ്വീകരിച്ചു. "പേരപ്പൻ" ചിറിയുടെ കോണുകൊണ്ടൊന്നു പുഞ്ചിരിച്ചിട്ടു് "എന്നാടാ തോമ്മാ" എന്നൊരു ചോദ്യവും "ഒന്നുമില്ലേ" എന്നു പ്രത്യുത്തരവും നൽകി ഒഴിഞ്ഞുമാറിനിന്നു.

അപ്പോഴിതാ മത്തുപ്പേരപ്പൻെറ ഏകമകനായ ബി. എ.ക്കു പലവുരു പരിശ്രമിച്ചിട്ടും "തനിയടിച്ച" ജോണി സിൽക്കു ജുബായും, ലിനൻദോത്തിയും ധരിച്ചു്, പൗഡറും പൂശി, സെൻറു മടിച്ചു് "ടക് ടക്" എന്നു നടന്നുവരുന്നു. ഷർട്ടിൻെറ കൈ മടക്കിവച്ചിരിക്കുകയാണെന്നും പറയാം അല്ലെന്നും പറയാം. വലത്തെ മടക്കിൽ എന്തോ നിറംമാററം. ഞാൻ സൂക്ഷിച്ചുനോക്കി. ഒരു പാക്കററു് "കത്രിക"മാർക്കു് "വെളുത്ത ബീഡി"യായിരുന്നു. കൂടെ ഒരു തീപ്പെട്ടിയും. "എങ്ങോട്ടാ ജോണിച്ചാ" ഞാനാരാഞ്ഞു.

"നമ്മുടെ പള്ളിയിൽ ഗീവറുഗീസുപുണ്യവാൻെറ തിരുനാളല്ലേ. അതിനു പോവുകയാ. അഞ്ചു സെററുകാരുടേയാ വെടിക്കെട്ട്. വരുന്നോ?" എന്നൊരു ക്ഷണനവും. ഞങ്ങൾ ഇറങ്ങുവാൻ തുടങ്ങിയപ്പോൾ പേരപ്പൻ, "എടാ ജോണീ" എന്നൊന്നു നീട്ടിവിളിച്ചു. "എന്തോ" എന്നു വിളികേട്ടതും സിഗാററുപാക്കററും തീപ്പെട്ടിയും എൻെറ കൈയിൽ വീണതും ഒരുമിച്ചുകഴിഞ്ഞു. ജോണി പേരപ്പൻെറ മുറിയിലേക്കു നടകൊണ്ടു.

"നീ എവിടെ പോവാടാ?" പേരപ്പൻെറ ചോദ്യം വരാന്തയിൽ നിന്ന എനിക്കു വ്യക്തമായി കേൾക്കാമായിരുന്നു.

"പെരുന്നാളിനു പോകുകാ" ജോണിയുടെ മറുപടി.

"ശരി. പള്ളിയിൽ എത്തിയാലുടനെ ചില പഴഞ്ചന്മാരു ചെയ്യുന്നതുപോലെ നേരെ പള്ളിയിൽക്കയറി കസർത്തുനടത്താതെ സ്നേഹിതരുമൊത്തു് പള്ളിക്കു മൂന്നുനാലു വലത്തിടണം." പേരപ്പൻ ഉപദേശം ആരംഭിച്ചു. "ആരെല്ലാം വന്നിട്ടുണ്ട്, എന്തെല്ലാം കോൺഫറൻസുകളാണ് നടക്കുന്നതു് എന്നെല്ലാം അറിയേണ്ടേ? സ്ത്രീജനങ്ങളുടെ വേഷവിധാനങ്ങളും, കുശുകുശുക്കലും, നോട്ടവും നടപ്പുമെല്ലാം നന്നായി ശ്രദ്ധിച്ചു മനസ്സിലാക്കണം. പ്രദക്ഷിണം പുറത്തിറങ്ങുമ്പോൾ ആ വിശുദ്ധന്മാരുടെ സ്വരൂപങ്ങളെ അകമ്പടിസേവിച്ചു് പ്രാർത്ഥനാനിരതനായി നടക്കാതിരിക്കുക. മൂന്നുനാലു കൂട്ടുകാരുമൊത്തു്, പുകയും കുടിച്ചു് വല്ല തണലിലും വെടിയുംപറഞ്ഞു് തിരുനാളു് കാണുക." പിന്നെ വേണമെങ്കിൽ എല്ലാററിനും പുറകെയായി സവാരി കിറങ്ങാം. ദയവുചെയ്തു് തിരുസ്വരൂപങ്ങളെ വഹിക്കുവാനും മററും ചേരാതിരിക്കരുതു്. അച്ചൻ ചിലപ്പോൾ വിളിച്ചേക്കും. അതവരുടെ കടമയാണ്. നീ ആ പൂച്ചിലെങ്ങുംപെട്ടുപോയേക്കല്ലേ. പ്രദക്ഷിണം തിരിച്ചുവന്നു പള്ളിയിൽ കയറുമ്പോൾ സാമാനം വില്ക്കുന്നവരുടെ സമീപത്തുകൂടി ഒരു പരിശോധനയ്ക്കിറങ്ങണം. അതും കഴിയുമ്പോൾ പള്ളിയിൽ പ്രസംഗമാകും. ഉച്ചഭാഷിണിയുള്ളതുകൊണ്ടു് പള്ളിയുടെ കുറെ അകലെയായി സ്ഥലംപിടിക്കുക. ദിവ്യസക്രാരിയിൽ സന്നിഹിതനായിരിക്കുന്ന ദിവ്യരക്ഷകൻെറ തിരുസന്നിധിയിൽനിന്നു്, ആദിമാതാപിതാക്കന്മാർ പാപം പിഴച്ചശേഷം ദൈവസന്നിധാനത്തിൽനിന്നും ഓടി അകന്നു നിന്നു് ആ ദിവ്യസൂക്തികളെ ശ്രവിച്ചുപോലെ നീയും ദൂരമാറി ആസ്ഥാനം ഉറപ്പിച്ചുശേഷം പ്രസംഗം കേൾക്കുക. ശൂന്യമായ പള്ളിയകത്തുനിന്നുകൊണ്ടു് ആവേശത്തോടുകൂടി പ്രബോധനംനടത്തുന്ന പുരോഹിതനെ കൊഞ്ഞനംകാണിക്കാൻ തോന്നിയേക്കാം. ഇഷ്ടംപോലെ ആയിക്കൊള്ളൂ. പ്രസംഗത്തിൻെറ സാരാംശത്തെ ഗണ്യമാക്കാതെ, ഭാഷാശൈലി, ഘടന, ആവിഷ്കരണം മുതലായവയെ കാര്യമായിക്കരുതി വിമർശനബുദ്ധ്യാ വീക്ഷിക്കുക.

"പ്രസംഗം അവസാനിച്ചാലുടനെ കരിമരുന്നുപ്രയോഗമായി. വെടിക്കെട്ടുകാണുവാൻ പരിഷ്കൃതാശയക്കാർ സാധാരണ സമ്മേളിക്കുന്ന സ്ഥലം, സ്ത്രീജനസംഘത്തിൻെറ സമീപെയാണ്. അവിടെ ചെന്നാൽ ഒററതിരിഞ്ഞു നില്ക്കരുതു്. കഴിവതും അഞ്ചും ആറും യുവജനങ്ങൾ ഒററക്കെട്ടായി കഴിഞ്ഞുകൂടുക. അവിടം വാണവും മാത്രം നോക്കിനിന്നാൽ കണ്ണിനു കേടുവരും. അതുകൊണ്ടു് സമീപസ്ഥിതരായ ചിത്രശലഭങ്ങളെ നോക്കുകയും, അവർ കേൾക്കത്തക്കരീതിയിൽ റിമാർക്കു് പാസ്സാക്കുകയും മററും ചെയ്യുക. പിന്നീടു് ആൾത്തിരക്കിനിടയിൽക്കൂടി അങ്ങോട്ടുമിങ്ങോട്ടും സവാരികഴിക്കുക. സൗകര്യാനുസരണം വെടിക്കെട്ടും മററു ചടങ്ങുകളും കഴിയുമ്പോഴേക്കും പള്ളിക്കു പത്തുപന്ത്രണ്ടു് "റൗണ്ടെ"ങ്കിലും കുറഞ്ഞതു കഴിച്ചിരിക്കണം. പക്ഷേ ഒരു കാര്യം പ്രത്യേകം ശ്രദ്ധയിൽ ഇരിക്കട്ടെ. പള്ളിയകത്തു യാതൊരു കാരണവശാലും കയറാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. ഇനി നീ പൊയ്ക്കോ. സമയം അതിക്രമിച്ചിരിക്കുന്നു"വെന്നു പറഞ്ഞു് ജോണിയെ പേരപ്പൻ യാത്രയാക്കി.

പേരപ്പൻെറ സംഭാഷണത്തിൽ ഹാസ്യരസം കലന്നിരുന്നില്ലേ എന്ന എൻെറ സംശയം വിയത്തോലിച്ചു് പേരപ്പൻെറ സന്നിധിയിൽനിന്നും കടന്നുവന്ന ജോണിയെ കണ്ടപ്പോൾ സ്ഥിരീകരിക്കപ്പെട്ടു.

---

ച്ചിട്ടുള്ള അത്ഭുതങ്ങൾക്കു കണക്കില്ല. 1609-ൽ സഭ അദ്ദേഹത്തെ അനുഗൃഹീതനെന്നു നാമകരണം ചെയ്തു. 1726-ൽ പതിമൂന്നാം ബനഡിക്ടോസുമാർപ്പാപ്പാ അദ്ദേഹത്തെ വിശുദ്ധനെന്നു പ്രഖ്യാപിച്ചു. മേയ് 2-ാംതിയതിയാണു അദ്ദേഹത്തിൻെറ തിരുനാൾ തിരുസഭ ആഘോഷിക്കുന്നതു്.

നാമകരണത്തോടനുബന്ധിച്ചു അദ്ദേഹത്തിൻെറ കുഴിമാടം തുറന്നുനോക്കിയപ്പോൾ മൃതശരീരം അക്ഷതമായിരിക്കുന്നതായി ബോദ്ധ്യപ്പെട്ടു. അതിൽനിന്നും അവർണ്ണനീയമായ ഒരു സ്വർഗ്ഗീയസുഗന്ധം പുറപ്പെട്ടു. ഒരുകാലത്തു മനുഷ്യർക്കു് അസഹ്യമായ ദുർഗന്ധം വമിച്ചിരുന്നതിനെ ക്ഷമാപൂർവ്വം സഹിച്ചു് ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങിയ അദ്ദേഹത്തിനു് ദൈവത്തിൽനിന്നുള്ള, ഏററവും ഉചിതമായ ഒരു പ്രതിസമ്മാനമായിരുന്നു ഇതു്. ഇന്നും അദ്ദേഹത്തിൻെറ മൃതശരീരം അക്ഷതമായി സ്ഥിതിചെയ്യുന്നു.

സ്പെയിൻ വിശുദ്ധ പെരഗ്രിനെ തങ്ങളുടെ മദ്ധ്യസ്ഥനായി പ്രഖ്യാപനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥ്യം മൂലം വളരെയധികം അത്ഭുതങ്ങൾ സംഭവിച്ചിട്ടുള്ള ഒരു രാജ്യമാണതു്. അവിടത്തെ കാസ്റ്റെല്ലോ എന്ന ഒരു പട്ടണത്തിൽതന്നെ 1694 മുതൽ 1726 വരെ മുന്നൂറിലധികം അത്ഭുതങ്ങൾ നടന്നിട്ടുള്ളതായി ഔദ്യോഗികാധികാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്ട്രിയാ, ഹംഗറി, ബവേറിയാ, ഇററലി മുതലായ രാജ്യങ്ങളും ഈ വിശുദ്ധനോടു അസാധാരണമായ ഭക്തിബഹുമാനങ്ങൾ പ്രദർശിപ്പിച്ചുപോരുന്നു.

അർബ്ബുദം മുതലായ വ്രണങ്ങൾ ബാധിച്ചിട്ടുള്ളവരുടെ പ്രത്യേക മദ്ധ്യസ്ഥനായിട്ടാണു സഭ വിശുദ്ധ പെരെഗ്രീനെ കണക്കാക്കിയിരിക്കുന്നതു്. ചില വിശുദ്ധന്മാരെ, അവരുടെ ജീവിതകാലത്തെ ചില പ്രത്യേക സംഭവങ്ങളെ ആധാരമാക്കി, ഇങ്ങനെ പ്രത്യേകമദ്ധ്യസ്ഥരായി പരിഗണിക്കുക സാധാരണമാണ്. ആ വിധത്തിലാണു വിശുദ്ധ പെരെഗ്രീനു "അർബ്ബുദ വിശുദ്ധൻ" എന്ന അപരനാമം സിദ്ധിച്ചതും, അദ്ദേഹം അർബ്ബുദരോഗികളുടെ മദ്ധ്യസ്ഥനായിത്തീർന്നതും.

(എം. ഒ.)

E. C. & Co., JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം & മൂവാററുപുഴ
ശരി തൂക്കം, ശരി മാററ്, അന്നന്നത്തെ നിലവാരം.
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

## പുസ്തകാഭിപ്രായം

### വി. ഗീവറുഗീസ്

[ഗ്രന്ഥകർത്താ: റവ. ഫാ. ജോർജ്ജ് കനാട്ട്. പ്രസാധകർ: സെൻറു തോമ്മസ് പ്രസ്, പാലാ. പുറം 182+16. വില 1ക.]

ക്രിസ്ത്വബ്ദം 269-ൽ പശ്ചിമേഷ്യയിൽ കപ്പദോച്ചിയാ എന്ന സ്ഥലത്തു് ഒരു കുലീനകുടുംബത്തിൽ ജാതനായി, 34-ാമത്തെ വയസ്സിൽ തൻെറ മതവിശ്വാസത്തിനുവേണ്ടി ജീവൻ ബലിസമർപ്പിച്ച ഒരു രക്തസാക്ഷിയാണു വിശുദ്ധഗീവറുഗീസ്. പിതാവിനെപ്പോലെ ഒരു പടയാളിയായിട്ടാണ് അദ്ദേഹം ജീവിതമാരംഭിച്ചതു്. ക്രമേണ സൈന്യത്തിൽ ഉയന്ന സ്ഥാനങ്ങളിലെത്തുകയും റോമാചക്രവത്തിയായിരുന്ന ഡയോക്ലിഷ്യൻെറ പ്രീതിഭാജനമാകുകയും, അങ്ങനെ ട്രിബ്യൂൺപദത്തിലേക്കുയത്തപ്പെടുകയും ചെയ്തു. ക്രിസ്തുവിൻെറ ഒരു വിശ്വസ്തനുയായിയായിരുന്ന ഗീവറുഗീസ് തീക്ഷ്ണവാനായ ഒരു അൽമയ പ്രേഷകനുമായിരുന്നു. സ്വമാതൃകയാലും ഉപദേശത്താലും അനേകരെ അദ്ദേഹം ക്രിസ്തുമതത്തിലേക്കാനയിച്ചു. അങ്ങനെയിരിക്കെയാണ് എ. ഡി. 303-ൽ ഡയോക്ലിഷ്യൻ മതപീഡനം ആരംഭിച്ചതു്. ഗീവറുഗീസ് ഒരു ക്രിസ്ത്യാനിയാണെന്നു മനസ്സിലാക്കിയ ചക്രവർത്തിയുടെ രോഷം അദ്ദേഹത്തിൻെറ നേർക്കു തിരിഞ്ഞു. പലവിധപീഡനങ്ങൾക്കുശേഷം ഗീവറുഗീസ് ശിരച്ഛേദം ചെയ്യപ്പെട്ടു.

അങ്ങനെ രക്തസാക്ഷിയായ ഗീവറുഗീസിനോടുള്ള ഭക്തി എല്ലാം രാജ്യങ്ങളിലും പ്രചരിച്ചു. ബ്രിട്ടീഷുകാർ അദ്ദേഹത്തെ തങ്ങളുടെ ദേശീയമദ്ധ്യസ്ഥനാക്കി. കേരളീയരും വിശുദ്ധനോടുള്ള ഭക്തിയിൽ ഒട്ടും പിന്നോക്കമല്ലെന്നാണു കേരളത്തിലുള്ള, അദ്ദേഹത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന അനേകങ്ങളായ ദേവാലയങ്ങൾ തെളിയിക്കുന്നതു്. അത്തരം നാല്പതോളം ദേവാലയങ്ങളെപ്പററി ഈ ഗ്രന്ഥകാരൻതന്നെ പ്രസ്താവിക്കുന്നുണ്ട്. വിശുദ്ധനെപ്പററി പ്രതിപാദിക്കുന്നവയായി ഫാദർ സെബാസ്റ്റ്യൻ മലമേൽ എഴുതിയ വി. ഗീവറുഗീസ്, മി. ജോർജ്ജ് കണക്കനാടൻെറ സെൻറു ജോർജ്ജ്, ഫാദർ പനയ്ക്കപ്പറമ്പിൽ അവർകളുടെ വി. ഗീവറുഗീസ്, മി. വറുഗീസ് കുഞ്ഞിരത്തിങ്കൽ അവർകളുടെ വി. ഗീവറുഗീസ് എന്നിങ്ങനെ പല കൃതികളും മുൻപുതന്നെ പ്രസിദ്ധീകൃതമായിട്ടുണ്ട്. അക്കൂട്ടത്തിൽ ഒടുവിലത്തേതും സാമാന്യം വിപുലവുമായ ഒരു ഗ്രന്ഥമാണ് ഫാദർ ജോർജ്ജ് കനാട്ടു തൻെറ നവപൂജാസ്മാരകമായി പ്രസിദ്ധം ചെയ്തിരിക്കുന്ന ഈ "വി. ഗീവറുഗീസ്".

വിശുദ്ധ ഗീവറുഗീസിൻെറ ജീവചരിത്രത്തെപ്പററി സമ്യക്കായ ഒരു ജ്ഞാനം ഈ പുസ്തകത്തിൽനിന്നു ലഭിക്കുന്നതാണു്. ഇതിനും പുറമേ ഇംഗ്ലണ്ടും കേരളവും വിശുദ്ധ ഗീവറുഗീസിനോടു കാണിക്കുന്ന ഭക്ത്യാദരങ്ങളെക്കുറിച്ചും ഒരു ഏകദേശജ്ഞാനം വായനക്കാരനു ലഭിക്കുന്നതാണ്. ഗ്രന്ഥത്തിൻെറ അവസാനത്തിൽ വിശുദ്ധ ഗീവറുഗീസിനോടുള്ള നവനാൾജപവും കൊടുത്തിട്ടുണ്ട്. മതത്തെയും മതമദ്ധ്യേയുംകുറിച്ചു് (26 പേജ്) ഒരു പ്രാരംഭാദ്ധ്യായം നൽകിയിരിക്കുന്നതു കഥാനായകൻ രക്തസാക്ഷിമകുടം ചൂടിയതു മതത്തിനെതിരായി നടന്ന മതമർദ്ദനഘട്ടത്തിലായതുകൊണ്ടാണെന്നും, ഭൂതർമാലയങ്ങളെപ്പററി (41 പേജ്) പ്രസ്താവിച്ചിരിക്കുന്നതു മതപീഡനകാലത്തു ക്രിസ്ത്യാനികളുടെ ജീവിതം എത്ര ആപല്ക്കരമായിരുന്നുവെന്നു കാണിക്കുവാനാണെന്നും ഗ്രന്ഥകാരൻ പറയുന്നുണ്ടെങ്കിലും, അവ സ്വയം വിജ്ഞേയങ്ങളായ രണ്ടു പ്രബന്ധങ്ങളായിരിക്കുന്നുണ്ടെങ്കിലും, ഈ ഗ്രന്ഥത്തിൽ അവ തീത്തും അപ്രസക്തവും അനാവശ്യവുമായിരിക്കുന്നുവെന്നു പറയാതെതരമില്ല. 182 പേജുള്ള ഈ പുസ്തകത്തിൽ വിശുദ്ധ ഗീവറുഗീസിൻെറ ചരിത്രം പ്രതിപാദിക്കുവാൻ 62 പേജേ ഗ്രന്ഥകാരനു വേണ്ടിവന്നിട്ടുള്ളു.

നല്ല ഒഴുക്കും ഓജസ്സുമുള്ളതാണു് ഇതിലെ ഭാഷാരീതി. നല്ല ഒരു ശൈലി ഗ്രന്ഥകാരനു സ്വാധീനമാണെന്നു ഇതിലെ ഓരോ പേജും തെളിയിക്കുന്നു. പക്ഷെ ഇതിലെ പ്രതിപാദനരീതി ഒരു ജീവചരിത്രത്തിനെന്നതിനെക്കാൾ ഒരു ആഖ്യായികയ്ക്കാണു കൂടുതൽ ഇണങ്ങുക. അതും ഒരു വിശുദ്ധൻെറ ജീവചരിത്രമാകുമ്പോൾ അതിശയോക്തിദ്യോതകങ്ങളായ പ്രയോഗങ്ങൾ പരിവജ്ജിക്കുകയാണു നല്ലതു്. "കൊച്ചുകൊച്ചു മാലാഖമാർ," (പുറം 5) വാനദൂതനെപ്പോലെ പരിശുദ്ധാത്മപ്രിയാൽ പ്രേരിതനായി," (പുറം 8) "മാതാവിൻെറ ബാല്യകാലപരിലാളനയിൽ", (പുറം 32) എന്നു തുടങ്ങിയ പ്രയോഗങ്ങൾ കൂടാതെ കഴിക്കാമായിരുന്നു. അഭിനന്ദനീയമായ വാസന പ്രകടമായിരിക്കുന്ന യുവാവായ ഗ്രന്ഥകാരൻ ചരിത്രപ്രധാനങ്ങളായ ആഖ്യായികകൾ ധാരാളമായി രചിച്ചു ക്രൈസ്തവസാഹിത്യത്തെ സമ്പന്നമാക്കട്ടെയെന്നാണ് ഞങ്ങളുടെ ആശംസ. വെരി റവ. ഡോക്ടർ സി റി കൊട്ടാരം അവർകളുടെ പ്രൗഢമായ അവതാരിക ഈ ഗ്രന്ഥത്തിനു് ഒരു അലങ്കാരംതന്നെയാണ്. ഗ്രന്ഥത്തിനും ഗ്രന്ഥകാരനും സകല വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

(J. O. M.)

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA

ഫോൺ 157.
സി.കെ.ലോനപ്പൻ & ബ്രദേഴ്സ്,
ആഭരണവ്യാപാരം
എറണാകുളം.



# ചെറുകഥ

## പഞ്ഞിയും പകിരിയും

(ചാരുമ്മൂട്)

മാവു പൂക്കുന്നതു കുട്ടികൾക്കു് ആഹ്ലാദകരമാണു്. അതിനു പിമ്പിൽ സുന്ദരങ്ങളായ ചില സ്വപ്നങ്ങളുണ്ടു് കുട്ടികൾക്കു്. എങ്കിലും പ്രായമുള്ളവർ പറയും, "മാമ്പൂവു കണ്ടും, മക്കളെ കണ്ടും മതിമറക്കരുതെ"ന്നു്.

ഞാനെന്റെ ആത്മകഥ പറയട്ടെ! അതാർക്കെങ്കിലും പ്രയോജനമുണ്ടാക്കുമെങ്കിൽ! പാവപ്പെട്ട മാതാപിതാക്കൾ. മക്കളെ വളർത്തുന്ന ചുമതല ദാരിദ്ര്യമുത്തശ്ശി ഏറെറടുത്തിരുന്നു. ഞങ്ങളുടെ കുടുംബത്തിന്റെ ഭരണം പൂർണ്ണമായി. എനിക്കോർമ്മവച്ച നാൾമുതൽ ഞങ്ങൾ ക്ലേശമനുഭവിക്കുന്നവരാണു്. ക്ലേശമനുഭവിക്കാത്തവരാരാണുള്ളതെന്നായിരിക്കും? ആ അർത്ഥത്തിലല്ല, നിത്യാവശ്യങ്ങൾക്കുപോലും വളരെയധികം മുട്ടുള്ളവർ. അങ്ങനെയുള്ളവർ മററില്ലേ? ഉണ്ടു്. നിശ്ചയമായും. പട്ടിണികിടന്നിട്ടുള്ള ദിവസങ്ങൾ ചുരുക്കമല്ല. വീട്ടിൽനിന്നൊഴിയാത്ത ഒരു മുഴുക്കൻ കുരങ്ങിനെപ്പോലെ പട്ടിണി ഞങ്ങളുടെ വീട്ടിലെ ഒരു കൂട്ടുകാരനായിരുന്നു. വസ്ത്രം! കഷ്ടിച്ചു് ചുററിയിട്ടുള്ളവ മാത്രം. വീടു്, ചെററക്കുടിൽ. പക്ഷെ, ചോർന്നൊലിക്കാറില്ല! വലിയ വീട്ടിലെ കെട്ടിമേച്ചിൽ നടത്തുന്ന കൂട്ടത്തിൽ അക്കാര്യം നടക്കും. എന്നാലും ഇതേ അനുഭവമുള്ള മററു വീടുകളെ അപേക്ഷിച്ചു ഞങ്ങളുടെ വീടു് ഒരത്ഭുതം സൃഷ്ടിച്ചിരുന്നു. അതെന്തൊന്നായിരിക്കും! ഞങ്ങളുടെ ചെററക്കുടിലിൽ കലഹവും പുലഭ്യവും—അശരണ്യ—ഉണ്ടായിട്ടില്ല. കുഞ്ഞുങ്ങൾ വിശന്നോ മറേറാ കരഞ്ഞിട്ടില്ലെന്നല്ല. അപ്പന്റെയും അമ്മയുടേയും സൗഹൃദമായിരിക്കണം ആ സമാധാനത്തിനു കാരണമെന്നു് ഇന്നു ഞാൻ വിചാരിക്കുന്നു.

ഇന്നും ഞങ്ങൾക്കു സ്വന്തം ഭൂമിയുണ്ടായിട്ടില്ല. ഒരു പാർശ്വക്കാരും ഞങ്ങളോടു കരം വാങ്ങിക്കില്ല. ഞങ്ങൾ വലിയ വീട്ടിലെ പുരയിടത്തിൽ കുടികിടപ്പുകാരാണു്. പ്രപിതാമഹന്മാർ മുതല്ല, അപ്പനാണെങ്കിൽ വലിയ വീട്ടിലെ ജോലികൾ ചെയ്യും. അതാണു പാരമ്പര്യം. കിട്ടുന്ന കൂലികൊണ്ടു ഞങ്ങൾ അരിഷ്ടിച്ചുകഴിഞ്ഞുകൂടും. വലിയ വീട്ടിലെ ജോലികൾ ചെയ്തു അവരുടെ പുരയിടത്തിൽ കുടികിടപ്പുകാരായ ഞങ്ങളുടെ വീട്ടിൽ ദാരിദ്ര്യത്തിനു കാരണം? അതിനു്, ആ നല്ല മനുഷ്യർ കാരണക്കാരല്ല.

എന്റെ അപ്പനും അമ്മയ്ക്കും ഒരാഗ്രഹം. ഞങ്ങളെ—മക്കളെ വിദ്യാസമ്പന്നരാക്കണമെന്നു്. വലിയ വീട്ടിലെ ഇന്നത്തെ കാരണവരും എന്റെ അപ്പനും മിക്കവാറും ഒരേപ്രായക്കാരാണു്. അവർ അന്യോന്യം വിശ്വസ്തരാണു്. കാരണവർക്കു് എന്റെ പ്രായം ഒരു മകൻ. അദ്ദേഹം ആ കുഞ്ഞിനെ വിദ്യാഭ്യാസം ചെയ്യിക്കാനാഗ്രഹിച്ചതുപോലെ എന്റെ അപ്പനും ആഗ്രഹിക്കുക! മാതാപിതാക്കൾക്കു മക്കളെക്കുറിച്ചുള്ള പ്രതീക്ഷയും, താല്പര്യവും. പക്ഷെ, അണ്ണാൻ ആനയെപ്പോലെ വായ് പിളർക്കുക!

ഞങ്ങൾ ഒരുമിച്ചു പഠിച്ചു. ഒരു സ്കൂളിൽ. ഒരു ക്ലാസ്സിൽ. ഇരുവരും സ്കൂൾഫൈനൽ പാസ്സായി. എനിക്കു ക്ലാസ്സുകിട്ടി. മറേറക്കുഞ്ഞിനു തേഡ്ക്ലാസ്സും. എനിക്കു വീണ്ടും പഠിച്ചാൽ കൊള്ളാമെന്നുണ്ടു്. എന്തുചെയ്യാം? ആശയ്ക്കും അതിരു വേണ്ടേ? വലിയ വീട്ടിലെ കുഞ്ഞു് കോളേജ് അഡ്മിഷനപേക്ഷിച്ചു. കാരണവർക്കുണ്ടോ മകനു് ഒരു അഡ്മിഷൻ കിട്ടാൻ പ്രയാസം!

കുട്ടികൾ പഠിക്കുന്നു. ജയിക്കുന്നു. ഒരു സാധാരണ സംഭവം. അതാരറിയുന്നു, അന്യർ. വളരെ അടുത്തവരൊക്കെ അറിഞ്ഞെന്നു വരാം. എന്നാൽ എന്റെ കാര്യം അങ്ങനെയല്ല. ഞാൻ പഠിച്ചതു പലരുടെ സഹായത്താലാണു്. അക്കൂട്ടത്തിൽ കാരണവരും. എന്നാലും എന്റെ അപ്പന്റെയും അമ്മയുടെയും കഷ്ടപ്പാടിന്റെ ഒരു നല്ല പങ്കു് അതിനു മൂലധനമായിരുന്നു. എന്റെ കൂടപ്പിറപ്പുകൾക്കു് അല്പമൊക്കെയുള്ള ദാരിദ്ര്യമകററി കഴിയാനുള്ള വകകൂടി എനിക്കുവേണ്ടി ചെലവുചെയ്തു. എന്റെ വീടിന്റെ [illegible]. അങ്ങനെ എന്റെ പഠിത്തമായിരുന്നു ഞങ്ങളുടെ വീട്ടിലെ മുട്ടിനു കാരണം.

ചിലരെല്ലാം വിജയത്തിൽ എന്നെ അനുമോദിച്ചു സംസാരിച്ചു. "പഠിക്കണം!" കൃതജ്ഞതയും കഴിവുകേടും സ്ഫുരിക്കുന്ന പുഞ്ചിരിപൊഴിച്ചു് ഞാൻ അവരുടെ മുമ്പിൽ മൗനമവലംബിച്ചു. ഒരു നല്ല വാക്കു്! "പഠിക്കണം!" അതിനാർക്കാണു നഷ്ടം. ഒരു പ്രീണിപ്പിക്കൽ. അവരും അന്യന്റെ ഉൽക്കർഷത്തിൽ തല്പരരാണല്ലോ. "പഠിക്കണം, എങ്ങനെയും പഠിക്കണം. ഒരു നല്ല ഭാവിയുണ്ടു്."

വിദ്യാഭ്യാസത്തിൽ എന്നെ കൂടെക്കൂടെ സഹായിച്ചുകൊണ്ടിരുന്ന രണ്ടുപേർ ഒരു ദിവസം രാത്രിയിൽ വീട്ടിൽ വന്നു. അപ്പനുമായി വളരെനേരം സംസാരിച്ചിരുന്നു. നല്ല രണ്ടാളുകൾ. എന്റെ അപ്പൻ ദീർഘനിശ്വാസം ചെയ്യുന്നതു് എനിക്കു കേൾക്കാമായിരുന്നു. സ്വസന്താനത്തിന്റെ കല്യാണകാര്യം മാതാപിതാക്കൾ രാത്രിയിൽ സംഭാഷണവിഷയമാക്കുന്നതു് ഉറക്കംനടിച്ചുകിടന്നു ശ്രവിച്ച ഒരു പ്രായം കൂടിക്കുന്ന സന്താനങ്ങളുടെ സമം എന്റെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ആ സംഭാഷണം ഞാൻ അവധാനം ശ്രദ്ധിച്ചു. അവർ യാത്ര പറഞ്ഞിറങ്ങുന്നതിനുമുമ്പു വളരെ ഉറപ്പിച്ചുപറഞ്ഞു: "പോകണം, നിശ്ചയമായും പോകണം. അപേക്ഷ ഉടൻ അയക്കണം. ഒരു ശുപാർശയും വേണ്ട. അഡ്മിഷൻ കിട്ടും. അഥവാ കിട്ടിയില്ലെങ്കിൽ അക്കാര്യം ഞങ്ങൾ സാധിച്ചുകൊള്ളാം. ഞങ്ങൾ വലിയ വീട്ടിലദ്ദേഹത്തെക്കൂടെ ഒന്നു കണ്ടുകൊള്ളട്ടെ. ഒട്ടും സംശയിക്കേണ്ട." അവർ രണ്ടുപേരും അത്ര തന്നെ ധനസ്ഥിതിയുള്ളവരല്ല. എങ്കിലും "ഇടങ്കൈ അറിയാതെ വലങ്കൈകൊണ്ടു" ധർമ്മം ചെയ്യുന്നു. പല നല്ല കാര്യങ്ങളും യാതൊരു ഒച്ചപ്പാടുകളും കൂടാതെ സാധിച്ചുകഴിഞ്ഞുകൂടുന്ന രണ്ടുപേർ.

എനിക്കും കോളേജ് അഡ്മിഷൻകിട്ടി. വലിയ വീട്ടിൽ കാരണവരുടെയും മററു പല അഭ്യുദയകാംക്ഷികളുടെയും, കോളേജധികൃതരുടെയും ആത്മാർത്ഥമായ സഹായം നാലുവർഷം. ഞാനൊരു ബി എസ്സ്‌സിക്കാരനായി ഫസ്റ്റ്ക്ലാസ്സ്. ഒരു ഗവ. ഹൈസ്കൂളിൽ അദ്ധ്യാപകനാകാനും താമസം വേണ്ടിവന്നില്ല

ഒരു നല്ല പേരെനിക്കു ലഭിച്ചു. ഒരു നല്ല അദ്ധ്യാപകനെന്നു പലർക്കും അഭിപ്രായമുണ്ടായി. വലിയവീട്ടിലെ കുഞ്ഞു ലോകോളേജിലേക്കുപോയപ്പോൾ ഞാൻ ബി റ്റി കോളേജിലേക്കും. എല്ലാം ദൈവനടത്തിപ്പു്.

ബി. റ്റി. കോഴ്സു കഴിഞ്ഞപ്പോൾ അല്പം അകലെ ഒരു സ്കൂളിലാണു് എന്നെ നിയമിച്ചതു്. ഞാൻ അവിടെ ഒരു പുതിയ ആൾ. ഒരു കൊച്ചുസാർ. ഓരോരുത്തരും— അദ്ധ്യാപകരും വിദ്യാർത്ഥികളും—അവരവരുടെ അളവുകോൽവച്ചു് എന്നെ അളന്നുകൊണ്ടിരുന്നു. ഒരു ഹൈസ്കൂളിലെ "കൊച്ചുസാർ." എത്ര വിഷമമുള്ള ഒരു കാര്യം! അനുഭവസ്ഥർക്കു അറിഞ്ഞുകൂടും.

ഒരു കൊല്ലം അദ്ധ്യാപകനായിരുന്നതുകൊണ്ടും ഒരു കൊല്ലം അദ്ധ്യാപകവിദ്യാർത്ഥിയായിരുന്നതുകൊണ്ടും, എന്റെ വേഷവിധാനങ്ങൾക്കല്ലാതെ വീട്ടിനെസംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവും വരുത്താൻ എനിക്കു കഴിഞ്ഞില്ല അപ്പൻ ഇന്നും വലിയ വീട്ടിലെ ഇടപ്പണിക്കാരൻ. അതുകൊണ്ടു് വീടു് ഒരു വിധം പഴയതുപോലെ കഴിയുന്നു. ഇളയ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം, എന്റെ നോട്ടോട്ടത്തിൽ, ചവിട്ടിത്തേച്ച ഇലച്ചെടികൾപോലെ അവഗണിക്കപ്പെട്ടിരുന്നു.

വിശേഷം. ഹൈസ്കൂൾ അദ്ധ്യാപകൻ എന്തു മിച്ചമുണ്ടാക്കാനാണു്. എങ്കിലും വീടിനെക്കുറിച്ചു എന്റെ ഉള്ളു നുറുങ്ങിക്കൊണ്ടിരുന്നു. പട്ടണത്തിൽനിന്നും അകലെയല്ലാത്ത ഒരു ഗ്രാമത്തിലായിരുന്നു ആ സ്കൂൾ. അതിനടുത്തുള്ള ദേവാലയത്തിലായിരുന്നു ഞാൻ ഞായറാഴ്ചയും മററും ദിവ്യപൂജയിൽ സംബന്ധിച്ചതു്. ഒന്നുരണ്ടു് ആഴ്ച അങ്ങനെ കടന്നുപോയി. അവിടെയും പരിചയക്കാരായി. വിദ്യാർത്ഥികളിൽ പലരും അവരുടെ രക്ഷകർത്താക്കളും, അങ്ങനെ പലരെയും പരിചയപ്പെടുവാൻ തുടങ്ങി. അവരിൽ പലർക്കും എന്നെപ്പററി നല്ല അഭിപ്രായമാണെന്നറിവാൻ എനിക്കു കഴിഞ്ഞു. ചിലരൊക്കെ അവരുടെ വീടുകൾ സന്ദർശിക്കുവാൻ ക്ഷണിച്ചു. കൃതജ്ഞതാസ്ഫുരണത്തോടുകൂടി അവധിവച്ചു.

അദ്ധ്യാപകരിലും ചിലർ അന്നാട്ടുകാരുണ്ടായിരുന്നു. അതിൽ ഒരാൾ ആ പള്ളിയിടവകക്കാരനും. അദ്ദേഹത്തിന്റെ ക്ഷണം ഇടക്കിടെ നിരസിക്കുക സാധ്യമല്ലാതെ വന്നു. ഒരു ദിവസം അദ്ദേഹം എന്നെ അദ്ദേഹത്തിന്റെ മാതുലന്റെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. ഭംഗിയുള്ള ഒരു പുതിയ വീടു്. അവിടത്തെ ഒന്നുരണ്ടു കുട്ടികൾ ഞങ്ങളുടെ സ്കൂളിൽ പഠിക്കുന്നു. ആ വീട്ടുകാർ ഞങ്ങളെ ആദരപൂർവ്വം സൽക്കരിച്ചു. അവിടെ താമസസൗകര്യം ചൂണ്ടിക്കാണിച്ചു് അവർ എന്നെ ക്ഷണിച്ചു "ആ കുഞ്ഞുങ്ങൾക്കു വല്ലതുമൊക്കെ സൗകര്യംപോലെ പറഞ്ഞുകൊടുക്കണം!" ഞാനോർത്തു, ഹോട്ടലിൽ കൊടുക്കുന്ന പണം ലാഭിക്കാം. വീടിനെ സഹായിക്കാം. എങ്കിലും വേണ്ടെന്നുവെച്ചു.

എന്റെ സഹാദ്ധ്യാപകൻ വിട്ടില്ല. അദ്ദേഹത്തിന്റെ അന്തരംഗത്തിൽ ഒരു ഉദ്ദേശം മൊട്ടിട്ടതുണ്ടായിരുന്നു. നയചാതുര്യത്തോടെ അദ്ദേഹം അതെന്റെ മുമ്പിൽ അവതരിപ്പിച്ചു. "പെൺകുട്ടിയുടെ തള്ളയും അങ്ങനെ ഒരു താല്പര്യം എന്റെ പേരിൽ തോന്നിപ്പോവും. എന്റെ ആകിത്രത്തിനു് എന്റെ നേർക്കുള്ള അമിതമായ താല്പര്യത്തെക്കുറിച്ചു ഞാനോർത്തു അങ്ങനെ ആ പൂച്ച ചാക്കിനകത്തുതന്നെ ഇരുന്നുകൊണ്ടു് തലവെളിക്കുകാട്ടി ഒരു ശബ്ദം പുറപ്പെടുവിച്ചു, "ഞ്യാവോ!"

വലിയവീട്ടിൽ പറമ്പിലെ എന്റെ പാവപ്പെട്ടവീടും കുടുംബാംഗങ്ങളും എന്റെ കൺമുമ്പിൽ പല പ്രാവശ്യം മിന്നിമറഞ്ഞുപോയി. ഇവരിക്കാണെന്നതു് ഒരു ബി എസ്സ്‌സി-ബി റ്റിക്കാരനെ ചെറുപ്പക്കാരൻ. വളരെ ഉയർന്നുപോകാവുന്ന ഒരാൾ. പക്ഷെ, എന്റെ അവസ്ഥ! ഞാനന്ധാളിച്ചുപോയി.

(തുടരും)

![ad]

ESTD. 1927

# പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

പാലാ

31-12-1955

| | | |
|---|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | | 24,85,475 രൂപാ |
| കരുതൽ ധനം | ... | 14,60,819 രൂപാ |
| ആകെ ഡിപ്പോസിററ് | ... | 6,54,99,106 രൂപാ |
| രൊക്കമിരിപ്പും മററ ബാങ്കുകളിൽ നിക്ഷേപവും | | 1,18,32,059 രൂപാ |
| ഗവമ്മേണ്ടു കടപ്പത്രങ്ങളിലുള്ള നിക്ഷേപം | ... | 2,01,20,173 രൂപാ |
| ആകെ മുതൽ | ... | 7,10,39,655 രൂപാ |

കെ. ജോസഫ് ആഗസ്തി
മാനേജിംഗ് ഡയറക്ടർ

PC. 2096 (Rev)

## വിനോദവല്ലി

ഒരു വീട്ടുവേലക്കാരൻ ഭൂതത്തെ കണ്ട കഥ പറയുകയാണു്: "ഞാൻ പരപരാന്നു വെളുത്തപ്പം തൊഴുത്തിൽ ചെന്നു പശുവിനെ കറന്നു. പുറത്തേക്കു കടന്നപ്പോൾ കണ്ടാം ഒരു ഭൂതം! ഞാൻ ഞെട്ടിപ്പോയി. പിന്നെന്തുണ്ടായി എന്നു ഒരു ഇമ്പുമില്ല."

കേൾവിക്കാരിൽ ഒരാൾ:— "താൻ വിറച്ചോ? പാല്പാത്രത്തിൽനിന്നു തുളുമ്പിപ്പോയോ?"

വേലക്കാരൻ:-"വിറച്ചോന്നു്? വീട്ടിൽ വന്നുനോക്കിയപ്പോൾ പാത്രത്തിൽ പാലല്ല, ഒരു തൈർ കട്ടമാത്രം!"

x x x



"ഈ കൊടുംവെയിലത്തു് ഇവിടെ കത്തിച്ചിട്ട സിഗരററു കുററി ആരുടെയാണെടോ?"

"ഓ അതെന്റെ വകയാ. ചേട്ടനു വേണേലെടുത്തോ. ഞാൻ സമ്മതിച്ചിരിക്കുന്നു."




"ഈ പട്ടിയേം പൂച്ചേമൊന്നും ബസ്സിക്കേററരുതു് കേററരുതന്നു് പതിനായിരം തവണയല്ല ഞാനീ കണ്ടക്ടറോടു് പറയുന്നു. ഇന്നിപ്പോ കൈക്കു കടികൊണ്ടതു് ഡ്രൈവർക്കല്ലേ. കണ്ടക്ടറക്കു നഷ്ടോന്നുമില്ലല്ലോ."

Reg. No. M. 2293

# Sathya Deepam

Vol. 29 | Ernakulam April 25 1956 | No. 36




# ബാലരംഗം

## ലൂർദ്ദിലെ അത്ഭുത അരുവിയുടെ ഉത്ഭവകഥ

(അലക്സാണ്ടർ ചെമ്പിത്താനം Reg. No. 7)

ഭുവനപ്രസിദ്ധങ്ങളായ തീർത്ഥകകേന്ദ്രങ്ങളിൽ പ്രഥമസ്ഥാനമർഹിക്കുന്ന ഒന്നാണ് ലൂർദ്ദ്. അവിടെ നടക്കുന്ന അത്ഭുതങ്ങളെ പത്രമാസികകളിൽനിന്ന് ദിനംപ്രതി നാം വായിക്കാറുണ്ടല്ലോ. അതിനാൽ അവയ്ക്കു കാരണമായ ബെർണ്ണദീത്തയേയും, കൊച്ചരുവിയേയുംപറ്റി സ്വല്പം ചിന്തിക്കാം.

പത്തൊൻപതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ആന്രേ സായു എന്നൊരു മുതലാളിയുടെ കാരുണ്യത്തിൽ ലൂർദിലുള്ള ഒരു കൊച്ചുകുടിലിൽ ഒരു കുടുംബം താമസമാക്കി. ഏതോ കള്ളക്കേസിൽ പിടിക്കപ്പെട്ട് ഗൃഹനാഥൻ സൗബീറാ ജയിൽവാസമാണ്. ഭാര്യ ലൂയിസെയും തന്റെ പൊന്നോമനമക്കൾ ബെർണ്ണദീത്തയും, ടോയിനററ് മേരിയുമൊത്ത് നരകയാതനകളനുഭവിച്ച് ആ കൊച്ചുകുടിലിൽ കഴിച്ചുകൂട്ടുകയാണ്.

ബെർണ്ണദീത്തയ്ക്കു ഏതാണ്ട പതിന്നാലുവയസ്സോളമായി. എങ്കിലും എഴുതുന്നതിനോ വായിക്കുന്നതിനോ അപ്രാപ്തയാണവൾ. പക്ഷെ അവൾക്കൊന്നറിയാം, തന്റെ സ്നേഹധനനായ ഈശോയോടും അവിടുത്തെ മാതാവിനോടും ഏറെയാഗ്രഹത്തോടെ പ്രാർത്ഥിക്കുവാൻ.

1854 ലെ തണുപ്പുള്ളൊരു വ്യാഴം. പ്രഭാതഭക്ഷണം കഴിഞ്ഞപ്പോൾ ബെർണ്ണദീത്ത പറഞ്ഞു: "ഇനി ഒരുതരി വിറകുപോലുമില്ലല്ലോ. എങ്ങനെ ഉച്ചഭക്ഷണം തയ്യാറാക്കും?"

"അതിനെന്താ മോളേ, ഞാൻ പോയി വിറകുകൊണ്ടുവരാമല്ലോ" ലൂയിസെ മറുപടിപറഞ്ഞു. ചെറുപ്പംമുതൽ ഏങ്ങൽരോഗബാധിതയായ ബെർണ്ണദീത്തയെ ഈ തണുപ്പത്ത് വിറകുപെറുക്കുവാൻ വിടുക! അതവർക്കു ചിന്തിക്കപോലും സാദ്ധ്യമല്ല. പക്ഷെ ബെർണ്ണദീത്തയ്ക്കുതു സ്വീകാര്യമായില്ല.

ഈ സമയംകൊണ്ട് ടോയിനററ് മേരി അയൽക്കാരി ജിയാനിയേയും കൂട്ടിക്കൊണ്ടെത്തിക്കഴിഞ്ഞു. ആ മൂന്നു കൂട്ടുകാരികളുംകൂടി ലൂയിസെയെ നിർബന്ധിച്ചുതുടങ്ങി. അങ്ങനെ ആ മാതാവ് അവരുടെ ന്യായവാദത്തിനുമുമ്പിൽ തലകുനിച്ചു.

ഗേവ്നദിയുടെ തീരംവഴി ആടിയും പാടിയും ആ കളിത്തോഴികൾ മുന്നോട്ടുനീങ്ങി. വഴിയിൽവച്ച് വിഗ്ഗനോ എന്ന പരിഹാസപ്പേരോടുകൂടിയ മരിയസമാറയെ അവർ കണ്ടുമുട്ടി. അവൾ വിറകുകിട്ടുന്ന ചില സ്ഥലങ്ങൾ അവർക്കു പറഞ്ഞുകൊടുത്തു.

അവർ മാസാബിയേയിൽ എത്തിയതോടെ ഒരുഗ്രൻ പാറക്കെട്ടു അവരുടെ യാത്രയെ തടഞ്ഞുനിറുത്തി. അതിനപ്പുറം ചെന്നാലെ വിറകു ലഭിക്കു. അതിനാൽ മേരിയും ജിയാനിയും പെട്ടെന്നു നദിനീന്തി അപ്പുറംകടന്നു; കാരണം പാറ കയറിയിറങ്ങുക അപകടകരമാണ്. അങ്ങനെ ബെർണ്ണദീത്തമാത്രം അവിടെ ശേഷിച്ചപ്പോൾ ആ ഏകാന്തതയിൽ അവൾക്കു ഭയംതോന്നി. തന്റെ സുഖക്കേടിനെ വകവയ്ക്കാതെ നദിനീന്തുവാൻതന്നെ അവളും തീരുമാനിച്ചു ചെരിപ്പു കാലിൽനിന്നും ഊരി. അപ്പോൾ അതാ, അതിശക്തിമത്തായൊരു രവം കേൾക്കുന്നു! അവൾ ചുററും നോക്കി. പാറക്കൂട്ടത്തിനരികിൽ നില്ക്കുന്ന ഒന്നുരണ്ടു വൃക്ഷങ്ങളൊഴിച്ച് മററുള്ളവയെല്ലാം നിശ്ചലം നിലകൊള്ളുന്നു! അവളുടെ ഭയം വർദ്ധിച്ചുതുടങ്ങി. പക്ഷെ ഈവിധ പ്രയാസങ്ങളിൽനിന്നു രക്ഷപെടുന്നതിനുള്ള മാർഗ്ഗം അവൾക്കറിയാം. അവൾ കൊന്തയെടുത്തു പ്രാർത്ഥിക്കുവാൻ.

അപ്പോഴേക്കും അതിസൗന്ദര്യവതിയായ ഒരു സ്ത്രീ അവളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയായി. പുഞ്ചിരിയുതിരുന്ന വദനവും, പ്രഭാവലയത്താൽ ചുററപ്പെട്ട സ്വരൂപവും, കൈയിൽ കൊന്തയും! ആ കാരുണ്യവതിയെ കണ്ടതോടെ അവൾ അത്ഭുതസ്തബ്ധയായി എങ്കിലും അവൾ പ്രാർത്ഥിക്കുവാൻതന്നെ തീരുമാനിച്ചു. പക്ഷെ കുരിശുവരയ്ക്കുവാൻ കൈ ഉയരുന്നില്ല. ഉടൻ ആ സുന്ദരി കുരിശുവരയ്ക്കുകയായി. അവൾ ഒന്നുകൂടി ശ്രമിച്ചു അത്ഭുതം! അവൾക്കിപ്പോൾ നിഷ്പ്രയാസം കുരിശുവരയ്ക്കാം. അങ്ങനെ അവൾ പ്രാർത്ഥനതുടങ്ങി. ആ അവസരത്തിലും ആ സുന്ദരരൂപിണിയിൽ തന്നെ അവൾ ദൃഷ്ടിയുറപ്പിച്ചിരുന്നു. അവളുടെ പ്രാർത്ഥന അവസാനിച്ചതോടെ ആ സ്ത്രീയും അപ്രത്യക്ഷയായി.

*   *   *

ദിവസങ്ങൾ പല പല അത്ഭുതങ്ങളും പ്രവർത്തിച്ചുകൊണ്ട് മുന്നോട്ടുപോയി. ബെർണ്ണദീത്തയ്ക്കു ദൈവജനനി പ്രത്യക്ഷപ്പെട്ടതിന്റെ മൂന്നാംവ്യാഴാഴ്ചയായ ഫെബ്രുവരി ഇരുപത്തഞ്ചു ഉദയംചെയ്തു. ഈ പ്രത്യക്ഷവാർത്ത കർണ്ണാകർണ്ണികയാ അറിഞ്ഞ് ജനലക്ഷങ്ങൾ മാസാബിയേയിൽ ഓടിക്കൂടിത്തുടങ്ങി. ജനനിയനുഗ്രാനത്തിനായി ഭവന്മാരും അധികാരികളും, ഈ "പൊട്ടിപ്പെണ്ണി"ന്റെ വിക്രിയകൾ കണ്ടറിഞ്ഞ് വിമർശിക്കുവാൻ "പുരോഗമനവാദി"കളും, പ്രാർത്ഥനാനിരതരായ ഭക്തജനങ്ങളും, അങ്ങനെ ഒരു വൻപിച്ച ജനാവലിതന്നെ അന്ന് മാസാബിയാ ഗുഹാപ്രദേശത്തുകൂടി.

ബെർണ്ണദീത്ത പതിവുപോലെ കൊന്തയുമേന്തി ഗുഹാമുഖത്തിൽ മുട്ടുകുത്തിക്കൊണ്ട് പ്രാർത്ഥനയാരംഭിച്ചു. പെട്ടെന്നു ദിവ്യജനനി പ്രത്യക്ഷയായി. ഒരു പ്രത്യേക സ്ഥലം ചൂണ്ടിക്കാട്ടിക്കൊണ്ട് അവളോടാവശ്യപ്പെട്ടു: "നീ അതിൽ നിന്നു കുടിക്കയും അതിൽ കുളിക്കയും ചെയ്യുക" എന്ന്. ബെർണ്ണദീത്ത നോക്കിയപ്പോൾ കുറേ ചെളിവെള്ളം കെട്ടിനില്ക്കുന്ന ഒരു കൊച്ചുകുഴിയാണു കണ്ടതു. അവൾ അതിനെ സമീപിച്ച് കൈകൊണ്ടു മാന്തി കുഴി കുറേക്കൂടി വലുതാക്കി. അതിനുശേഷം ആ ചെളിവെള്ളം കുറച്ചു കുടിക്കയും അതുകൊണ്ടുതന്നെ മുഖം കഴുകുകയും ചെയ്തു. അന്നുമുതൽ ആ നീരുറവ വലുതായിത്തുടങ്ങി. അതു് ഏതാണ്ട് 27000 ഗാലൻ വെള്ളം പുറപ്പെടുവിക്കുന്ന ഒരു നീരുറവയായിത്തീർന്നിരിക്കയാണിന്ന്. ഈ ജലം കുടിക്കയും ഇതിൽ കുളിക്കയും ചെയ്തതുമൂലം ഉണ്ടായിട്ടുള്ള അത്ഭുതരോഗശമനങ്ങൾ നിരവധിയാണ്. ഇന്നും അതേ അത്ഭുതങ്ങൾ അവിടെ നടന്നുകൊണ്ടുമിരിക്കുന്നു.

അങ്ങനെ അവശർക്കും, അശരണർക്കും ആശാകേന്ദ്രമായും, ഭൗതികവാദികൾക്കും നിരീശ്വരർക്കും ഒരു വെല്ലുവിളിയായും ലൂർദ്ദ് ലോകപ്രസിദ്ധയായി ഇന്നു വിരാജിക്കുന്നു. നമ്മുടെ പരിശുദ്ധാംബയുടെ അനുഗ്രഹങ്ങൾ എല്ലാക്കാലത്തും ഇതുപോലെ വർഷിക്കുമാറാകട്ടെ.

### 67-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—രാത്രി

### പ്രശ്നം നമ്പ്ര് 68

(ടി. ജെ. സെബാസ്റ്റ്യൻ Reg. No. 39)

ലോകത്തിൽ എന്നെപ്പോലുള്ളവക്കാണ് ഇന്നു വലിയ പ്രാധാന്യം. ജനങ്ങളെല്ലാം അങ്ങോട്ടാകർഷിക്കപ്പെടുന്നു. അവിടെ സുഖസൗകര്യങ്ങളും ആനന്ദങ്ങളും അടിക്കടി വർദ്ധിക്കുകയാണ്. എന്റെ പേരിനു മൂന്നക്ഷരംമാത്രം. ഒന്നും രണ്ടും അക്ഷരങ്ങൾ ചേർന്നാൽ വൃക്ഷത്തിന്റെ തൊലി എന്ന അർത്ഥംവരും. ഒന്നും മൂന്നും അക്ഷരങ്ങൾ ചേർന്നാൽ ഒരു നാണയമായി മാറും. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

### മനക്കണക്ക്

(എ. സി. ജയിംസ് Reg. No. 30)

എന്റെ അപ്പനു 52 വയസ്സും എനിക്കു 21 വയസ്സും പ്രായമുണ്ട്. ഞാൻ അപ്പനോടു എന്റെ വീതം സ്വത്താവശ്യപ്പെട്ടു. അപ്പൻ പറയുകയാണ്, നിനക്കു എന്റെ വയസ്സിന്റെ പകുതിവയസ്സു വരുമ്പോൾ നിനക്കു ഞാൻ വീതംതരാം. എത്ര കൊല്ലം കാത്തിരുന്നാൽ എനിക്കു സ്വത്തു വീതിച്ചുകിട്ടും?

(ഉത്തരം അടുത്തതിൽ)

## വീട്ടപകടങ്ങൾ

[ശിവറാം]

സെക്കൻറ് ഫാറത്തിൽ പഠിച്ചുകൊണ്ടിരുന്ന ജോയ്കുഞ്ഞ് പഠിത്തം നിറുത്തി. അവന്റെ പെങ്ങൾ ശോശാമ്മയുടെ മനസ്സമ്മതം കഴിഞ്ഞു വെച്ചിരുന്ന കല്യാണം നടന്നില്ല. ഇളയ രണ്ടു കുട്ടികൾക്ക് സുഖമില്ലാതിരിക്കയാണ്. ജോയ്കുഞ്ഞിന്റെ അമ്മ ത്രേസ്യാമ്മ സങ്കടത്തിൽ മുങ്ങി യാതൊരു എത്തും പിടിയുമില്ലാതെ കുട്ടികളുടെ മദ്ധ്യത്തിൽ കണ്ണുനീരിൽ കുളിച്ച് കുത്തിയിരിക്കുന്നുണ്ട്.

ഇപ്പോൾ അയൽവക്കത്തുള്ളവരുടെവരവും നിലച്ചിരിക്കയാണ്. സ്വന്തം വീട്ടിൽനിന്നും പെട്ടിയും കെട്ടുമായി പതിനാറുകൊല്ലം മുമ്പു പൈലിയുടെ പിറകെ ഇറങ്ങിത്തിരിച്ച ത്രേസ്യാമ്മ സുന്ദരസ്വപ്നങ്ങളേ കണ്ടിരുന്നുള്ളു. ഇന്ന് അവളുടെ ദുഃഖത്തിൽ പങ്കുകൊള്ളാനും സഹായിക്കാനും സ്വന്തവീട്ടിലാരുമില്ല. അവർക്ക ആ കുടുംബം സുഖമായി കഴിഞ്ഞുകൂടുകയായിരുന്നു.

കുറെ ദിവസങ്ങൾ മുമ്പൊരു ചൊവ്വാഴ്ച രാവിലെ മഴുവും തൂക്കിപ്പിടിച്ച് ഭാര്യയോടു യാത്ര പറഞ്ഞു, വിറകു വെട്ടാൻ പോയതാണ് പൈലി, സ്വാമിയുടെ മരത്തിൽ. നീണ്ട് ആകാശം മുട്ടുന്നെന്നു തോന്നുന്ന ഒരു മാവിന്റെ മുകളിൽ കേറി വടക്കോട്ടു പോയ ഏരം വെട്ടിച്ചാടിക്കാനാണ് പൈലിക്കു നിർദ്ദേശം കിട്ടിയതു്. ഉത്തരവു കിട്ടേണ്ട താമസം, പൈലി മാവിനു മുകളിലേക്ക് കേറി. നിന്നു് ആഞ്ഞു വെട്ടാൻ മരങ്ങളില്ലാതിരുന്നിട്ടും അയാൾ ഏരം മുറിച്ചുതുടങ്ങി. ആഞ്ഞുള്ള വെട്ടലിൽ അയാളുടെ കാൽ വഴുതി. മാവിനു ചുവട്ടിലൊരു വലിയ ശബ്ദം കേട്ടു... ഏരം മുറിഞ്ഞുവീണതല്ല അതു്, വെട്ടാൻ കേറിയ പൈലി അലച്ചു വീണ ശബ്ദം-!!


അങ്ങിനെ ആ ദിവസം പൈലിയുടെ വീട്ടിൽ തികത്തിച്ചില്ല. കണ്ണുനീരും കരച്ചിലുംമാത്രമായിരുന്നു അവിടെയുണ്ടായിരുന്നതു്.

ഉടയവൻ പോയ ആ വീട്ടിലെ ഗൃഹനായിക ത്രേസ്യാമ്മയും 4 കുട്ടികളും ഇനിയും അനേകം കൊല്ലങ്ങൾ ജീവിക്കണം. എങ്ങിനെ ജീവിക്കും! ഈശ്വരൻ വഴിയുണ്ടാക്കുമെന്നു സമാധാനിക്കാം.

അപായങ്ങൾ തനിയെ വരുന്നില്ല. അവയെ വരുത്തിവെക്കുന്നതാണെന്നു് ദൃഷ്ടാന്തങ്ങളിൽ നിന്നും തെളിഞ്ഞിട്ടുണ്ട്.

ഏതു ജോലിയും ശ്രദ്ധാപൂർവ്വം സുരക്ഷിതമായി ചെയ്യേണ്ടതാണ്. അവനവന്റെയും മററുള്ളവരുടെയും രക്ഷയെ അവഗണിച്ച അത്ര തിടുക്കത്തിൽ ചെയ്യേണ്ട കാര്യമൊന്നുംതന്നെ ഈ ലോകത്തിലില്ല.

ഏതു പ്രവൃത്തി ചെയ്യുമ്പോഴും ഇക്കാര്യം നന്നായോർമ്മിക്കുക.



"പ്രവൃത്തിക്കു പോകുന്ന നിങ്ങൾ സുരക്ഷിതനായി വീട്ടിലെത്തണമെന്നാണവരുടെ പ്രതീക്ഷ."

തോർമ്മിക്കുമ്പോൾ ദൈവത്തെ വിളിച്ച് വിങ്ങിപ്പൊട്ടിക്കരയുവാൻ മാത്രമേ സാധിക്കുന്നുള്ളു.

വിറകു വെട്ടിയാണ് പൈലി കുടുംബം സംരക്ഷിച്ചുപോന്നതു്. ഏതു മരത്തിലും പൈലി കേറും—എത്ര ഏത്താത്ത കൊമ്പും വെട്ടിച്ചാടിക്കും—ഏതു കിറാമുട്ടിയും കോടാലികൊണ്ടടിച്ച് തകർത്തുപൊട്ടിച്ച വിറകാക്കും. വൈകുന്നേരം എല്ലാവരും ഒരു ദ്രുപാസ്സു വേലചെയ്തു പോരുമ്പോൾ പൈലി 4 രൂപായുടെ നാണയങ്ങളുമായി വീട്ടിലെത്താറുള്ള.

പ്രവൃത്തിക്ക് തിരിക്കുന്ന നിങ്ങൾ സുരക്ഷിതമായി വീട്ടിലെത്തണമെന്നാണ് വീട്ടിലുള്ളവർ ആശിക്കുന്നതു്. അവരെ ഒരു ദിവസവും ഒരു നിമിഷവും നിരാശരാക്കാതെ ഓരോ വ്യക്തിയും ശ്രദ്ധിക്കേണ്ടതാണ്!

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1.